PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

THIRD SESSION—1952.

Monday, the 3rd November 1952.

Vol. VII. **OFFICIAL REPORT** **No. 5.**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 3rd November, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ബസ്സുകളുടെ അറസ്റ്റ്.

* ൨൨൫. [൧] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ടെസ്റ്റുചെയ്യാതെയും, ടാക്സ് അടയ്ക്കാതെയും ബസ്സുകൾ ഓടിച്ച കുറ്റത്തിന് കോട്ടയത്തുള്ള സ്വരാജ് കമ്പനിവക ബസ്സുകൾ അറസ്റ്റുചെയ്തിരുന്നോ; ചെയ്തിരുന്നെങ്കിൽ എത്ര ബസ്സുകൾ;

(ബി) പിന്നീട് അവ വിട്ടയയ്ക്കുവാനും അങ്ങനെ ഓടിക്കുന്ന ബസ്സുകളെ അറസ്റ്റ് ചെയ്യാതിരിക്കാനും ഗവണ്മെന്റിൽനിന്നും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എന്തുകൊണ്ടാണ് ജായിന്റ് ടെസ്റ്റിംഗ് ഏർപ്പെടുത്തുവാനും പിന്നീട് വേണ്ടെന്നുവയ്ക്കാനും കാരണം?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ടെസ്റ്റുചെയ്യാതെ ഓടിച്ച കുറ്റത്തിന് ൧൪ ബസ്സുകൾ അറസ്റ്റുചെയ്തിട്ടുണ്ട്.

(ബി) പോലീസുകാർ പിടിച്ച് കോടതിമുമ്പാകെ ഹാജരാക്കിയ ബസ്സുകൾ സ്വരാജ് കമ്പനിക്കാരുടെ അപേക്ഷപ്രകാരം കോടതിയിൽ നിന്നും വിട്ടുകൊടുത്തു. ടെസ്റ്റുചെയ്യേണ്ട സമ്പ്രദായത്തെപ്പറ്റി അധികൃതരും ബസ്സുടമസ്ഥരും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസത്തെത്തുടർന്ന്

ടെസ്റ്റിംഗ് നടത്തുന്നതിന് ബസ്സ് ഉടമസ്ഥൻ വിസമ്മതിച്ചു. ഈ സംഗതി അവസാനമായി തീരുമാനിക്കുകയും അക്ടോബർ 1-ാംതീയതിക്കകം ഗവണ്മെൻറ് നിർദ്ദേശിച്ച രീതിയിൽ ടെസ്റ്റിംഗ് നടത്തണമെന്നു നിർദ്ദേശിക്കുകയും അതുവരെ ബസ്സുകൾ അറസ്റ്റ്ചെയ്യുവാൻ പാടില്ലെന്നു നിർദ്ദേശിക്കുകയുംചെയ്തു.

(സി) കൂടുതൽ കാര്യക്ഷമമായി ടെസ്റ്റിംഗ് നടത്തുവാൻ സാധിക്കുമെന്നു തോന്നിയതുകൊണ്ടും ഉളിന വിരോധമാകകൊണ്ടും ബസ്സുടമസ്ഥന്മാർക്കുള്ള അസൗകര്യവും പരിഗണിച്ചും അതു പിന്നീട് നിറുത്തൽചെയ്തു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഒരു നമ്പരിൽ സ്വരാജ് വക പല ബസ്സുകൾ ഓടുന്നതായി ആരിൽനിന്നെങ്കിലും ഗവണ്മെൻറിന് പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അക്ടോബർ 1-ാംതീയതിക്കുശേഷം ടെസ്റ്റ്ചെയ്യുന്നതിനുള്ള കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സ്വരാജ് ബസ്സുകൾ ഓടുന്ന ലൈനിൽ ഗോമതി ബസ്സിനും പുതുതായി ട്രാൻസ്പോർട്ട് അതോറിററി ലൈസൻസുകൾ കൊടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സ്വരാജ് ബസ്സുകൾ പല സ്ഥലത്തും ഓടുന്നുണ്ട്. അതുകൊണ്ട് ഇങ്ങനെ ചോദിച്ചാൽ മറുപടി പറയാൻ വിഷമമാണ്.

Mr. Speaker: May I remind the hon. Members that in asking supplementary questions they should put definite questions?

ശ്രീ. കെ. ജെ. തോമസ്: അറസ്റ്റ ചെയ്യപ്പെട്ട ബസ്സുകൾ സ്വരാജ് കമ്പനിയുടെ സ്വാധീനശക്തികൊണ്ട് വിട്ടുകിട്ടിയതിനാൽ പോലീസിൻെറ മൊറൈൽ നശിച്ചു എന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സ്വരാജ് കമ്പനിയുടെ സ്വാധീനശക്തികൊണ്ടല്ല വിട്ടുകൊടുത്തിട്ടുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പെർമിററില്ലാത്ത ബസ്സുകൾ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അങ്ങനെ എത്ര ബസ്സുകൾ അറസ്റ്റ ചെയ്തിട്ടുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിന് ഒരു പ്രത്യേക ചോദ്യംതന്നെയുണ്ട്. അതിനുത്തരം പറയുമ്പോൾ ഇതെല്ലാം വിശദമായി അറിയാം.

Mr. Speaker: There is a separate question regarding that matter.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ടെസ്റ്റ്ചെയ്യാത്തതും ടാക്സ് അടയ്ക്കാത്തതുമായ എല്ലാ ബസ്സുകളും ഈ ചോദ്യത്തിൽ ഉൾപ്പെടുന്നുണ്ട്. അതുകൊണ്ടാണ് ഞാൻ ഈ ചോദ്യം ചോദിച്ചതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ടാക്സ് അടയ്ക്കാത്ത കാരണം കൊണ്ട് ബസ്സുകൾ അറസ്ററ ചെയ്തിട്ടില്ല. ടെസ്ററ ചെയ്യാത്ത കാരണം കൊണ്ടാണ് അറസ്ററ ചെയ്തിട്ടുള്ളത്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ജായിൻറ് ടെസ്റ്റിംഗ് വേണമെന്നു തീരുമാനിച്ചതു് എന്നാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോൾ നല്ല നിശ്ചയമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ജായിൻറ് ടെസ്റ്റിംഗ് വേണമെന്നു വച്ചതു് എന്തുകൊണ്ടാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ടെസ്റ്റിംഗ് കൂടുതൽ കാര്യക്ഷമമാക്കിത്തീക്കാമെന്നുവച്ചാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പിന്നെ അതു മാററിയതു് കാര്യക്ഷമത കുറയുമെന്നു വിചാരിച്ചാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: റൂളിനു വിരോധമാകകൊണ്ടും ബസ്സുടമസ്ഥന്മാക്കുള്ള അസൗകര്യം പരിഗണിച്ചുമാണ് അതു മാററിയതെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: റൂളിനു വിപരീതമെന്നുള്ളതു് കോടതി വിധിയാണോ മന്ത്രിയുടെ അഭിപ്രായമാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗവണ്മെൻറിനു ലഭിച്ച നിയമോപദേശമാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: നിയമോപദേശം ലഭിക്കാതെയാണോ ജായിൻറ് ടെസ്റ്റിംഗ് ഏർപ്പെടുത്തിയതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയായിരിക്കാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: നിയമോപദേശം കിട്ടാതെ എന്തുകൊണ്ടാണ് ജായിൻറ് ടെസ്റ്റിംഗ് ഏർപ്പെടുത്തിയതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എല്ലാ കാര്യങ്ങളും നിയമോപദേശം ലഭിച്ചശേഷമല്ല ചെയ്യുന്നതു്. എന്തെങ്കിലും പരാതിവരുമ്പോൾ നിയമോപദേശം ആരായും.

ശ്രീ. എൻ. രാജഗോപാലൻ നായർ: ടെസ്ററ ചെയ്യാത്ത എത്ര ബസ്സുകൾ സ്വരാജ് കമ്പനിവക ഉണ്ടായിരുന്നുവെന്നു ഈ ഇടപെടൽ മുഖേന ഗവണ്മെൻറിനു മനസ്സിലായിട്ടുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൧൪ ബസ്സുകൾ.

ശ്രീ. എൻ. രാജഗോപാലൻ നായർ: ൧൪ ബസ്സുകൾ മാത്രമാണ് ടെസ്ററചെയ്യാതിരുന്നതെങ്കിൽ അതിലേക്ക് അക്ടോബർ ൭-ാം തീയതി വരെ കാലാവധി നീട്ടിക്കൊടുക്കാൻ കാരണമെന്താണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനുശേഷം ടെസ്ററ ചെയ്യേണ്ടിവരുന്ന വണ്ടികൾക്കുംകൂടി ചേർത്താണ് ഈ കാലാവധി വച്ചിട്ടുള്ളതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: എന്നാണ് ആർഡർ പുറപ്പെടുവിച്ചതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അക്‌ടോബർ ഏഴിനു് പത്തുദിവസം മുമ്പായിരിക്കണം.

ശ്രീ. എൻ. രാജഗോപാലൻ നായർ: അക്‌ടോബർ ൧-ാംതീയതിക്കകം എല്ലാ ബസ്സുകളും ടെസ്റ്റ്ചെയ്യുകയും ടാക്സ് അടയ്ക്കുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനുശേഷം യാതൊരറിവും ഇല്ലാത്തതുകൊണ്ടു് അങ്ങനെ ചെയ്തിട്ടുണ്ടെന്നു വിശ്വസിക്കുന്നു.

ശ്രീ. എൻ. രാജഗോപാലൻ നായർ: അക്‌ടോബർ ൧൮-ാം തീയതി വരെ നീട്ടിക്കൊണ്ടു് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ കമ്പനിവക ടാക്സ് അടയ്ക്കാത്തതും ടെസ്റ്റ്ചെയ്യാത്തതുമായ ബസ്സുകൾ ഓടുന്നതായി ഒരു നാരായണപിള്ള ഐ. ജി.-ക്കു് എഴുതിയിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എനിക്കു് അറിയാൻ പാടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഐ. ജി. ബസ്സുകൾ അറസ്റ്റ്ചെയ്തു് നിയമം നടത്താൻ ശ്രമിച്ച അവസരത്തിൽ ൧൦ ദിവസത്തേക്കു് നിയമം സ്തംഭിപ്പിക്കാൻ കാരണമെന്താണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നിയമം സ്തംഭിപ്പിച്ചിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: അക്‌ടോബർ ൧-ാംതീയതി വരെ ടാക്സ് അടയ്ക്കാൻ സമയം നൽകിയതു് നിയമം സ്തംഭിപ്പിക്കലല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ൧൦ ദിവസംമുമ്പു് ആർഡർ പുറപ്പെടുവിച്ചു എന്നു് ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കുമ്പോൾ ആ പത്തുദിവസം നിയമം അനുസരിക്കാതെ ബസ്സുകൾ ഓടാമെന്നല്ലേ വരുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിന്റെ അർത്ഥം അങ്ങനെയല്ല. ഞാൻ മുമ്പു പറഞ്ഞ ഉത്തരത്തിൽനിന്നും അതു വ്യക്തമാകും.

ശ്രീ. എൻ. രാജഗോപാലൻ നായർ: അക്‌ടോബർ ൧-ാംതീയതി വരെ ടെസ്റ്റ്ചെയ്യാതെയും ടാക്സ് അടയ്ക്കാതെയും ബസ്സുകൾ ഓടാൻ അനുവദിക്കുമ്പോൾ—

Mr. Speaker: Hon. Members must know that supplementary questions can be asked only to elucidate some point which may arise from the answer given. Questions of subtle difference in law points and interpretations of words and statutes are absolutely irrelevant as supplementaries.

ശ്രീ. എൻ. രാജഗോപാലൻനായർ: അങ്ങനെയാണെങ്കിൽ ബസ്സുകൾ ഓടുന്നതിനു് ടെസ്റ്റ്ചെയ്യണമെന്നും സമയാസമയങ്ങളിൽ ടാക്സ് അടയ്ക്കണമെന്നും നിയമമില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: പത്തുദിവസത്തേക്ക് അതു ചെയ്യുമെന്നു പറഞ്ഞാൽ അതു നിയമം സ്തംഭിപ്പിക്കലല്ലേ ?

Mr. Speaker: The question is disallowed.

ശ്രീ. എൻ. രാജഗോപാലൻ നായർ: പോലീസ് അന്വേഷണത്തിന്റെ ഫലമായിട്ടാണോ ഈവക വിവരങ്ങൾ ഗവൺമെന്റിനു കിട്ടിയതു് ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അറസ്ററചെയ്ത വിവരങ്ങൾ പോലീസിൽനിന്നാണു കിട്ടിയതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ടെസ്ററ ചെയ്യാതെയും ടാക്സ് അടയ്ക്കാതെയും ബസ്സുകൾ ഓടുന്നുവെന്നുള്ള വിവരം സി. ഐ. ഡി. യിൽനിന്നാണോ കിട്ടിയതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സി. ഐ. ഡി. മുഖേന ഈ വിവരങ്ങൾ അന്വേഷിച്ചു മനസ്സിലാക്കിയിട്ടില്ല. പോലീസ് മുഖേനയാണ്.

ശ്രീ. ആർ. കേശവപിള്ള : ഈ സൗജന്യങ്ങൾ സ്വരാജ് കമ്പനിക്കമാത്രമേ കൊടുത്തിട്ടുള്ളോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : സൗജന്യം കൊടുക്കുകയല്ല ചെയ്തിട്ടുള്ളതു്. എല്ലാ കമ്പനികൾക്കും ഈ ആർഡർ ബാധകമാണ്.

ശ്രീ. കമ്പിളിശ്ശേരിൽ കരുണാകരൻ: ഈ സംഭവം സംബന്ധമായി ഒരു ഐ. ജി. വിരുദ്ധസമരം നടക്കുന്നതായി അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അറിയാൻ പാടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ കാര്യത്തെപ്പററി ഐ. ജി. യും ഗവൺമെന്റുമായി എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഐ. ജി. യെ ആക്ഷേപിച്ചു് സ്വരാജ് ഡയറക്ടർ മി. ശങ്കുണ്ണിപ്പിള്ളയുടെ പത്രത്തിൽ കാർട്ടൂൺ പ്രസിദ്ധപ്പെടുത്തിയതു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

Mr. Speaker : That is irrelevant.

Travancore-Cochin News.

✻226. [2] **Shri K. Bhanu:** Will the Minister for Home Affairs be pleased to state :

(*a*) the number of copies of Travancore-Cochin News printed and sold ;

(*b*) what steps are being taken to improve the quality of this publication and to extend its circulation among the ordinary people ;

(*c*) what are the circulation cost and sale proceeds of the same ; and

(*d*) what is the present strength of staff in the publication section ?

Minister for Home Affairs **(Shri T. M. Varghese) :**

(*a*) 2600 copies are now printed. There are at present 94 subscribers.

(*b*) The improvement of the quality of the publication is under consideration. The immediate reorganization of the department and the working thereof is in contemplation. The publication is now being supplied free to the libraries and reading rooms scattered all over the State.

(*c*) The cost of circulation *viz.*, postal charges came to Rs. 1731 for the year 1951-52. The total revenue received during the period towards sale proceeds came to Rs. 395-9-0.

(*d*) Two ; Editor and Assistant Editor.

Shri K. Bhanu : May I know whether it can be circulated in one language instead of the method of publishing it in three languages ?

Shri T. M. Varghese : That is not practicable or desirable.

Shri K. Bhanu : May I know whether copies are supplied free of cost outside the State.

Shri T. M. Varghese : Yes.

Shri K. Bhanu : To which places is this supplied free of cost ?

Shri T. M. Varghese : It is sent to the Public Relations Departments outside the State for circulation there.

Shri K. Bhanu : How many copies are supplied free of cost ?

Shri T. M. Varghese : Detailed statement in respect of the copies supplied freely is not prepared as it was not thought that this question would legitimately arise from the main question or the answers thereto and in fact it does not.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: ഈ മൂന്നു ഭാഷാവിഭാഗങ്ങളും വെവ്വേറെ തുന്നിക്കെട്ടി പ്രസിദ്ധപ്പെടുത്തുന്നതു് പ്രാക്ടിക്കബിളല്ലെന്നു പറഞ്ഞതു് എന്തുകൊണ്ടാണു്?

ശ്രീ. ടി. എം. വർഗ്ഗീസ് : ഒരുമിച്ചായിരുന്നാൽ ഓരോരുത്തർക്കും ഏററവും സൗകര്യമായി വായിച്ചു മനസ്സിലാക്കുന്നതിനു സാധിക്കും. ചിലർക്കു് മലയാളമായിരിക്കും അറിയാവുന്നതു്. മററു ചിലർക്കു് തമിഴോ ഇംഗ്ലീഷോ ആയിരിക്കും. ഓരോരുത്തരുടെയും ഭാഷാപരിജ്ഞാനം തിരക്കി അറിഞ്ഞു അതനുസരിച്ചു അതാതു ഭാഷയിലുള്ള പ്രസിദ്ധീകരണം അയയ്ക്കുക എന്നുള്ളതു് പ്രായോഗികമല്ല.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ : ഇതു വാങ്ങി വായിക്കുന്നവരോടു ചോദിച്ചാൽ അവർക്കു് ഏതു ഭാഷയിലാണു് വേണമെന്നുള്ളതു് അറിയാൻ കഴിയുകയില്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഒരാൾക്ക് അയച്ചാൽ ആ ആൾ മാത്രമായിരിക്കയില്ല വായിക്കുന്നത്. വളരെയാളുകൾ വായിക്കും.

ശ്രീ. ടി. എ. മജീദ്: ഇത് കാശുകൊടുത്തു വാങ്ങാൻ ആളില്ലാത്തതുകൊണ്ടാണോ സൗജന്യമായി കൊടുക്കുന്നത്?

ശ്രീ. ടി. എം. വർഗ്ഗീസ്: സൗജന്യമായി കൊടുക്കേണ്ട ആവശ്യമുള്ളതുകൊണ്ടാണ് കൊടുക്കുന്നത്.

ശ്രീ. ടി. എ. മജീദ്: ഇതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: വളരെ പ്രയോജനമുണ്ടെന്നാണ് അനുഭവത്തിൽ കാണുന്നത്.

Food Deficit.

* 227. [3] **Shri K. Bhanu:** Will the Minister for Civil Supplies be pleased to state:

(*a*) the estimated quantity of food deficit in the year 1952-1953; and

(*b*) the estimated quantity of food grains to be imported in 1953?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) 5,74,000 tons for the calendar year 1952 based on a 12 oz. ration. The deficit for 1953 has not been estimated but it will be more or less equal to the deficit for 1952.

(*b*) It is too early to know how much food grains will be allotted to this State for 1953, as the basic plan has not been finalised by the Government of India. It may however be stated that about 4 lakhs tons of foodgrains will have to be imported into the State in 1953.

Shri K. Bhanu: Are we not getting rice from outside India?

Shri Panampilli Govinda Menon: We are getting rice both from India and outside India.

Shri K. Bhanu: May I know whether there is any difference in the price of food we get from outside India?

Shri Panampilli Govinda Menon: The rice imported from outside India is costlier than the rice supplied to us from within India.

Shri K. Bhanu: Is there any idea as to wherefrom we will get foodgrains next year?

Shri Panampilli Govinda Menon: That question, namely, as to wherefrom we should get our food import from next year, has not been settled. It is likely that the substantial portion will be from outside India,

ശ്രീ. കെ. ജെ. തോമസ്: വണ്ടൻമേട്ട കാര്യത്തിൽ ഗവണ്മെന്റിന്റെ അസ്ഥിരമായ നയംമൂലം വളരെ അധികം നെല്ല് നഷ്ടപ്പെട്ടു പോയിട്ടുണ്ടെന്ന കാര്യം അറിയാമോ ?

Mr. Speaker : What is the relevancy of that question ? We are dealing with the question on food deficit. Next question.

Quilon-Ernakulam Railway Line.

❋ 228. [4] **Shri K. Bhanu :** Will the Minister for Works and Transport be pleased to state :

(a) whether the construction of the railway line from Quilon-Ernakulam has been started ; and

(b) if so, how far the work has proceeded ?

Minister for Works and Transport **(Shri Kalathil Velayuhhan Nair) :**

(a) No ;

(b) Does not arise.

Shri K. Bhanu : May I know whether the people from the coastal areas who are now unemployed will be taken for this work ?

Shri Kalathil Velayudhan Nair : Yes.

ശ്രീ. ആർ. കേശവപിള്ള: എന്നുതൊട്ട് ഈ പണി തുടങ്ങാനാണ് നിശ്ചയിച്ചിരിക്കുന്നത് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉടനെതന്നെ തുടങ്ങണമെന്നാണ് ഗവർമെന്റിന്റെ ആഗ്രഹം.

Palace Guards.

❋ 229. [5] **Shri P. S. Nataraja Pillai :** Will the Minister for Home Affairs be pleased to state :

(*a*) whether the personnel of the Palace Guards under Budget Head 'Police' form part of the Police Force ;

(*b*) are they governed by Police Act ;

(*c*) whether there is any difference in the terms of service of this personnel and other sections of the Police ; and

(*d*) is not the pay for different cadres in the Palace Guard similar to that of the Police ?

Minister for Home Affairs **(Shri T. M. Varghese) :**

(*a*) Yes ; a separate unit of the Police Force.

(*b*) Yes.

(*c*) None, except that promotions of officers in the Palace Guards are confined to that unit and that they will have no claim for transfer or promotion in the regular police force or Armed Reserve.

(*d*) Yes; except for the fact that three A. S. Ps. in the Palace Guards are receiving a personal scale of Rs. 275-325 which they are entitled to get as having been already in that scale in the Palace Guards.

Shri P. S. Nataraja Pillai: Are the officers in the Police Department of the same cadre and are they eligible for promotion in the whole department, or is the intention of the Government to have two cadres in the Police Department?

Shri T. M. Varghese: They are separate units; the question of cadres therefore does not arise. Except for the fact that all these branches are under the administrative control of the same officer, *viz.*, the Inspector General of Police, there is nothing in common in the matter of promotion or rank between this particular branch and the other branches of the police.

Shri P. S. Nataraja Pillai: With reference to part (c), are they entitled to exercise the powers conferred by the Police Act?

Shri T. M. Varghese: These officers are entitled to exercise all the powers which appertain to their office and are conferred on them to the extent to which those powers are necessary for the purpose of administering the affairs of their unit, namely, the Palace Guards.

Shri P. S. Nataraja Pillai: When powers are being conferred upon a section of officers under the Police Act, can they not exercise all the powers under the Act, for example, cognizable offences? If a person is arrested for a cognizable offence committed before the officer, can the officer arrest him?

Shri T. M. Varghese: Even a non-official may under certain circumstances, be entitled to do so if it be in conformity with the existing laws and regulations. But here, these officers have no such duties and functions. Investigation of crimes and the exercise of powers and functions incidental thereto are not within the scope of their duties or powers.

Shri A. Thanu Pillai: Are the number of officers in the different grades in the Palace Guards fixed at present because the present officers have to be provided places in those Guards, or, are the number of officers in the different grades permanently fixed without any reference to the number of officers that have to be provided now?

Shri T. M. Varghese: The number of officers in the Palace Guards has been subsequently fixed permanently without any reference to these officers who were previously appointed in the Palace Guards. The number and scale so fixed will stand except that these officers whose grade and salary have been previously fixed will be entitled to continue in the same grade and scale without being lowerd.

Shri A. Thanu Pillai: Since there are two units, may I know whether in the case of a vacancy arising in the Palace Guards, officers from the other branches of the Police Service may be promoted?

Shri T. M. Varghese: There cannot be any obstruction or objection to the officers in the other departments being appointed to new places in the Palace Guards. But as for regular promotions, I don't think officers in other branches of the Police can be allowed to advance a claim for promotion in the Palace Guards since promotions for officers in the Palace Guards unit are confined to vacancies in that unit only.

Shri A. Thanu Pillai: Can officers in the other unit, the ordinary police rank, be appointed in the Palace Guards when a vacancy arises in the Palace Guards ?

Shri T. M. Varghese: Palace Guards being a separate unit under the same head probably the Departmental head may make a recommendation to that effect when a chance arises for a new appointment. Even people outside the Police Department may be so appointed.

Shri A. Thanu Pillai: My question is this : in the case of a department, when a vacancy arises in a higher grade, an officer in a lower grade has a right to look up for the promotion, but in this case, can officers in the other section of the police, claim promotion to vacancies in the Palace Guards ? Suppose a vacancy of the post of an A. S. P. arises, will that go to an officer in the Palace Guards or to an officer in the other sections of the Police Department ?

Shri T. M. Varghese: In such a case I think the promotion in the Palace Guards unit must legitimately go to the officers of that unit.

Shri A. Thanu Pillai: So, there are really two departments under one Inspector General of Police.

Shri T. M. Varghese: Yes.

ശ്രീ. എൻ. രാജഗോപാലൻ നായർ : സ്റ്റേറ്റ് ഫോഴ്സിൽനിന്നും ഇവരെ പാലസ് ഗാർഡിലേയ്ക്കെടുത്തപ്പോൾ ഇന്ന് അവർക്കുള്ള റാങ്കുണ്ടായിരുന്നോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഇന്നുള്ള റാങ്കുതന്നെയല്ല ശമ്പളവും അന്നുണ്ടായിരുന്നു. അതായത് മേജർ, ക്യാപ്റ്റൻ ലഫ്ടനന്റ് അവരെ പാലസ് ഗാർഡിൽ ഈ ഉദ്യോഗങ്ങളിൽ നിയമിച്ചപ്പോൾ പാലസ് ഗാർഡും പോലീസും പരസ്പരബന്ധമില്ലാത്ത രണ്ടു ഡിപ്പാർട്ടുമെന്റുകളായിരുന്നു. പിന്നീടു പാലസ് ഗാർഡിനെ പോലീസ് ഡിപ്പാർട്ടുമെന്റിനോട് യോജിപ്പിച്ചപ്പോൾ ആ ഉദ്യോഗസ്ഥന്മാരുടെ സ്ഥാനപ്പേരുകൾ മേജർ എന്നും മററും തുടരാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു തത്തുല്യങ്ങളായ "ഡി. എസ്. പി" മുതലായ പേരുകളാണ് അവരുടെ സ്ഥാനങ്ങൾക്കു കൊടുത്തത്.

ശ്രീ. എൻ. രാജഗോപാലൻനായർ : ഈ ആളുകളെ അതേ റാങ്കിലും ശമ്പളത്തിലും മററു ഡിപ്പാർട്ടുമെന്റുകളിൽ പബ്ളിക്ക് സർവീസ് കമ്മീഷനു നിയമിക്കാം എന്നു ആർഡറിൽ പറഞ്ഞിട്ടുണ്ടോ ?

ശ്രീ ടി. എം. വർഗ്ഗീസ് : പബ്ലിക്ക് സർവീസ് കമ്മീഷന് ആരുടേയും അപേക്ഷകൾ സ്വീകരിച്ച് അവക്ക് ആവശ്യമായ യോഗ്യതകൾ ഉണ്ടെന്നു കാണുന്നപക്ഷം അവരെ സ്വീകരിക്കയൊ നിരസിക്കുകയോ ചെയ്യാം. അതുപോലുള്ള അവകാശമേ ഈ ഉദ്യോഗസ്ഥന്മാർക്കുമുള്ളു.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : അവരുടെ ശമ്പളം നിശ്ചയിച്ചു കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : രണ്ടുവർഷം മുമ്പ് അവരെ ആക്കിയ അവസരത്തിൽതന്നെ ശമ്പളം നിശ്ചയിച്ചാണ് ആക്കിയത്.

ശ്രീ. ഒ. സി. നൈനാൻ : അവരെ നിയമിച്ചപ്പോൾ മുമ്പുണ്ടായിരുന്ന ശമ്പളംതന്നെയാണോ ഇപ്പോഴും കൊടുക്കുന്നത് ?

ശ്രീ. ടി. എം. വർഗ്ഗീസ് : അവർക്ക് മുമ്പുണ്ടായിരുന്ന ശമ്പളം തന്നെയാണു ഇപ്പോഴും കിട്ടുന്നത്.

ശ്രീ. എൻ. രാജഗോപാലൻനായർ : മുമ്പ മിലിട്ടറിയിൽ കിട്ടിക്കൊണ്ടിരുന്ന ശമ്പളത്തിൽ കുറച്ച് ആളുകളെ പോലീസിലേയ്ക്കു റിക്രൂട്ടു ചെയ്തിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : സ്റ്റേററഫോഴ്സ് ഇൻഡ്യൻ ആർമിയിലേയ്ക്കു എടുത്ത അവസരത്തിൽ ചിലർക്ക് ഉദ്യോഗമില്ലാതായിത്തീർന്നു അക്കൂട്ടത്തിലുള്ളവരെല്ലാം അവർക്കു വേറെ ഉദ്യോഗം കിട്ടണമെന്നു ആവശ്യപ്പെട്ടിരുന്നു. അന്ന് പോലീസ് ഡിപ്പാർട്ടുമെൻറിലേയ്ക്കു് ഏതാനും ഒഴിവുകൾ ഉണ്ടായിരുന്നതിൽ ഇതിൽനിന്നും ആളുകളെ തെരഞ്ഞെടുക്കുന്നതിനായി ഒരു കമ്മിററിയെ നിയമിച്ചു. ഇൻസ്പെക്ടർ ജനറൽ ആഫ് പോലീസ് കമാൻഡൻറ്, ചീഫ്സെക്രട്ടറി, പബ്ലിക്ക് സർവീസ് കമ്മീഷൻ ചെയർമാൻ, ഇവരെ ഉൾപ്പെടുത്തിയാണ് കാൺസ്റ്റിറ്റ്യൂട്ട് ചെയ്തിരുന്നത്. ഈ കമ്മിററിയാണ് പോലീസ് ഡിപ്പാർട്ടുമെൻറിലേയ്ക്കും പാലസ് ഗാർഡിലേയ്ക്കും ആളുകളെ തെരഞ്ഞെടുത്തത്. അതിലേയ്ക്കു് അവരുടെ യോഗ്യതകളും റിക്കാർഡുകളും സർട്ടിഫിക്കററുകളും അവരുടെ പഴയ ഔദ്യോഗിക ചരിത്രവും ശരിയായിട്ടു പരിശോധിച്ചതിനുശേഷം ഏതാനും ആളുകളെ വേക്കൻസി അനുസരിച്ച് എടുത്തിട്ടുണ്ട്. ഇതുപോലെതന്നെയാണ് പാലസ് ഗാർഡിലെ നിയമനങ്ങളെ സംബന്ധിച്ചും അന്നു നടന്നിട്ടുള്ളത്.

ശ്രീ. എൻ. രാജഗോപാലൻനായർ : മിലിട്ടറിയിൽനിന്നും ഡിസ്ചാർജ്ജു ചെയ്തശേഷം അന്നു പോലീസിലേയ്ക്കു് എടുത്തിട്ടുള്ളവർക്ക് അവർ മിലിട്ടറിയിൽ ഇരുന്നപ്പോൾ കിട്ടിക്കൊണ്ടിരുന്ന ശമ്പളത്തിൽ കുറവായിട്ടാണ് എടുത്തതെന്നും എന്നാൽ ഇപ്പോൾ പാലസ് ഗാർഡിലേയ്ക്കെടുത്ത ഉദ്യോഗസ്ഥന്മാർക്ക് മുമ്പു കിട്ടിക്കൊണ്ടിരുന്ന ശമ്പളംതന്നെ കൊടുക്കാൻ തീരുമാനിച്ചു എന്നും പറഞ്ഞതെന്താണ് ?

ശ്രീ. ടി. എം. വർഗ്ഗീസ് : അന്ന് പോലീസ് ഡിപ്പാർട്ടുമെൻറിലെ വേക്കൻസികളിലേയ്ക്കാണ് അവരെ എടുത്തിട്ടുള്ളത്. അവർ ഏതു ഉദ്യോ

ഗ ഒഴിവിലേയ്ക്കു സ്ഥാനാർത്ഥികളായി ചെന്നോ, ഏതു ഉദ്യോഗത്തിലേയ്ക്കു അവരെ തെരഞ്ഞെടുക്കയും നിയമിക്കയും ചെയ്തോ ആ ഉദ്യോഗത്തിനുള്ള ശമ്പളമാണ് അവർക്കു കൊടുത്തതും കിട്ടേണ്ടതും. എന്നാൽ കമ്മിററി പാലസ്ഗാർഡിലേയ്ക്കു ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുത്തപ്പോൾ പാലസ്ഗാർഡിൽ ഒഴിവുകളുണ്ടായിരുന്നു. ഒഴിവുള്ള ഉദ്യോഗങ്ങൾ വഹിക്കാനുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കാനാണ് തെരഞ്ഞെടുപ്പു നടത്തിയതു്. തിരഞ്ഞെടുത്തു. ഗവണ്മെന്റ തെരഞ്ഞെടുപ്പ് അംഗീകരിച്ചു നിയമനം നടത്തി. ഏതു ഉദ്യോഗം വഹിക്കാൻ തെരഞ്ഞെടുപ്പും നിയമനവും നടത്തിയോ ആ ഉദ്യോഗത്തിനുള്ള ശമ്പളവും റാങ്കുമാണ് അന്നുതന്നെ അവർക്കു കൊടുത്തതു്. പാലസ് ഗാർഡിലേയ്ക്കു എടുത്തവർക്കു അതാതു ഉദ്യോഗങ്ങൾക്കു അന്നു പാലസ്ഗാർഡിൽ നിലവിലിരുന്ന ശമ്പളവും, അതുപോലെതന്നെ പോലീസിലേയ്ക്കു് എടുത്തവർക്കു അതാതു ഉദ്യോഗങ്ങൾക്കു അന്നു പോലീസിൽ ഉണ്ടായിരുന്ന ശമ്പളവുമാണ് കൊടുത്തതു്. ഈ തെരഞ്ഞെടുപ്പുകൾ രണ്ടും നടത്തിയതു് ഒരേ കമ്മിററിയും, തെരഞ്ഞെടുക്കപ്പെട്ട രണ്ടു കൂട്ടർക്കും ശമ്പളം നിശ്ചയിച്ചു നിയമനം നടത്തിയതു് അന്നു നിലവിലിരുന്ന മന്ത്രിസഭയുമാണ്.

ശ്രീ. എൻ. രാജഗോപാലൻനായർ : പാലസ്ഗാർഡിലേയ്ക്കു് എടുത്ത ഉദ്യോഗസ്ഥന്മാർക്കു് അവർ മുമ്പു വാങ്ങിക്കൊണ്ടിരുന്ന ശമ്പളം കൊടുക്കാൻ തീരുമാനിച്ചിരിക്കുന്ന സ്ഥിതിക്കു് മിലിട്ടറിയിൽനിന്നും പോലീസിലേയ്ക്കു് എടുത്ത ഉദ്യോഗസ്ഥന്മാർക്കും അതേ റാങ്കും ശമ്പളവും കൊടുത്തല്ലേ എടുക്കേണ്ടതു്.

Mr. Speaker : Next question.

Food Production Measures.

* 230. [9] **Shri K. Madhavan Unnithan :** Will the Minister for Finance and Civil Supplies be pleased to state :

(*a*) whether it is a fact that food production measures are often being delayed or abandoned due to lack of co-ordination between the Revenue and P. W. D. Departments ; and

(*b*) will the Government take steps to effect a workable system of co-ordination between these departments at least at a specified level ?

Chief Minister **(Shri A. J. John)** :

(*a*) No ;

(*b*) Government are already taking steps to secure still better coordination among the various departments.

Police Stations.

* 231. [10] **Shri O. C. Nainan :** Will the Minister for Home Affairs be pleased to state :

(*a*) is there any rule regarding the inspection of police stations by medical officers ;

(*b*) have the Government received any report regarding the unhealthy condition of any police station by medical officers ; and

(c) is there any rule regarding the total number of prisoners to be housed in any police station?

Minister for Home Affairs **(Shri T. M. Varghese):**

(*a*) Yes; Police Standing Order 534 (3) and rule No. 926 of the Cochin Jail Rules.

(*b*) No.

(*c*) Yes; every prisoner shall be allowed not less than 40 superficial and 600 cubic feet of space by section 51 of the rules for the Inspection, Superintendence and Management of Subsidiary Jails.

ശ്രീ ഒ. സി. നൈനാൻ: ഈ മെഡിക്കൽ ഓഫീസർമാർ ആരുടെ പേർക്കാണ് റിപ്പോർട്ടയക്കേണ്ടത്.

Shri T. M. Varghese: They address a report to the officer who is in charge of the jail, who, in the usual course will forward a report to the Government.

ശ്രീ. ഒ. സി. നൈനാൻ: അങ്ങിനെ ഗവണ്മെന്റിലേയ്ക്ക് റിപ്പോട്ടുകൾ വന്നിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതിന ഫയലുകൾ നോക്കിയാലെ മറുപടി പറയാൻ നിവർത്തിയുള്ളു.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: ആലപ്പുഴ സബ്ജയിലിനെപ്പറ്റി വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: കിട്ടിയിട്ടില്ല.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: ആലപ്പുഴ സബ്ജയിലിലെ അനാരോഗ്യസ്ഥിതിയെപ്പററി അവിടെ നിന്നും വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അവിടെ അസുഖകരമായ സാഹചര്യങ്ങൾ ഉണ്ടായതായി പരാതി കിട്ടിയിട്ടില്ല.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: ആലപ്പുഴ സബ്ജയിലിൽ ബഹുമാനപ്പെട്ട മന്ത്രി എപ്പോഴെങ്കിലും സന്ദർശിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്; ഉണ്ട്.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: അന്ന് തടവുകാർ ആ ജയിലിനെപ്പററി വല്ല പരാതികളും പറഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: പരാതി പറഞ്ഞതായി ഓർമ്മയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ലാക്കപ്പുകളിൽ കിടക്കുമ്പോൾ ഏതെല്ലാം രോഗികൾക്കാണ് പ്രതികളുടെകൂടെ ഒരുമിച്ചു കിടക്കാവുന്നത്?

ശ്രീ. ടി. എം. വർഗ്ഗീസ്: സാധാരണ രോഗികളെ ആശുപത്രിയിലേയ്ക്ക് അയയ്ക്കുകയാണ് പതിവ്. അവരെ മററു പ്രതികളുമായി ഒരുമിച്ച് കിടത്താറില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ചെറിയ ചെറിയ ലാക്കപ്പു മുറികളിൽ ഒരു മുറിയിൽതന്നെ കുഷ്ഠരോഗിയേയും ഭ്രാന്തനേയുംകൂടി ഒരുമിച്ചിട്ടിരിക്കുന്നതായി ഏതെങ്കിലും മെഡിക്കാലഫീസർ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇതുവരെ അങ്ങനെ ഒരു റിപ്പോർട്ടും കിട്ടിയിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: എത്ര ദിവസത്തിനകം മെഡിക്കലാഫീസർ ലാക്കപ്പു പരിശോധിക്കണമെന്നാണു നിയമം?

ശ്രീ. ടി. എം. വർഗ്ഗീസ്: സാധാരണ ആഴ്ചയിലൊരിക്കൽ പരിശോധിക്കണമെന്നാണു തോന്നുന്നതു്. കൂടാതെ വല്ല പ്രത്യേക കാരണമോ ആവശ്യമൊ ഉണ്ടാകുന്നപക്ഷം അപ്പോഴും പോയി പരിശോധിക്കുന്നതാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: മെഡിക്കലാഫീസറന്മാർക്കും സാധാരണ പോലീസു ഇൻസ്പെക്ടറന്മാരെ ഭയമാണെന്നറിയാമോ?

Mr. Speaker: The question is disallowed.

Building for Police Stations.

*232 [11] **Shri O. C. Nainan:** Will the Minister for Home Affairs be pleased to state:

(a) how many charging police stations are housed in rented buildings;

(b) have the public surrendered site for any such police stations;

(c) have buildings been constructed in such places;

(d) what is the cause of the delay;

(e) are the rented buildings convenient to keep prisoners; and

(f) are there urinals and latrines attached to all the police stations?

Minister for Home Affairs **(Shri T. M. Varghese):**

(a) Seven;

(b) Yes; in one instance;

(c) No;

(d) Want of funds;

(e) No;

(f) Latrine arrangements in some of the lock-ups are not satisfactory.

ശ്രീ. ഒ. സി. നൈനാൻ: ജനങ്ങൾ ഗവണ്മെന്റിലേക്കു് ആവശ്യമുള്ള സ്ഥലങ്ങൾ കൊടുക്കാമെന്നു പറഞ്ഞിട്ടും അവിടെ പോലീസ് സ്റ്റേഷൻ പണിയിക്കുന്നതിനു് ഇത്രവളരെ കാലതാമസം വരുത്തുന്നതെന്തുകൊണ്ടാണു്?

ശ്രീ. ടി. എം. വർഗ്ഗീസ്: വാഴൂർ എന്ന സ്ഥലത്തു് ൧൨ സെൻറ സ്ഥലം കൊടുക്കാം എന്നു പറഞ്ഞിട്ടുള്ളതായി അറിയാം. പക്ഷെ സ്ഥലം അതുകൊണ്ടുമാത്രം മതിയാകയില്ല. പോരാത്ത സ്ഥലം വാങ്ങിക്കുന്നതിനും മററു കാര്യങ്ങൾക്കുമായി ഗവൺമെൻറിനു പണച്ചെലവുണ്ടു്. അതുകൊണ്ടു് പണ ദൗർലഭ്യം ആണു് ഇതിനൊക്കെ കാരണം.

Paddy Procurement

*233 [12] **Shri P. Ramaswami Pillai**: Will the Minister for Civil Supplies be pleased to state:

(*a*) have the Government issued any instructions to the Civil Supplies Department for the procurement of paddy this year;

(*b*) if so, what are those instructions; and

(*c*) in view of the failure of crop in South Travancore for want of water, do not Government feel that the rules regarding procurement has to be relaxed in favour of the cultivators?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon)**:

(*a*) Government have issued instructions to the Civil Supplies Department for procurement of paddy this year;

(*b*) Those instructions are contained in the Paddy Control Order published in Notification No. Fd. 5-4356|52 dated 8-10-1952;

(*c*) No general relaxation is considered necessary. The Commissioner of Civil Supplies has issued instructions to the Purchase Staff to grant exemptions in deserving cases.

Shri P. Ramaswami Pillai: May I know the criterion to determine the deserving cases?

Shri Panampilli Govinda Menon: No hard and fast rules have been laid down in this behalf. Where the cultivator is not in a genuine position to sell paddy to Government, he will not be insisted on to part with that.

Shri P. Ramaswami Pillai: May I know, has any such exemption been given to any person like that?

Shri Panampilli Govinda Menon: I want notice for that particular question; but I must say that no complaints have been received by Government in this matter.

Shri N. A. Noor Muhammed: May I know the extent of acreage where exemptions are granted?

Shri Panampilli Govinda Menon: There is nothing of the kind fixed on. Wherever there is failure of crop, there will be no purchase. That is the consideration.

Shri T. S. Ramaswami: May I know the details regarding the levy system?

Shri Panampilli Govinda Menon: That was published in the Government Gazette.

Shri T. S. Ramaswami: May I know why is it that differential treatment has been offered to the Taluks of Thovala, Agastiswaram and Shencotta in this matter ?

Shri Panampilli Govinda Menon: There is absolutely no discrimination between Taluk and Taluk. The Taluks of the State were divided into 4. categories according to productivity and based on this as well as the available information with Government the Taluks are classified for purposes of purchase.

Shri T. S. Ramaswami: May I know what the available data are for fixing the production in an acre of land ?

Shri Panampilli Govinda Menon: That depends on various factors. There is the cost of cultivation, gross production, availability in each acre of land and other seasonal factors to be considered.

Shri T. S. Ramaswami: May I know what is the data for ascertaining the maximum productivity in a land ?

Shri Panampilli Govinda Menon: There are the purchase figures of several years regarding purchase from those lands.

Shri T. S. Ramaswami: And so what about productivity for the various taluks ?

Shri Panampilli Govinda Menon: The previous figures are available in the Food Department.

Shri P. S. Nataraja Pillai: The Research Department of the University are carrying on work in some taluks and they have prepared certain scheme in the line. May I know are those schemes appleid for effecting purchase in the various taluks?

Shri Panampilli Govinda Menon: No, Sir. The present order in regard to purchase is based upon the information available with the Food Department as well as local enquiries conducted in this behalf.

Shri P. S. Nataraja Pillai: Is it the case where the purchase has been effected according to the willingness of the persons concerned and that those who secured lesser production were not in a position to give to Government?

Shri Panampilli Govinda Menon: That is not so.

Shri P. S. Nataraja Pillai: Was not the Research Branch supplying figures in regard to productivity of lands in certain parts? Are not those figures reliable than the data in the possession of the Food Department?

Shri Panampilli Govinda Menon: They are not useful for our purpose because those experiments were not conducted in all the 36 taluks of the State.

Shri P. S. Nataraja Pillai: Was not the data supplied in regard to 17 taluks of the State ?

Shri Panampilli Govinda Menon: That is what I said. That would not be useful in order to classify the 36 taluks into four categories.

Shri P. S. Nataraja Pillai: May I know was the levy system fixed so as to give the result namely that lower rates of levy were assessed in respect of taluks with greater productivity and higher rates of levy in respect of taluks with lesser productivity? Am I to understand so in respect of the levy system now in force?

Shri Panampilli Govinda Menon: Certainly not.

Shri P. S. Nataraja Pillai: A reading of the statement supplied by Government gives that impression so far as the levy system is concerned?

Shri Panampilli Govinda Menon: I do not agree with the hon. Member.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഒരു മേഖലയിൽപ്പെട്ട എല്ലാ താലൂക്കുകളിലും ശരാശരി വിളവ് ഒരുപോലെയാണെന്നു കരുതുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ കരുതാൻ നിവൃത്തിയില്ല. ഒരു താലൂക്കിൽതന്നെ എല്ലാ ഭാഗങ്ങളിലുമുള്ള വിളവ് ഒരുപോലെയാണെന്ന് ഗവണ്മെൻറ കരുതുന്നില്ല.

National Highway Scheme.

*234 [13] **Shri P. Ramaswami Pillai:** Will the Minister for Public Works be pleased to state:

(a) what are the roads in this State taken over by the Central Government under the National Highway Scheme;

(b) what are the conditions under which the roads are taken; and

(c) is there any understanding for the payment of compensation to our State by the Central Government for the roads?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(a) 1. West Coast Roads
2. National Highway No. 47
3. National Highway No. 7

West Coast Roads: Kunnamkulam road, Cochin-Aroor road, Alleppey-Aroor road. Quilon-Alleppey road, Trivandrum-Quilon road, Trivandrum-Cape road (M. S. road)

National Highway No. 47: Vanniyampara road Chalakudy road, a portion of M. C. road, Alwaye-Angamali road, Alwaye-Edappalli road and Ernakulam-Edapalli road;

National Highway No. 7: Cape-Panagudi road.

(b) Under the terms of the provisional National Highway Scheme.

(c) No.

ശ്രീ. ജോസഫ് വാഴപ്പള്ളി: നാഷണൽ ഹൈവേക്കു വേണ്ടി നമ്മുടെ ഗവണ്മെന്റ് ഒരു മൈലിന് ചെലവാക്കിക്കൊണ്ടിരുന്ന രൂപാ സെൻട്രൽ ഗവണ്മെന്റ് ചെലവാക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പല സ്ഥലങ്ങളിലും അതിൽ കുറവായിട്ടാണു ചെലവാക്കുന്നതു്.

ശ്രീ. ജോസഫ് വാഴപ്പള്ളി: സെൻട്രൽ ഗവണ്മെന്റിനു ഇതു വിട്ടുകൊടുത്തപ്പോൾ അങ്ങനെ ഒരു കണ്ടിഷൻ ഉണ്ടായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒരു കണ്ടിഷനുമില്ല. ന്നാൽ ഈ റോഡുകൾ സംരക്ഷിക്കേണ്ട ചുമതല ഇൻഡ്യാഗവണ്മെന്റിനുണ്ടു്.

ശ്രീ. ജോസഫ് വാഴപ്പള്ളി: ഇൻഡ്യാഗവണ്മെന്റ് വേണ്ടത്ര ശ്രദ്ധിക്കാത്തതുകൊണ്ടു് മിക്കസ്ഥലവും മോശമായനിലയിൽ കിടക്കുകയാണെന്നു് ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മിക്ക സ്ഥലവും മോശമാണെന്നഭിപ്രായമില്ല. ചില സ്ഥലങ്ങൾ മോശമായിക്കിടപ്പുണ്ടു്.

ശ്രീ. ജോസഫ് വാഴപ്പള്ളി: സെൻട്രൽ ഗവണ്മെന്റ് ഇതിന്റെ മെയിന്റനൻസിനു വേണ്ടി കൂടുതൽ പണം ചെലവാക്കേണ്ടതാണെന്നു് ഇൻഡ്യാഗവണ്മെന്റിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവരെക്കൊണ്ടു് കൂടുതൽ പണം ചെലവാക്കിക്കുവാൻ ഗവണ്മെന്റ് ശ്രമിക്കുന്നുണ്ടു്.

ശ്രീ. ജോസഫ് വാഴപ്പള്ളി: നാഷണൽഹൈവേ റോഡുകളെല്ലാം കോൺക്രീറ്റു ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചില സ്ഥലങ്ങൾ കോൺക്രീറ്റു ചെയ്യാനുദ്ദേശിക്കുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ റോഡുകളുടെ ഇരുവശങ്ങളിലും നിൽക്കുന്ന ചോലമരങ്ങൾക്കുള്ള അവകാശം ആർക്കാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് ഈ ഗവണ്മെന്റിനുള്ളതാണു്.

ശ്രീ. ഒ. സി. നൈനാൻ: കൊട്ടാരക്കരമുതൽ ആലുവാ വരെയുള്ള എം. സി. റോഡ് ഈ നാഷനൽഹൈവേയിൽപ്പെടുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പെടുമായിരിക്കാം. പക്ഷെ ഇൻഡ്യാഗവണ്മെന്റ് ഇപ്പോഴും അതു് ഏറ്റെടുത്തിട്ടില്ല.

ശ്രീ. ആർ. കേശവപിള്ള: ഈ റോഡുകൾ ഇൻഡ്യാഗവണ്മെന്റിനു വിട്ടുകൊടുത്തതുകൊണ്ടു് നമ്മുടെ ഗവണ്മെന്റിനു് എന്തു ലാഭമുണ്ടു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇതാരും വിട്ടുകൊടുത്തിട്ടില്ല. ഇതു് ഇൻഡ്യാഗവണ്മെന്റ് സ്വയം ഏറ്റെടുക്കുകയാണു ചെയ്തിട്ടുള്ളതു്.

ശ്രീ. ആർ. കേശവപിള്ള: അതുകൊണ്ട് ഈ ഗവണ്മെന്റിന് എന്തു ലാഭമുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇൻഡ്യാ ഗവണ്മെന്റ് ഇതിനുവേണ്ടി ചെലവാക്കുന്ന തുക നമുക്കു ലാഭമാണ്.

Industrialisation.

※ 235. [14] **Shri P. V. Avira Tharakan:** Will the Minister for Industries be pleased to state:

(*a*) will the Government appoint a Committee of experts to prepare a scheme for the industrialisation of this State; and

(*b*) if so, when?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) Government have no such proposal at present.

(*b*) The question does not arise.

ശ്രീ. പി. വി. അവിരാ തരകൻ: ഗവണ്മെന്റു ഷെയറിലുള്ള വ്യവസായസ്ഥാപനങ്ങളുടെ ഷെയർവാല്യു കുറഞ്ഞിരിക്കുന്നതുകൊണ്ട് ഇങ്ങനെയൊരു കമ്മറ്റിയെ നിയമിക്കുന്നതു ഉപയോഗപ്രദമായിരിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു വിദഗ്ദ്ധകമ്മറ്റിയെ നിയമിച്ചതുകൊണ്ട് ഷെയർവാല്യു കൂടണമെന്നില്ല.

Industrialisation.

※ 236. [15] **Shri P. V. Avira Tharakan:** Will the Minister for Industries be pleased to state:

(*a*) whether this Government have prepared any scheme for the industrialisation of this State; and

(*b*) if so, will the Government be pleased to place a copy of the scheme on the table?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) Several industries have already been started in the State with Government aid or by Government themselves. There is no further scheme at present with Government;

(*b*) Therefore the question does not arise.

Shri T. S. Ramaswami: May I know, are there schemes with Government to at least maintain the existing industries?

Shri Panampilli Govinda Menon: They have to be maintained for which no scheme is necessary.

Shri T. S. Ramaswami: May I know the number of industries which have been closed down?

Mr. Speaker: I do not think any supplementary question arises on a negative answer. Order, order. Next question.

Reserve Bank.

*237. [16] **Shri P. V. Avira Tharakan:** Will the Minister for Finance be pleased to state:

(a) whether the Government have negotiated with the Reserve Bank to extend their sphere of operation to this State;

(b) if so, what is the result; and

(c) is it a fact that the Government have appointed them as Bankers to this Government?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(a) Section 21-A of the Reserve Bank of India Act 1934 as inserted by Section 12 of the Reserve Bank of India (Amendment) Act 1951 provides for the Reserve Bank of India extending their sphere of operation to Part B States and accordingly Government have negotiated with the Reserve Bank of India.

(b) An agreement has been entered into with the Bank. The immediate result is the establishment of the Currency Chests of the Reserve Bank of India in the 4 District Treasuries of the State and the extension of Reserve Bank of India remittance facilities scheme to the Government and the public.

(c) Yes.

ശ്രീ. പി. വി. അവിരാതരകൻ: ഇവിടത്തെ ഗവണ്മെന്റു ബാങ്കിനു തന്നെ ഇതു ദോഷകരമായിരിക്കുമെന്നു ഗവണ്മെന്റിനു തോന്നുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനു മുമ്പ് ഗവണ്മെന്റിന്റെ ബാങ്ക് ഇംപീരിയൽ ബാങ്കായിരുന്നു. ഇപ്പോഴും അതുവിട്ടിട്ട് ഒരു നാഷണൽ ബാങ്കിനെ, മററു പാർട്ടു ബി. സ്റ്റേറ്റുകളും നിശ്ചയിച്ച മാതിരി, നമ്മുടെ ബാങ്കറായിട്ടു നിശ്ചയിക്കുന്നതിൽ തെററില്ലെന്നു ഗവണ്മെന്റിനു തോന്നി. അതുകൊണ്ടു അതിൽ ദോഷമൊന്നും വരാനില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഈ ബാങ്കിൽ വരുന്ന പണത്തിനു നാം പലിശ കൊടുക്കേണ്ടി വരുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വേണ്ട.

ശ്രീ. ഒ. സി. നൈനാൻ: റിസർവു ബാങ്കിനു ഇവിടെയുള്ള [illegible]ങ്കുകളുടെ മേൽ സൂപ്പർ[illegible]ിഷനുണ്ടോ?

ശ്രീ. [illegible]നമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു. ബാങ്കുകളുടെ ഡെ[illegible]ല[illegible]ന്റെ ഉ[illegible]ാക്കുന്ന കാര്യ[illegible]ത്തിൽ റിസർവു ബാങ്കാണു പ്രധാന ചു[illegible]തല[illegible]ഹിക്കുന്നതു്.

ശ്രീ. ഒ. സി. നൈനാൻ: നമ്മുടെ ബാങ്ക് റിസർവു ബാങ്ക് [illegible]രിശോധിച്ചിട്ടുണ്ടോ?

ശ്രീ. [illegible]നമ്പിള്ളി ഗോ[illegible]ിന്ദമേനോൻ: ഇവിടെയുള്ള എല്ലാ ബാങ്കുളും റി[illegible]ർവു [illegible] ബാങ്ക് [illegible]രിശോധിക്കുമെന്നാണു [illegible]ന്റെ അറിവു്.

ശ്രീ. എ. താണുപിള്ള: ആ എഗ്രിമെന്റിന്റെ തീയതി എന്നാണു്?

Shri Panampilli Govinda Menon: 30th June 1952.

Shri A. Thanu Pillai: Will a copy be placed on the Table?

Shri Panampilli Govinda Menon: I shall consider.

റിമാൻറനുവദിക്കാതെയുള്ള തടങ്കൽ.

* ൨൩൮. [൭൧] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരാളെ അറസ്റ്റചെയ്താൽ ൨൪ മണിക്കൂറിനകം സമീപമുള്ള ഒരു മജിസ്ട്രേട്ടിൻെറ മുമ്പിൽ ഹാജരാക്കണമെന്നുള്ള നിയമം പോലീസ് ലംഘിച്ചതായി ഇക്കഴിഞ്ഞ ജൂൺമാസം മുതൽ ഇതുവരെ എത്ര പരാതികൾ ഈ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നുണ്ടായിട്ടുണ്ട്;

(ബി) പ്രസ്തുത പരാതികളെപ്പററി ഉടനടൻ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തെ അടിസ്ഥാനമാക്കി പോലീസുകാരുടെ പേരിൽ മജിസ്ട്രേട്ടുകോടതികളിൽ വല്ല കേസും ഫയലായിട്ടുണ്ടോ;

(ഡി) ഏതെങ്കിലും പോലീസുദ്യോഗസ്ഥൻെറ മേൽ ഇന്നരം കുററത്തിന് ഡിപ്പാർട്ടുമെൻറിൽനിന്നും ശിക്ഷണനടപടി കഴിഞ്ഞ നാലുമാസങ്ങൾക്കുള്ളിൽ എടുക്കുകയുണ്ടായിട്ടുണ്ടോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ൯ പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) രണ്ടു കേസുകൾ കോടതിയിൽ ഫയലായിട്ടുണ്ട്.

(ഡി) ഈ പരാതികളിൽ ഒന്നിനെ സംബന്ധിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള പരാതികളെല്ലാം അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞു.

ശ്രീ. പി. ഭാസ്കരൻനായർ: ഏതു കോടതിയിലാണ് ഫയൽ ചെയ്തിരിക്കുന്നത്?

ശ്രീ. ടി. എം. വർഗ്ഗീസ്: കോട്ടയംസബ്ഡിവിഷൻ മജിസ്ട്രേട്ടുകോടതിയിലാണ്.

ശ്രീ. പി. ഭാസ്കരൻ നായർ: കോട്ടയം പോലീസ്സ്റ്റേഷനെ സംബന്ധിച്ചിടത്തോളം പരാതിക്കാർ ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: പറയാം. ഗോപാലകൃഷ്ണൻ നായർ, ദാമോദരൻപിള്ള, കേശവൻ മുതലായവരാണ്. ഇവര് കോട്ടയം സ്റ്റേഷനിൽ ഉള്ളവരാണ്. മറെറ കേസിൽ ചാക്കോ, ചെറിയാൻ മുതലായവരാണ്.

ശ്രീ. പി. ഭാസ്കരൻ നായർ: മുണ്ടക്കയത്തുവച്ച് പോയമാസം ൯-ാംനു- അറസ്റ്റചെയ്ത ഇവരെ ൮-ാംനു- ഉച്ചവരെ മജിസ്ട്രേട്ടിൻെറ മുമ്പിൽ ഹാജരാക്കിയില്ലെന്ന് പരാതികൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഞാൻ മുമ്പു പറഞ്ഞതല്ലാതെ വേറെ യാതൊരു തരത്തിലുള്ള പരാതിയും കിട്ടിയിട്ടില്ല. ഒൻപതു പരാതികളുടേയും ലിസ്റ്റ് എന്റെ കൈവശമുള്ളതു് മെമ്പറുടെ അറിവിനായി മേശപ്പുറത്തു വയ്ക്കുന്നതായിരിക്കും.

ശ്രീ. പി. ഭാസ്കരൻനായർ: പരാതികളെപ്പറ്റിയുള്ള ലിസ്റ്റിലെ വിവരങ്ങൾ ഒന്നു വായിക്കാൻ ദയവുണ്ടാകുമോ?

Shri T. M. Varghese : The complaints received are these:

1. Complaint from one Raphael alleging unlawful detention of his brother by the Ernakulam Cusba police.

2. Complaint from one Raghavan Nair, accused in Cr. No. 46|52 of Anthicad police station, alleging that he was unlawfully detained and assaulted by the Anthicad Police.

3. Complaint from P. R. Vasu, accused in Cr. No. 66|52 of Trichur Town South station, alleging that he was unlawfully detained by Trichur Town South Police.

4. Complaint from Unni, accused in Cr. No. 68|52 of Alwaye station alleging that he was unlawfully detained by the Sub-Inspector, Mundakayam.

5. Complaint from one M. P. Kunjappi accused in Crime No. 62|52 of Mundakayam station alleging that he was unlawfully detained by the Sub-Inspecter, Mundakayam.

6. Complaint from Ouseph Mathen alleging that Sub-Inspector, Shertallai arrested one Mathen Joseph and five others concerned in Cr. No. 61|52 of Shertallai station, detained them in custody and caused them to be assaulted.

7. Complaint from Shri T. K. Divakaran M. L. A. that one Louis and Gopalan were arrested by the Quilon police on 13-9-1952 and were not produced before court till 18-9-1952.

Two complaints by Ittyathy Kochu and Chacko Cheriyan are pending in the Sub Division Magistrate's court, Kottayam.

Of these seven complaints referred to by me, No. 7. namely complaint from Shri T. K. Divakaran, M. L. A., is under investigation and the final stages have not been reached. All the rest have been found to be false.

ശ്രീ. പി. ഭാസ്കരൻനായർ: മുണ്ടക്കയത്തുവച്ചു് അറസ്റ്റുചെയ്തു ഇവരെ അനധികൃതമായി തടങ്കലിൽ പാർപ്പിച്ചതിനെപ്പറ്റി ഒരു പരാതി പി. ഭാസ്കരൻനായർ എം. എൽ. എ. അയച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെയുള്ള ഒരു പരാതി കിട്ടിയിട്ടില്ല.

ശ്രീ. പി. ഭാസ്കരൻനായർ: ഈ കാര്യങ്ങളെപ്പറ്റി അന്വേഷണം നടത്താൻ ദയവുണ്ടാകുമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇതു സംബന്ധിച്ചുള്ള കേസ് കോടതിയിൽ കിടക്കുമ്പോൾ കോടതിയുടെ ഉത്തരവു കൂടാതെ മറ്റു് അന്വേഷണം നടത്തുകയില്ല.

ശ്രീ. പി. ഭാസ്കരൻനായർ: ൨൦-ാംനു മുണ്ടക്കയത്തുവച്ചു അറസ്റ്റു വരിച്ച കുഞ്ഞപ്പിയെ നേരിൽ കാണുകയും ചോദിച്ചതിൽ ൨൨-ാംനു ഉച്ച വരെ തടങ്കലിൽ വച്ചതല്ലാതെ കോടതിയിൽ ഹാജരാക്കിയില്ലെന്നു പറയുകയും ഉണ്ടായി. അതിനെപ്പറ്റിയാണു് ഞാൻ ഗവർമ്മെൻറിനു് പരാതി അയച്ചിട്ടുള്ളതു്.

Mr. Speaker: Have you made a complaint?

Shri P. Bhaskaran Nair: Yes, I had made a complaint.

Mr. Speaker: Then it must have been in the list.

ശ്രീ. ടി. എം. വർഗ്ഗീസ്: ബഹുമാനപ്പെട്ട മെംബർ ഉന്നയിച്ചിരിക്കുന്ന പരാതികളെക്കൂടി അടിസ്ഥാനമാക്കിയാണോ അന്വേഷണം നടത്തിയിട്ടുള്ളതെന്നു് അന്വേഷിച്ചു് പറയാം.

ശ്രീ. ടി. കെ. ദിവാകരൻ: പരാതികളെപ്പറ്റി അന്വേഷിക്കാൻ ഉദ്യോഗസ്ഥന്മാർക്കു് വേണ്ട നിർദ്ദേശം കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ ചെയ്യുന്നുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഇങ്ങനെയുള്ള കേസുകളെപ്പറ്റി അന്വേഷണം നടത്തുന്നതു് രഹസ്യമായിട്ടോ അതോ പരസ്യമായിട്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: പരസ്യമായിട്ടാണു് അന്വേഷണം നടത്തുന്നതു്. ആവശ്യമെന്നു തോന്നുന്നപക്ഷം രഹസ്യമായിട്ടും നടത്താം.

ശ്രീ. എൻ. രാഘവക്കുറുപ്പു്: പരസ്യമായി നടത്തുന്ന അന്വേഷണത്തിൽ ഹർജിക്കാരെക്കൂടി വിളിച്ചു ചോദിക്കുന്ന ഒരു പതിവില്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഹർജിക്കാരെമാത്രമല്ല, വിശ്വാസയോഗ്യമായ അറിവു തരാൻ പ്രാപ്തിയും മനഃസ്ഥിതിയുമുള്ള മററ ആളുകളോടും ചോദിക്കുക പതിവാണു്.

ഡാക്ടർ എൻ. എസ്സ്. പിള്ള: ആററിങ്ങൽ പോലീസ്സ്റ്റേഷനിൽ സ്വയരക്ഷക്കുവേണ്ടി അഭയം പ്രാപിച്ച ഒരു സാധുവിനെ പോലീസുകാർ ദേഹോപദ്രവം ചെയ്തതായിട്ടു് അറിയാമോ?

Mr. Speaker: Is the Minister expected to know all these?

Dr. N. S. Pillai: Yes, Sir.

ശ്രീ. ടി. എം. വർഗ്ഗീസ്: ആ വിധത്തിലുള്ള യാതൊരു അറിവും കിട്ടിയിട്ടില്ല.

ഡാക്ടർ എൻ. എസ്സ്. പിള്ള: ഒരു സാധുവിനെ അടിച്ചതായി പരാതിയുണ്ടായിട്ടില്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: പരാതിയുള്ളതായി അറിവില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: ഈ മാതിരിയുള്ള അന്വേഷണം നടത്തുമ്പോൾ പോലീസിൻെറ മനോവീര്യം തകരാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടോ?

Mr. Speaker: The question is disallowed.

Water Supply.

※ 239. [18] **Shri A. Kunjan Nadar:** Will the Minister for Public Works be pleased to state:

(*a*) whether any amount is sanctioned for the Cape Water Supply in the year 1948—1949; if so, what is the amount;

(*b*) under what scheme was the amount sanctioned;

(*c*) what happened to the amount so allotted;

(*d*) whether the Government has any scheme at present for the supply of drinking water to Cape Comorin; if so, what is the scheme; and

(*e*) when will the work begin?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) Yes; Rs. 25,000.

(*b*) Under the head "Water supply to Cape."

(*c*) No expenditure was incurred.

(*d*) Yes. The present scheme is to extend the Nagercoil Water supply to Cape *via* Suchindram.

(*e*) Anything definite can be said on this point only after detailed investigation.

ശ്രീ. എ. കുഞ്ഞൻനാടാർ: ൨൫,൦൦൦ രൂപ അനുവദിച്ചത് ഏതു ഇനത്തിൽനിന്നുമാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വാട്ടർ സപ്ലൈ എന്നയിനത്തിൽനിന്നുമാണ്.

ശ്രീ. എ. കുഞ്ഞൻനാടാർ: കന്യാകുമാരിക്കടുത്തുള്ള ഒരു സ്ഥലത്ത് ഒരു കിണററിൽനിന്നും വാട്ടർസപ്ലൈ നടത്താൻ സാദ്ധ്യതയുണ്ടെന്ന് ഗവണ്മെന്റിന്റെ അറിവിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെയൊരു പ്രപ്പോസൽ ഉണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ: കന്യാകുമാരിയിൽ, കുടിക്കുന്നതിനുള്ള വെള്ളം ൧൦ മൈൽദൂരെനിന്നും ലോറികളിൽ കൊണ്ടുവന്ന് സപ്ലൈചെയ്യുകയാണെന്നുള്ളതു ഗവണ്മെന്റിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അറിയാം.

Shri P. S. Nataraja Pillai: May I know whether there was not an investigation and an estimate for connecting Nagercoil with Cape?

Shri Kalathil Velayudhan Nair: I am not in a position to reply to that now.

Shri P. S. Nataraja Pillai: Was there not another scheme prepared by Mr. Balakrishna Rao, pending in the Chief Engineer's office?

Shri Kalathil Velayudhan Nair: I know there were various proposals.

Shri P. S. Nataraja Pillai: Was there not a scheme prepared by Mr. Balakrishna Rao, Retired Water Works Engineer?

Shri Kalathil Velayudhan Nair: There may have been such a scheme. But whether the scheme prepared in 1948 can be put into effect is also a question to be considered.

Shri P. S. Nataraja Pillai: May I know whether alternative schemes are under the contemplation of the Department?

Shri Kalathil Velayudhan Nair: Yes.

L. B. Channel and R. B. Channel.

*240. [19] **Shri A. Kunjan Nadar:** Will the Minister for Public Works be pleased to state:

(*a*) the area (in acres) that can be irrigated by the L. B. Channel and R. B. Channel respectively of the Neyyar Dam;

(*b*) the respective areas available for conversion into paddy fields for these Channels;

(*c*) the estimated cost of these two Channels;

(*d*) whether the Government intend to construct the L. B. Channel; if so, when;

(*e*) whether the Government recieved any representation from the public for immediate construction of L. B. Channel; and

(*f*) if so, what action is taken?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) The areas that can be benefited by the Left Bank and Right Bank Channels are 15,250 acres and 15,000 acres respectively.

(*b*)	L. B. C.	..	10,000 acres.
	R. B. C.	..	8,000 acres.
(*c*)	L. B. C.	..	Rs. 60,32,200
	R. B. C.	..	Rs. 44,02,800

(*d*) The question of according sanction to the L. B. C. will be considered after the investigation is completed.

(*e*) & (*f*) Yes. The investigation report is awaited.

ശ്രീ. എ. കുഞ്ഞൻനാടാർ: നെയ്യാറണയിലെ എൽ. ബി. ചാനലിനെ സംബന്ധിച്ചിടത്തോളം ഇൻവെസ്റ്റിഗേഷൻ നടക്കുകയാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതെ.

ശ്രീ. എ. കുഞ്ഞൻനാടാർ: ആർ. ബി. ചാനലിനെ സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയായോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇല്ല.

ശ്രീ. എ. താണുപിള്ള: ഇറിഗേററു ചെയ്യാമെന്നു പറയുന്ന ഏരിയായിൽ കൺവർട്ട് ചെയ്യാമെന്നു പറയുന്ന ഏരിയാകൂടി ഉൾപ്പെടുത്തിയാണോ, അതോ, അതിനു പുറമെയാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതുംകൂടി ഉൾപ്പെട്ടത്തിയാണ്.

ശ്രീ. എ. താണുപിള്ള: കൺവെർഷൻ കൂടാതെയാണെങ്കിൽ എത്രത്തോളം ഉൾപ്പെടുത്താം?

Mr. Speaker: 15,000 minus 10,000 and 15,000 minus 8,000

ശ്രീ. എ. താണുപിള്ള: ഒരേക്കറിന് എത്ര രൂപാവീതം ചെലവാകുമെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഏകദേശം ൩൦൦ രൂപാ വരെ ചെലവാകും.

WRITTEN ANSWERS

കൂലിനിരക്ക്.

*൨൪൭. [൨൦] ശ്രീ. വാറണ്ണി പുളിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവററബസ്സുകളുടെ കൂലിനിരക്ക് ഈയിടെ വർദ്ധിപ്പിക്കുകയുണ്ടായോ;

(ബി) അതിനുള്ള കാരണങ്ങളെന്താണ്;

(സി) കൂലി വർദ്ധിപ്പിക്കാനുള്ള ഗവണ്മെൻറിൻെറ ഉത്തരവിനെ ലംഘിച്ചു പല ബസ്സുടമസ്ഥന്മാരും കൂടുതൽ റേററ് യാത്രക്കാരിൽനിന്നും വാങ്ങിച്ചുവരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ):

(എ) ഉവ്വ്.

(ബി) ബസ്സുകാരുടെ നിവേദനംമൂലവും ചാർജ്ജു കൂട്ടുവാൻ മതിയായ കാരണങ്ങളുണ്ടെന്ന് ഗവണ്മെൻറിനു ബോദ്ധ്യം വന്നതിനാലും ഈടാക്കാവുന്ന ചാർജിൻെറ പരമാവധി വർദ്ധിപ്പിച്ച് ഉത്തരവിട്ടു.

(*a*) Estimate for closing the breach and protecting the bunu is being prepared.

(*b*) The work will be taken up in consultation with the Food Production Board.

ക്രെഡിററ് ബാങ്ക്.

൨൪൮. [൩൨] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ൧൯൫൦, ൫൧, ൫൨ ഈ വർഷങ്ങളിൽ ക്രെഡിററ ബാങ്കിൽ നിന്നു എത്ര തുക issue ചെയ്തിട്ടുണ്ടു്;

(ബി) തുക വാങ്ങിയിട്ടുള്ളവരുടെ വിശദമായ പേരുവിവരം;

(സി) ഓരോരുത്തരും വാങ്ങിയിട്ടുള്ള തുക?

ഉത്തരം.

(എ)

Year ended.	Total amount of loans granted.
൩൦-൬-൧൯൫൦	൫,൯൨,൦൦൦
൩൦-൬-൧൯൫൧	൧൭,൭൪,൫൦൦
൩൦-൬-൧൯൫൨	൮,൯൨,൪൦൦

(ബി, സി) കടം വാങ്ങിയിട്ടുള്ളവരുടെ പേരുവിവരം, തുക മുതലായവ ബാങ്കു രഹസ്യമായതിനാൽ വെളിപ്പെടുത്താൻ നിവൃത്തിയില്ല.

റോഡു നന്നാക്കൽ.

൨൪൯. [൩൧] ശ്രീ. കെ. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ—ഷൊർണ്ണൂർ റോഡും, തൃശ്ശൂർ—കുന്നംകുളം റോഡും നന്നാക്കുവാൻ (കോൺക്രീററിടാനോ, ടാറിടാനോ) ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നേയ്ക്കു പ്രസ്തുത പ്രവൃത്തി ആരംഭിക്കും?

ഉത്തരം.

(എ) ഉണ്ടു്.

(ബി) തൃശ്ശൂർ—ഷൊർണ്ണൂർ റോഡിൽ ഉദ്ദേശം ൨ നാഴിക ഇപ്പോൾതന്നെ ടാറിട്ടുകഴിഞ്ഞു. തൃശ്ശൂർ-കുന്നംകുളം റോഡിൽ അടുത്തുതന്നെ പണി ആരംഭിക്കുന്നതാണു്.

കോട്ടയം ചുങ്കം പാലം

൨൫൦. [൪൧] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം പട്ടണത്തിന്റെ വടക്കേ അതിർത്തിയിലുള്ള ചുങ്കം പാലം ഭാരം കയറുമ്പോൾ കുലുങ്ങാറുണ്ടെന്നും, അതിന്റെ കൈവരി കഷണങ്ങൾ ഒടിച്ചു നശിച്ചിട്ടുണ്ടെന്നും ഗവണ്മെന്റു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം കടക്കുമ്പോൾ വാഹനങ്ങളിൽനിന്നും വഴിയാത്രക്കാരും ഭാരവും ഇറക്കപ്പെടണമെന്നു നിഷ്കർഷിച്ചു തുടങ്ങിയതു എന്നു മുതലാണു്;

(സി) ചുങ്കം പാലം പുതുക്കി പണിയുവാൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നു പണി പൂർത്തിയാകും?

ഉത്തരം.

(എ) ഉണ്ട്.
(ബി) ൨൮-൫-൧൧൨൬ മുതൽ.
(സി) ഉണ്ട്.
(ഡി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Ilmenite.

251. [44] **Shri A. K. Chelliah:** Will the Minister for Finance and Civil Supplies be pleased to state:

(*a*) whether the Government received any request from the private mineral companies for the enhancement of basic cost from the present basic cost of Rs. 14-7 for Ilmenite per ton; and

(b) do the Government know that the cost of producing Ilmenite per ton will not exceed Rs. 14-7?

Answer.

(*a*) Yes.

(*b*) The matter is being examined by Government.

New Canal.

252. [45] **Shri R. Kesava Pillai:** Will the Minister for Works and Transport be pleased to state:

(*a*) whether from Vettikattu mukku (വെട്ടിക്കാട്ട് മുക്ക്) the terminus of Kottayam—Alleppey Canal, a new Canal to Kumarakom has been opened for gaining in the distance of traffic of boats and other water conveyances from Kottayam to Alleppey and *vice versa*;

(*b*) whether the Canal is secured by bunds on either side; and

(*c*) whether on account of the absence of bunds cultivators of paddy fields on either side of the Canal are unable to cultivate the paddy fields.

Answer.

(*a*) No. But a Canal has been cut from Vettikattu mukku to Mutheri mada in the interest of Irrigation.

(*b*) Bunds have been put up on either side of the Canal.

(*c*) Since the bunds put up are not sufficiently strong, the cultivators of paddy fields on either side of the Canal are put to come hardship.

Charging Stations & Magistrates' Courts.

253. [47] **Shri O. C. Ninan:** Will the Minister for Home Affairs be pleased to state:

(a) in how many Charging Police Stations there are Magistrate's Courts close by;

(b) what is the longest distance of a Police Charging Station to a Magistrate's Court at present;

(c) is the Government aware that the Magistrates' Courts and Police Charging Stations should be close by as far as possible for the safety of the people; and

(d) is the Government aware that the public experience great difficulty owing to the long distance of Magistrates' Courts from Police Charging Stations?

Answer.

(a) 46.

(b) 20 miles.

(c) It would be convenient if the Police Stations and Magistrates' Courts are close by.

(d) Magistrates' Courts are generally situated at the head quarters of each Taluk and there are more than one Police Station in each Taluk. It is not possible to have Magistrates., Courts close to all Police Stations.

Checking Stations.

254 [54] **Shri K. J. Thomas:** Will the Minister for Works and Transport be pleased to state:

(a) has Government received any representations from Ranni Desa Samithi members urging the necessity of locating the bus checking station at the Trunk road, *viz.* Manimala—Ranni road against the steps now taken through the influence of certain interested parties to locate the station at Petta market—a branch road, *viz*, Ranni—Vennikulam road; and

(b) will Government be pleased to decide this issue in consultation with the respective Village Panchayat Presidents of the surrounding villages?

Answer.

(a) A representation was received by the Inspector-General of Police.

(b) The parties will be heard by the Police authorities and the spot will be inspected by them before a decision is taken.

THE INDIAN REGISTRATION ACT (TRAVANCORE-COCHIN AMENDMENT) BILL—(*contd.*)

[12 NOON]

Mr. Speaker: The motion pending before the House is that the Indian Registration Act (Travancore-Cochin Amendment) Bill be taken into consideration.

ശ്രീ. ഒ. സി. നൈനാൻ: സർ, ഇവിടെ കൊണ്ടുവന്നിരിക്കുന്ന രജിസ്ട്രേഷൻ അമെൻഡ്മെൻറ് ബില്ലിൻെറ കാര്യത്തിൽ ആധാരമെഴുത്തുകാർക്ക് ലൈസൻസു കൊടുക്കണമെന്നുള്ള സംഗതിയെ സംബന്ധിച്ച് ചില കാര്യങ്ങൾ ഗവണ്മെൻറിനെ ഗ്രഹിപ്പിക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. അങ്ങനെ ഒരു വ്യവസ്ഥ ഇതിനു ചേർക്കുന്നതിനു കാരണമായി പറയുന്നത് മുമ്പ് തിരുവിതാംകൂറിൽ അങ്ങനെയൊരു നിയമം ഉണ്ടായിരുന്നു എന്നാണ്. ഒരു ആധാരം എഴുതുകയാണെങ്കിൽ ആ ആധാരത്തിൽ ചേർക്കുന്ന വസ്തുക്കൾ ഒരു സബ്‌രജിസ്ട്രാരുടെ അധികാരാതിർത്തിയിൽ പെട്ടതായിരിക്കണമെന്നില്ല, ഒരു രൂപ രജിസ്ട്രേഷൻ ഫീസുകൊടുത്തു വേറെ ഏതെങ്കിലും രജിസ്ട്രാരുടെ അധികാരാതിർത്തിയിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുവാൻ കഴിയുമെന്നാണ് ഇതുകൊണ്ട് അനുവദിക്കപ്പെടുന്നത്. വേറെ ഏതെങ്കിലും വസ്തുവിലുള്ള ഒരു സെൻറ ഭൂമിയോ, അതിൽ നിൽക്കുന്ന ഒരുമൂട് പ്ലാവോ, മാവോ പാട്ടം ഏററതായി പ്രമാണത്തിൽ ചേർത്ത് പ്രമാണങ്ങൾ രജിസ്റ്ററാക്കി വരുന്നതായി അനുഭവപ്പെടുന്നുണ്ട്. എൻെറ ഒരു വസ്തു അങ്ങനെയുള്ള ഒരു പ്രമാണത്തിൽപ്പെട്ടു വരികയാണെങ്കിൽ എനിക്ക് ആ വസ്തുവിന്മേൽ ലാൻഡുമോർട്ടുഗേജ് ബാങ്കിൽ നിന്നോ മററ് ഏതെങ്കിലും ബാങ്കുകളിൽ നിന്നോ കുറെ പണം കടം എടുക്കേണ്ടി വന്നാൽ മററ വസ്തുക്കൾകൂടി പ്രമാണത്തിൽപ്പെടുത്തേണ്ടതായിവരും. അതുകൊണ്ടു വളരെയധികം വിഷമങ്ങൾ നേരിടും. ഇങ്ങനെയുള്ള വിഷമങ്ങൾ കക്ഷികൾക്ക് മിക്കവാറും നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് പഴയ രീതിയിൽ തന്നെ പ്രമാണങ്ങൾ രജിസ്റ്റർ ആക്കുവാനുള്ള അധികാരം സബ്‌രജിസ്ട്രാർക്ക് നൽകുന്നതു നന്നായിരിക്കും. ആ അമൻഡ്മെൻറുംകൂടി ഇതിൽ ചേർത്തുകഴിഞ്ഞാൽ വളരെ പ്രയോജനകരമായിരിക്കും എന്നാണ് എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളത്.

Mr. Speaker: May I invite the attention of the hon. Member to the fact that the present amendment Bill relates only to the matter of framing some rules for document writers? But the hon Member is referring to a matter which affects some of the Sections of the Indian Registration Act. It is not quite relevant.

ശ്രീ. ഒ. സി. നൈനാൻ: ഇതിനെ സംബന്ധിച്ച് മുൻപ് ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ ചൂണ്ടിക്കാണിച്ചതിന് ഫിനാൻസ് മിനിസ്റ്റർ മറുപടി പറഞ്ഞിട്ടുണ്ട്. അതു തൃപ്തികരമാണോ എന്നെനിക്കു സംശയമാണ്. ഞാൻ മുൻപു പറഞ്ഞതുപോലെ ചില ഉപദ്രവകരമായ കാര്യങ്ങൾ കൂടിയുണ്ട്. ആ വക ന്യൂനതകൾകൂടി കണ്ടുപിടിച്ച് ഇതിൽ ചേർക്കുന്നതു നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം.

Mr. Speaker: No other speakers, I suppose. The motion before the House is that the Indian Registration Act (Travancore-Cochin Amendment) Bill be taken into consideration.

The motion was put and carried.

Clauses 1 and 2.

Mr. Speaker: As there are no amendments proposed to the Bill, the question before the House is that Clauses 1 and 2 stand part of the Bill.

The motion was carried.

Clauses 1 and 2 were added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri. A. Chidambaranatha Nadar: Sir, I move that the Bill be finally passed.

Shri Panampilli Govinda Menon: I second it.

The motion that the Indian Registration Act (Travancore-Cochin Amendment) Bill be passed into law was put and carr.ed.

The Bill was passed.

The Travancore-Cochin Land Tax Bill.

Minister for Revenue (**Shri A. Chidambaranatha Nadar**):

Sir, I beg to introduce the Travancore-Cochin Land Tax Bill and move that it may be referred to a Select Committee the members of which I shall propose later.

Shri Panampilli Govinda Menon: I second it.

Mr. Speaker: The Travancore-Cochin Land Tax Bill stands introduced.

<u>ஸ்ரீ. ஏ. சிதம்பரநாத நாடார்:</u> ஸார், நான் இந்த Bill-ஐ இந்த அஸெம்பிளியில் பிரேரித்ததற்கு ஒரே ஒரு காரணந்தானுண்டு. அதாவது, திருவிதாங்கூர் பகுதியிலுள்ள நிலங்களின் பேரில் 1121-ம் வருஷத்து The Travancore Land Tax Proclamation அனுசரித்து அடிப்படைக்கரம் வசூலித்து வரப்படுகிறது. இந்த நிர்மாணம் அனுசரித்து அடிப்படைக் கரத்தை திருவிதாங்கூரிலுள்ள எல்லா பூமிகளின் பேரிலும் வரிவசூல் செய்து கொண்டிருக்கிறோம். இங்கு நிலங்களுக்கு ஒரு சென்றுக்கு அடிப்படைக்கரம் மூன்று பைசா. இந்த வரியானது, பண்டைக்காலத்தில் எந்தெந்த நிலங்களுக்கு வரி வசூல் செய்யப்பட்டு வந்ததோ அந்த நிலங்களுக்குத்தான் கொடுக்கப்படுகிறது. இதில் ஜென்மிகரம் வாரம் உட்படாது.

[ஸ்ரீ. ஏ. சிதம்பரநாத நாடார்]

மரங்களுக்குள்ள வரி இதில் நிறுத்தப்பட்டிருக்கிறது. ஸ்ரீபண்டார வகை நிலங்கள் ஸ்ரீபாதம் நிலங்கள், கண்டுகிருஷி, இடப்பள்ளி, பூஞ்ஞார், வஞ்சிப்புழை, கிளிமானூர் முதலிய இடங்கள் இதில் உள்படாது.

Shri E. P. Varghese: May I know from the hon. Minister whether he had received several representations from the people of Edavagais that those lands also may be brought under the Basic Tax?

Shri A. Chidambaranatha Nadar: Yes, Government have received such representations.

Shri E. P. Varghese: May I know under what provisions were they rejected?

Shri A. Chidambaranatha Nadar: They were not rejected but on the other hand they are engaging the attention of Government.

Shri E. P. Varghese: May I know whether it would not have been better to have brought forward this Bill after some decision was arrived at on that point?

Shri Panampilli Govinda Menon: Sir, in order to give effect to those representations it is not intended that this Bill should be acted upon. This Bill is based on Government assessment of land tax in Travancore-Cochin. And, I know, Sir, that this has given rise to certain misconceptions. If basic tax is to be introduced with respect to the kind of lands mentioned by the hon. Member for Alangad, that won't solve the problem. What is demanded is that the dues to the Edavagais referred to may be reduced and the liabilities of these tenants and *pattadars* may be fixed at the rate of the basic tax due to Government. That is a larger question and a different question.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸார், திருவிதாங்கூர்-கொச்சி ராஜ்யத்தில் கொச்சி பாகத்திலுள்ள நிலங்களுக்கு 1905 வருஷத்து Settlement அனுசரித்து வரி வசூலித்து வரப்படுகிறது. அதாவது திருவிதாங்கூரில் அடிப்படைக் கரம் அமுலுக்கு வருவதற்கு முன்னந்த முறையில் வரி வசூல் செய்யப்பட்டுவந்ததோ அந்த முறையில் தான் கொச்சியில் வரி வசூலித்து வரப்படுகிறது. திருவிதாங்கூர்-கொச்சி ராஜ்யத்தில் ஒரே மாதிரி அடிப்படையில் வரி வசூல் செய்ய வேண்டுமென்ற காரணத்திற்காக இந்த Bill கொண்டுவரப்பட்டிருக்கிறது. இதில் இரண்டு திருத்தங்கள் உண்டு. கொச்சியிலுள்ள தேவஸ்வம் பூமிக்குள்ள தேவஸ்வம் கரத்தையும், அதே பூமிகளுக்குள்ள அரசாங்க வரியையும், சர்க்காரே வசூலித்து, இரண்டு இனங்களாக எடுக்கப்பட்டு வருகிறது. மேலால் சர்க்காருக்குக் கொடுக்கப்படும் வரி அடிப்படை வரியாக மாறும் என்று நான் சொல்லிக்கொள்கிறேன். இரண்டாவது, பாட்டங்களை, அல்லது

வேறு எந்தவிதமான Contract *முறையிலோ அல்லது வேறு முறையில் கரம் கொடுக்கவேண்டுமென்று இருந்தால் அது அடிப்படை கரமாக மாறும். இந்த* Bill *அமுலில் வரும்போது திருவிதாங்கூர்-கொச்சி சர்க்காருக்கு* 3·3 *லக்ஷம் ரூபாய் நிலக்கரத்தில் குறையும் என்று சொல்லிக்கொள்கிறேன்.*

ശ്രീ. ഓ. സി. നൈനാൻ: ഈ ബില്ലിന്റെ സാമാന്യതത്വത്തോടു യോജിക്കുന്നതോടൊപ്പം ഇതിനെ സംബന്ധിച്ച് ഒന്നുരണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബില്ലിന്റെ പ്രിയാമ്പിളിൽ പറഞ്ഞിരിക്കുന്നത് തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള എല്ലാ ടാക്സുകളും ഒന്നുപോലെ ആക്കുവാൻ ഉള്ള കാരണങ്ങളാണ്. അതു വളരെ നല്ല ഒരു കാര്യമാണ്. കർഷകക്കും വസ്തു ഉടമസ്ഥന്മാക്കും അതു വളരെ പ്രയോജനകരമായിരിക്കുമെന്നും ഞാൻ കരുതുന്നു. എന്നാൽ ഈ ബില്ലിന്റെ റീസൺസ് ആൻഡ് ആബ്ജക്റ്റ്സിൽ ഈ ബില്ലിന്റെ പരിധിയിൽ നിന്ന് ഏതെങ്കിലും ടാക്സ് ഒഴിവാക്കുവാനുള്ള കാരണങ്ങളൊന്നും പറഞ്ഞിട്ടില്ല. ഈ ബില്ലിലെ ക്ലാസ്സ് 1 (ഇ) പരിശോധിച്ചാൽ ഇടപ്പള്ളി, കിളിമാനൂർ, വഞ്ചിപ്പുഴ, പൂഞ്ഞാർ എന്നീ ഇടവക സ്ഥലങ്ങൾ അതിന്റെ പരിധിയിൽ നിന്ന് ഒഴിച്ചിട്ടുള്ളതായി കാണാം. അങ്ങനെ ഒരു വലിയ വിഭാഗം ഭൂമി ഒഴിവാക്കുന്നതിനുള്ള ഒരു വകുപ്പുകൂടി ഈ ബില്ലിൽ ചേർത്തിട്ടുണ്ട്. ഏതാണ്ട് വലതുകൈകൊണ്ട് കൊടുത്തിട്ടുള്ളതിൽ പകുതിയോളം സംഖ്യ ഇടതുകൈകൊണ്ടു തിരിച്ചെടുക്കുന്നതുപോലെയുള്ള ഒരനുഭവമാണ് ഉണ്ടാകുന്നത്. ഇതൊന്നും ഗവണ്മെന്റു വസ്തുക്കളല്ലാത്ത കാരണംകൊണ്ടു പ്രത്യേകിച്ച് ഒരു നിയമം വേണ്ടതാണ് എന്നു ഫിനാൻസുമിനിസ്റ്റർ ചൂണ്ടിക്കാണിച്ചതായി ഞാൻ ഓർക്കുന്നു. അതിനെ സംബന്ധിച്ച് ഒരു കാര്യം എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ട്. ഇടപ്പള്ളി, ഇടവക എന്റെ നിയോജകമണ്ഡലമായ കല്ലൂപ്പാറ നിയോജകമണ്ഡലത്തിൽപെട്ട ഇടവകയാണ്. ഇടപ്പള്ളി ഇടവക വസ്തുക്കളെല്ലാം ഇടപ്പള്ളി രാജാവിന്റെ വകയായിരുന്നു. തിരുവിതാംകൂറിലുണ്ടായിരുന്ന വസ്തുക്കളിൽ നിന്നു തിരുവിതാംകൂർ രാജാവിന് കരം പിരിക്കുവാൻ അധികാരം ഉണ്ടായിരുന്നതുപോലെ ഇടപ്പള്ളി ഇടവക വസ്തുക്കളിൽ നിന്നു കരം പിരിക്കുവാനുള്ള അധികാരം ഇടപ്പള്ളി രാജാവിനുണ്ടായിരുന്നു. അതു് ചരിത്രദൃഷ്ട്യാ തെളിയിക്കാവുന്നതുമാണ്. ഇടപ്പള്ളി ഇടവക വസ്തുക്കൾ കൈയ്‌വശംവച്ച് അവിടെ വസിച്ചിരുന്ന ആളുകൾ തിരുവിതാംകൂർ രാജ്യത്തുള്ള ആളുകൾ ഏതുപ്രകാരത്തിൽ തിരുവിതാംകൂർ രാജാക്കന്മാരുടെ വസ്തുക്കൾ കൈയ്‌വശംവച്ച് തിരുവിതാംകൂർ രാജാവിന് കരംകൊടുത്തുവന്നിരുന്നുവോ അതുപോലെയുള്ള അധികാരവും അവകാശവും അനുസരിച്ച് വസ്തു കൈയ്‌വശംവച്ച് ഇടപ്പള്ളി രാജാക്കന്മാക്ക് കരം കൊടുക്കുകയും ചെയ്തിരുന്നു. പാട്ടമായിട്ടല്ലാ അവർ കൊടുത്തിരുന്നതു്; കരമായിട്ട് ആയിരുന്നു. ഗവണ്മെന്റു വസ്തുക്കളിൽ ഏതുപ്രകാരം കരം കൊടുക്കുന്നുവോ അതേ രീതിയിലുള്ള കരം ഇടപ്പള്ളി രാജാവിനു കൊടുത്തിരുന്നു. ഇടപ്പള്ളി രാജ്യം കൊച്ചി രാജ്യത്തോടു ചേർന്നപ്പോൾ ആ കരം അവിടെ പിരിച്ചിരുന്നു. പിന്നീട് തിരുവിതാംകൂർ വിഭാഗത്തോടു ചേർന്നപ്പോൾ ആ കരം തിരുവിതാംകൂർ രാജാവു് പിരിച്ചെടുത്തിരുന്നു. കിളിമാനൂർ, പൂഞ്ഞാർ, വഞ്ചിപ്പുഴ ഈ ഇടവക വസ്തുക്കൾപോലെയല്ല ഇടപ്പള്ളി ഇടവക വസ്തുക്കൾ.

<u>ശ്രീ. ടി. വി. താമസ്</u>: കിളിമാനൂർ ഇടവകയും, ഇടപ്പള്ളി ഇടവകയുമായിട്ട് എന്താണു വ്യത്യാസം?

<u>ശ്രീ. ഓ. സി. നൈനാൻ</u>: അതു് ഞാൻ പറയാം. റവന്യൂ മാന്വൽ നോക്കിയാലും പല ചരിത്രഗ്രന്ഥങ്ങൾ നോക്കിയാലും അറിയാം. ഇടപ്പള്ളിയുടെ വക ഭൂമി കൈവശം വച്ചിരുന്നവർ ടാക്സ് ആയിരുന്നു, അല്ലാതെ പാട്ടമല്ല കൊടുത്തുവന്നിരുന്നതു്. ആ കരം നിശ്ചയിച്ചിരുന്നതു തന്നെയും ഗവണ്മെൻറ് റൂൾസ് അനുസരിച്ചാണു്. ഗവണ്മെൻറ വസ്തുക്കൾക്ക് കരം നിശ്ചയിക്കുന്ന അതേ ചിട്ട അനുസരിച്ചാണു് ഈ വസ്തുക്കൾക്കും കരം നിശ്ചയിച്ചിരിക്കുന്നതു്.

തിരുവിതാംകൂറിൽ റവന്യൂറിക്കവറി ആക്റ്റ് നിർമ്മിക്കുവാൻ വന്നപ്പോൾ ഇടപ്പള്ളി ഇടവക വസ്തുക്കളേയും തിരുവിതാംകൂർ രാജാവിന്റെ വസ്തുക്കളേയും ഒരേ നിലയിൽ കണക്കാക്കുവാൻ പാടില്ലെന്നൊരു വാദം വന്നു. അതായതു് തിരുവിതാംകൂർ രാജാവിനേയും ഇടപ്പള്ളി രാജാവിനേയും ഒരേ നിലയിൽ കണക്കാക്കുവാൻ പാടില്ല എന്നൊരു അഭിമാനത്തെ അടിസ്ഥാനമാക്കി തിരുവിതാംകൂർ രാജാവിന്റെ ഭൂമിയിൽനിന്നു കരം പിരിക്കുന്നതിനെ ഈ ആക്റ്റിൽ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും ഇടപ്പള്ളി ഇടവക ഭൂമികൾക്ക് പ്രത്യേകം ഒരു നിയമം കൊണ്ടുവരാമെന്നു നിശ്ചയിക്കുകയും ചെയ്തു. അതോടുകൂടി തന്നെ ൧൦൯൭-ലെ ൪-ാം ആക്റ്റ് ഇടപ്പള്ളി സ്വരൂപം വക വസ്തുക്കളിൽ നിന്നു കരം പിരിക്കുവാൻ കൊണ്ടുവരികയും ചെയ്തു. അതിലെ വ്യവസ്ഥയിൽ ഗവണ്മെൻറ വസ്തുക്കൾ കൈവശം വച്ചിരിക്കുന്നവർക്ക് ഏതെല്ലാം അധികാരാവകാശങ്ങൾ ഉണ്ടോ ആ അധികാരാവകാശങ്ങളെല്ലാം ഇടപ്പള്ളി സ്വരൂപംവക വസ്തുക്കൾ കൈവശംവച്ചിരിക്കുന്നവർക്കും ഉണ്ടായിരിക്കുന്നതാണെന്നു പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഇങ്ങനെ പ്രത്യേകം ഒരു നിയമംകൊണ്ടുവന്നതു് അഭിമാനത്തെകരുതി, തിരുവിതാംകൂർ രാജാവിനേയും ഇടപ്പള്ളി രാജാവിനേയും ഒരേ നിലയിൽ കണക്കാക്കി കരം പിരിക്കുവാൻ പാടില്ല എന്നു കരുതിയാണു്. ഞാൻ ഇതു ചൂണ്ടിക്കാണിക്കുന്നതു് അവിടെ കരമാണു്, പാട്ടമല്ലായിരുന്നു അതേവരെ ചുമത്തിയിരുന്നതെന്നും വസ്തു ഉടമസ്ഥന്മാർക്ക് സ്ഥിരാവകാശവും പൂർണ്ണമായ അവകാശവും ഉണ്ടായിരുന്നതാണെന്നും അറിയുവാൻ വേണ്ടിയാണു്. ൧൦൪൮-നു മുമ്പുതന്നെ ഇടപ്പള്ളി സ്വരൂപത്തിൽ വസ്തു കൈവശക്കാർ ഉണ്ടായിരുന്നതാണു്. ൧൦൯൮-നു ശേഷം ഇടപ്പള്ളി സ്വരൂപംവക വസ്തു കൈവശക്കാരുടെ അവകാശത്തിൽ പല മാററങ്ങളും വരുത്തി. അതായതു കൊട്ടാരത്തിന്റെ സ്വാധീനംകൊണ്ടും ഉദ്യോഗസ്ഥന്മാരുടെ സ്വാധീനംകൊണ്ടും കുടിയാന്മാരുടെ അവകാശങ്ങളെ പലതും കൈവശപ്പെടുത്തി. അങ്ങനെ ചെയ്തുകൊണ്ടു കുടിയാന്മാരുടെ അവകാശം ഇല്ലായ്മ ചെയ്യുവാൻ പാടില്ല. എല്ലാ സ്ഥലത്തും ബേസിക്ക് ടാക്സ് നടപ്പാക്കുമ്പോൾ ഇടപ്പള്ളി സ്വരൂപം വസ്തുക്കൾക്ക് അതു ബാധകമാക്കാൻ പാടില്ല എന്നു പറയുന്നതിനു യാതൊരു ന്യായവും ഞാൻ കാണുന്നില്ല. എന്താണെന്നുവെച്ചാൽ ൧൦൯൭-ലെ

ർ -ാം റഗുലേഷൻ അനുസരിച്ച് തിരുവിതാംകൂർ രാജാവിന്റെ ഭൂമികളുള്ള എല്ലാ അവകാശങ്ങളും ഇടപ്പള്ളി സ്വരൂപം വക ഭൂമിക്കും കൊടുത്തിട്ടുണ്ട്. പണ്ട് ഇടപ്പള്ളി സ്വരൂപം ഭൂമികളിലെ കരം ഇടപ്പള്ളി രാജാവിന് കിട്ടിവന്നിരുന്നു. ഗവൺമെൻറിനു വേണമെങ്കിൽ റവന്യൂറിക്കവറി ആക്ററനുസരിച്ച് പിരിച്ചെടുക്കാമെന്നല്ലാതെ അതിന്റെ പ്രതിഫലം പററിയിരുന്നില്ല. ഗവൺമെൻറ് അവിടെ നിന്നു പിരിക്കുന്ന കരം ഇടപ്പള്ളി രാജാവിനു കൊടുക്കുന്നതിനു യാതൊരു വിരോധവുമില്ല. പക്ഷെ ഞങ്ങൾക്ക് അതിനു സമ്മതമില്ലെന്നുള്ള കാര്യമാണ് ഞാൻ ഈ സഭയുടെ മുമ്പിൽ ചൂണ്ടിക്കാണിക്കുന്നത്. ഒരേ തരത്തിലുള്ള വസ്തുക്കളിൽ രണ്ടുതരത്തിൽ സംഗതികൾ നടത്തുന്നത് ഒരിക്കലും ശരിയല്ല. ഈ നിയമം പാസ്സാക്കിയാൽ ഇടപ്പള്ളി സ്വരൂപക്കാരെ മാററുന്നതിനു പ്രതിഫലം കൊടുക്കണം. ജനങ്ങളെ സംബന്ധിച്ചിടത്തോളം അതിനു യാതൊരു ഉത്തരവാദിത്വവുമല്ല. വസ്തു ഉടമസ്ഥന്മാക്ക് പണ്ടാരവക വസ്തുവിൽ എന്തെല്ലാം അധികാരാവകാശങ്ങൾ ഉണ്ടോ ആ അവകാശം അവക്കും കൊടുക്കണം. ഗവൺമെൻറ് ഇടപ്പള്ളി സ്വരൂപക്കാരെ മാററുകയാണെങ്കിൽ പ്രതിഫലമായി അവക്ക് കരം കൊടുക്കണമെങ്കിൽ ഞങ്ങൾക്ക് വിരോധമില്ല.

Shri A. Chidambaranatha Nadar: Whom are you paying to now, the tenant or the Chief?

Shri O. C. Ninan: The tenants are paying the Edapalli Chief. The only thing is that it is being collected by the Government. The Chief's agents will apply to the Taluk authorities and collect the amount and pay it to the Chief. Now, the Government are not getting anything under the tax. Under such circumstances, the Government have no right to collect any tax further.

Shri A. Chidambaranatha Nadar: Government are not collecting anything even though the basic tax is not introduced

Shri Panampilli Govinda Menon: It will add to your burden.

Shri O. C. Ninan: If the lands that are liable to be assessed under the basic tax here enjoy any benefit, we are also entitled to the same benefit. Unless we are to suffer a certain amount of disability, it is not going to add to our liability.

Shri E. P. Varghese: Were the Edavagai lands brought under the Settlement? Were they brought under the Settlement procedure?

Shri O. C. Ninan: Yes.

Shri E. P. Varghese: In whose names are the *pattas*?

Shri O. C. Ninan: The *pattas* are in the name of the tenants.

Shri Panampilli Govinda Menon: Is the hon. Member for Kalloopara aware that where occupancy rights exist, *pattas* are given?

Shri O. C. Ninan: No, in some cases only they are given.

Shri Panampilli Govinda Menon: No, in all cases occupancy rights are given.

Shri O. C. Ninan: Anyhow, from 1068, and even before the Pattom Proclamation of 1042, we were enjoying permanent occupancy rights. Then, how can you take away that right?

Shri Panampilli Govinda Menon: What I suggested was that where there are occupancy rights, *pattas* will be given; where occupancy rights are sought to be conferred, then also *pattas* will be given. Anyway, the right of a *pattadar* in law under the land revenue system everywhere in India is considered to be an indication or index of an occupancy right.

ശ്രീ. ഒ. സി. നൈനാൻ: പട്ടയം കിട്ടുന്നതുകൊണ്ടു മാത്രമാണു് ഉടമസ്ഥാവകാശം കിട്ടുന്നതു് എന്നല്ല എന്റെ വാദം. ഉടമസ്ഥാവകാശം ഇല്ലാത്തവർക്കു പട്ടയം കൊടുക്കുകയില്ല. വസ്തു ഞങ്ങളുടെതായിരുന്നു എന്നും ഞങ്ങൾ കരം മാത്രമാണു് കൊടുത്തിരുന്നതു് എന്നുമാണു് ഞാൻ പറഞ്ഞതു്. ഇങ്ങനെയുള്ള വസ്തുക്കൾ ഈ ആക്ററിന്റെ പരിധിയിൽനിന്നു ഒഴിവാക്കണമെന്നു പറയുന്നതിൽ യാതൊരു നീതിയും ഇല്ല. തിരുവിതാംകൂർ-കൊച്ചിയിലുള്ള എല്ലാ വസ്തുക്കളും ഇതിന്റെ പരിധിയിൽപ്പെട്ടതാണു്. ഒബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ ഈ വസ്തുക്കൾ ഇതിന്റെ പരിധിയിൽനിന്നു് ഒഴിവാക്കുന്നതിനു് യാതൊരു കാരണവും പറഞ്ഞിട്ടില്ല. ഈ സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനു യാതൊരു കാരണവും ഇല്ലാതിരുന്നതുകൊണ്ടാണു് ഒന്നും പറയാതിരുന്നതു്. ചരിത്രപരമായി നോക്കിയാലും കാര്യകാരണങ്ങളെക്കൊണ്ടു നോക്കിയാലും ഗവണ്മെന്റിന്റെ പാളിസി നോക്കിയാലും ഈ നിയമത്തിന്റെ പരിധിയിൽനിന്നും ഇടപ്പള്ളിയുടെ വക വസ്തുക്കൾ ഒഴിവാക്കുന്നതു് ഒരിക്കലും നീതീകരിക്കത്തക്കതല്ല. കിളിമാനൂർ, പൂഞ്ഞാർ, വഞ്ചിപ്പുഴ എന്നീ ഇടവക വസ്തുക്കളേയും ഒഴിവാക്കാൻ പാടില്ല. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതായതുകൊണ്ടും എനിക്കു് അതിനെപ്പററി കൂടുതൽ അറിയാമെന്നുള്ളതുകൊണ്ടുമാണു് ഇടപ്പള്ളി ഇടവകയെപ്പററി ഞാൻ ഇത്രയും പ്രത്യേകം പറഞ്ഞതു്.

Shri Panampilli Govinda Menon: May I know from the hon. Member what his views are in regard to *palliam* properties?

Shri O. C. Ninan: That has not been brought in here. If it is sought to be included here and if I consider that it stands in the same category, I would say that proprietary right should be given to the occupants.

Shri Panampilli Govinda Menon: May I know whether these properties are dealt with in the same way in which the *palliam* properties are dealt with?

Shri O. C. Ninan: I am not aware of the dealings in regard to those properties. I know of the properties in *Kilimanoor Edava[illegible]a, Vanjipuzha* and *Poonjar*. If the facts are given to me about *Palliam* properties, I would say whether they deserve a

treatment on a par with the other properties. But as far as these properties are concerned, I should be given all the privileges that the *Pandarapattom* properties enjoy.

ശ്രീ. ടി. ഏ. തോമസ്: കിളിമാനൂരും, ഇടപ്പള്ളി ഇടവകയും തമ്മിലുള്ള വ്യത്യാസങ്ങൾ പറയാമെന്നു മുമ്പ് പറഞ്ഞുവല്ലോ. എന്താണ് വ്യത്യാസം?

ശ്രീ. ഒ. സി. നൈനാൻ: കിളിമാനൂർ ഇടവകവസ്തുക്കൾ കിളിമാനൂർ രാജാക്കന്മാർക്ക് ഏതോ കാരണവശാൽ ദാനമായിട്ട് വിട്ടുകൊടുത്തിട്ടുള്ളതാണ്. നേരെമറിച്ച് ഇടപ്പള്ളി ഇടവകവസ്തുക്കൾ അങ്ങനെയുള്ളതല്ല. ഇടപ്പള്ളി രാജാവ് തിരുവിതാംകൂർ രാജാവിനെപ്പോലെ ഒരു രാജാവായിരുന്നു. ചരിത്രപരമായ കാരണങ്ങളാൽ രണ്ടു രാജവംശങ്ങളും കൂടി ഒന്നിച്ച് ചേർന്നതാണ്. കിളിമാനൂർ അങ്ങനെയല്ല. ഇടപ്പള്ളി ഇടവക മറ്റുള്ള ഇടവകയിൽ ഒരുപടി കൂടി മുന്നിട്ടുനിൽക്കുന്നുവെന്നു കാണിക്കാനാണ് ഞാൻ ഇതു പറഞ്ഞത്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഇടപ്പള്ളി ഇടവകയിൽ ബേസിക് ടാക്സ് ഏർപ്പെടുത്തുകയാണെങ്കിൽ ഇപ്പോൾ കൊടുക്കുന്നതിലും കൂടുതൽ തുക കൊടുക്കേണ്ടിവരുമെന്നാണെങ്കിൽ അതു സമ്മതമാകുമോ?

ശ്രീ. ഒ. സി. നൈനാൻ: ബേസിക് ടാക്സ് ഏർപ്പെടുത്തുമ്പോൾ കൂടുതൽ തുക കൊടുക്കേണ്ടിവന്നാൽ അതു ഞങ്ങൾ കൊടുക്കും.

Shri A. Chidambaranatha Nadar: May I point out that if all these lands are brought under the purview of this Bill Government alone is going to be benefited?

ശ്രീ. ഒ. സി. നൈനാൻ: പക്ഷേ ജനങ്ങളാണു കൊടുക്കേണ്ടതു്

Shri Panampilli Govinda Menon: What are you going to do with the Chiefs and others?

Shri O. C. Ninan: They may be dealt with just like other people. Government may give pension or not. I have no objection in paying remuneration to them. They were enjoying certain benefits which they were not entitled to hitherto. They should not be given any more benefit like that. Vested rights have to be stopped. They all depend upon the circumstances.

Shri A. Chidambaranatha Nadar: As far as the Sripandaravaga lands are concerned some difficulties may arise.

Shri O. C. Ninan: Government have to solve the difficulty.

Shri A. Chidambaranatha Nadar: The same principle cannot be applied in the case of all such instances.

Shri O. C. Ninan: There are ever so many vested rights. If you point out particular cases I can give my suggestions.

Shri A. Thanu Pillai: May I know whether he is for acquisition of wealth as far as possible?

Shri O. C. Ninan: No. Tenants in Kalluppara are suffering a lot at the hands of the Edapalli Chief. The hon. Member who is now pleading for the people had sent in 14 amendments.

Shri A. Thanu Pillai: I am always pleading. I ask whether you plead for the people.

Shri K. Balakrishna Menon: Sir, As one belonging to Cochin, I think it is my duty to appraise the Government of the possible reactions of this Bill, if it is introduced in the Cochin area. With that object in view I would place certain facts and figures before this House. In 1124, the total assessment for that year is Rs. 10,74.402-5-2. The major part of it came from the wet lands *i. e.*, Rs. 7,26,691-2-6 while the revenue from parambas came to Rs. 3,47,711-2-8. The extent of wet land is 309948 acres, while that of the parambas is 4,54,398 acres. Thus, though the extent of wet land is less than the extent of parambas, the revenues from the former is disproportionately greater than that of the latter. The reason for this is, the parambas were only nominally assessed, which when worked out will come to round about a pie per cent. If this land-tax-bill were to be extended to the Cochin area, there will be a good drop in the revenue from the wet land and corresponding increase in the revenue parambas. The question which I desire this House to consider is this; who is going to get the benefit of this drop, and who is going to share the burden of this increase ?

The answer to these questions will depend upon the understanding of the pieces of legislation now obtaining in Cochin regarding liability to pay the revenue. There is the Settlement Proclamation of 1085. There is the Tenancy Act of 1113; and lastly there is the 'Verumpattom Act' of 1118. The first throws the burden upon the 'Jenmi'. The second throws the burden upon the Kanom tenant. The third throws the burden of paying the enhanced revenue since 1118,on the shoulders of the Verumpattom tenant. It is relevant at this stage to consider what section of the people and how many of them would come within the operation of each one of these respective laws. To appreciate this you have to run your eye over the history of the evolution of the Land Tenure system in Cochin. Originally the lands were divided into two broad categories, Pandaravaka and Puravaka, the former being land held by the Sircar directly. the latter being those assigned to individuals or institutions. Whatever may be their distinction, in course of time both these lands were demised on different tenures, such as 'Kanam' 'Anubhavom' 'Otti' etc. The one characteristic feature is that lands got into the hands of the middle class who looked upon it as a sort of investment. It is at this stage that Kanam tenants were called upon to pay the tax by the Tenancy Act of 1113. Before long, however with the advent of modern tendency to seek employment in Government service, or do business, the

middle class left agriculture, demising the properties to the lowest strata of poor persons on 'Verumpattom' tenure. Now then almost all the lands are held under this tenure in Cochin and the original distinction between the various tenures ceases to have any bearing on the question at issue. This is clear from the statistics of 1124. The number of non-cultivating proprietors taking rent in money or kind is only 4,549. While the number of cultivating owners come up to 14,170. These are the only people who are under an obligation to pay the revenue under the Settlement Proclamation of 1085 and the Tenancy Act of 1113. It is these people alone who stand to gain any drop in the revenue by means of this bill and not the verumpattom tenants, because they are under no obligation to pay revenue under the law, their liability being limited to the enhanced portion of it. Barring then these people, we get 23,953 tenant cultivators. These are persons probably holding wet lands as well as parambas. But there is still a wider section of verumpattom tenants who hold only parambas. This will be clear from the fact that almost every 5 out of 10 families in the State will be found holding some little extent of paramba at least. Therefore all these verumpattom tenants will have to pay the additional revenue under the proposed bill by virtue of the provision in the Verumpattom Act of 1118, throwing upon them the burden of paying any enhanced assessment. Thus, while this act gives relief to a few rich men, would work prejudice to the majority of the poor.

I enter a strong plea on behalf of the verumpattom tenants for the reason, that their back is already broken by what is known as 'Rack-renting' prevalent in Cochin. I do not know if the honourable members belonging to Travancore realise about it. The original 'Jenmi' has leased his properties for a nominal rent, but the lessee has sub leased it for a higher rent. This process of sub-leasing for higher and higher rent goes on, till by the time the property gets into the hands of the verumpattom tenant who actually cultivates it, he has contracted to pay a pattom which is beyond his capacity and the capacity of the land. To fix a fair rent and to fix a ceiling on holding, bills are introduced and the Government also propose to bring in a comprehensive legislation. Then probably some relief will have been granted to the verumpattom tenant. Then may be time enough then to throw this additional taxation on him; but not now.

Probably it may be argued under clause 6 of this bill the verumpattom tenant is going to get a benefit. That is on the assumption that leases in Cochin are of the character contemplated by that clause. It is not so. So far as my knowledge goes, leases do not contain a stipulation, but only a direction which makes all the difference that a lawyer desires to defeat the object of this clause. I will make my position clear, by means of an illustration. I can lease my property in 3 different ways. I can lease my property of 10 paras of seed sowing lands for a pattom of 100 paras. I can lease it for 100 paras plus tax. I

[Shri K. Balakrishna Menon.]

can lease it for 100 paras and direct the tenant to pay the tax from out of what is due to me and pay me the balance only. In the first case, I pay the tax. In the second case, the tenant pays the tax by virtue of contract. In the third case the tenant pays the tax by virtue of a direction. It is the last kind of leases that is generally obtained in Cochin. In all such cases, if there is a reduction in revenue that is going to the benefit of the landlord, and never to the benefit of the tenant, tenant having the obligation to make good the balance set apart for the tax.

In the circumstances, I would suggest to the Government to defer this bill till such time the Government could bring in a comprehensive legislation or refer it to a select committee.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സർ, അടിസ്ഥാനനികുതി കൊച്ചി വിഭാഗത്തെക്കൂടി ബാധകമാക്കുന്നതിനു വേണ്ടിയുള്ള ഈ ബില്ലിന്റെ തത്വത്തോടു പൊതുവിൽ യോജിക്കുകയാണു ഞാൻ ചെയ്യുന്നതു്. എന്നാൽ അതേ അവസരത്തിൽ അങ്ങനെ ബാധകമാക്കുന്നതുകൊണ്ടു് കൊച്ചിവിഭാഗത്തിലെ കൃഷിക്കാൎക്കു വരാനിടയുള്ള ചില വൈകല്യങ്ങളെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം ഈ ബില്ലിന്റെ പരിധിയിൽ നിന്നു് ഒഴിവാക്കിനിൎത്തിയിട്ടുള്ള ചില പ്രത്യേകതരം ഭൂമികൾക്കൂടി ബില്ലിലെ വ്യവസ്ഥകൾ ബാധകമാക്കണമെന്നും ഞാൻ പറയാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിൽ അടിസ്ഥാനനികുതി ബാധകമാക്കിയ അവസരത്തിൽ അന്നത്തെ ദിവാനായിരുന്ന സി. പി. രാമസ്വാമി അയ്യർ പ്രഖ്യാപിക്കയുണ്ടായി ഓരോ ഭൂമിയുടമസ്ഥനും കഴിവനുസരിച്ചു മാത്രം നികുതി കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നമെന്നു്. ആ നിലയിൽ എത്രയും തുച്ഛമായ ഒരു തുക; സെന്റിനു് നാലുകാശു് അടിസ്ഥാനനികുതിയായി നിജപ്പെടുത്തുകയാണു ചെയ്തതു്. അദ്ദേഹം അന്നു നിയമസഭയിൽ പ്രസ്താവിക്കുകയുണ്ടായി സൎക്കാരിനോടു് അഥവാ അന്നത്തെ നിലയിൽ മഹാരാജാവിനോടു്, ഭൂമിയുടമസ്ഥന്മാൎക്കുള്ള കൂറിനെ കാണിക്കുന്നതിനും ഭൂമി രാജാവിന്റേതാണെന്നു് വരുത്തുന്നതിനും വേണ്ടിയാണു് ഈ നികുതി വസൂലാക്കുന്നതെന്നു്. എന്നാൽ കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം അതിനൊരു മാററം വരുത്തുകയുണ്ടായി. സെന്റിനു് നാലുകാശു് പിരിച്ചുകൊണ്ടിരുന്ന അടിസ്ഥാനനികുതി കാലണ എന്ന നിലയിൽ വൎദ്ധിപ്പിച്ചു. അതിന്റെ ഫലമായി അടിസ്ഥാനനികുതിയുടെ തത്വംതന്നെ കുറെയെല്ലാം പരാജയപ്പെട്ടിട്ടുണ്ടു് എന്നാണു് എനിക്കു പറയാനുള്ളതു്. തിരുവിതാംകൂറിൽ അന്നു് അടിസ്ഥാനനികുതി നിശ്ചയിക്കപ്പെട്ടപ്പോൾ തന്നെ പലവിധത്തിലുള്ള അഭിപ്രായങ്ങളും പൊന്തിവന്നിരുന്നു. ഓരോ ഭൂമിക്കും അതാതിന്റെ നൽപ്പൂതിൽപ്പു് അനുസരിച്ചു് അടിസ്ഥാനനികുതി നിശ്ചയിക്കേണ്ടതാണെന്നു് ഒരഭിപ്രായം ഉണ്ടായിരുന്നതായി അറിയാൻ കഴിയുന്നുണ്ടു്. അതായതു് വെററു് ലാൻഡ്സിനു പറമ്പുകൾക്കും കൂടിയ ഒരു നികുതി ചുമത്തണമെന്നായിരുന്നു ആ അഭിപ്രായം. അടിസ്ഥാനനികുതി നിശ്ചയിക്കുന്നതിനുവേണ്ടി നിയമിക്കപ്പെട്ട സ്പെഷ്യൽ ഓഫീസർ മി. പരമേശ്വരൻപിള്ള അതിന്റെ ന്യായാന്യായങ്ങളെപ്പററി പരാമ

ശിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നതു വെററ ലാൻഡ്സിനു് അടിസ്ഥാന നികുതി ആറോ, എട്ടോ കാശായി നിശ്ചയിക്കണമെന്നും ഡ്രൈ ലാൻഡ്സിനു് നികുതി കുറയ്ക്കണമെന്നും പറയുമ്പോൾ അടിസ്ഥാനനികുതിയുടെ ആബ്ജക്റ്റ്സ് നിറവേറാതെ വരുമെന്നാണ്. അതായതു്, നിലവിലുള്ള നികുതിയെക്കാൾ വർദ്ധിച്ച നികുതി കൊടുക്കാൻ അതുമൂലം ചില വെററ് ലാൻഡ്സ് ഉടമകൾ ബാദ്ധ്യസ്ഥരായി വരുമെന്നും അതു് ഇതിന്റെ ഉദ്ദേശത്തെ തന്നെ പരാജയപ്പെടുത്തുമെന്നാണ് അദ്ദേഹം പ്രസ്താവിക്കുന്നതു്. ആ നിലവച്ചുകൊണ്ടു നോക്കുമ്പോൾ ഈ ബിൽ കൊച്ചിയിലെ നല്ല ഒരു വിഭാഗം കൃഷിക്കാർക്ക് കുറെയെല്ലാം ദോഷകരമായി തീരുമെന്നുള്ളതുകൊണ്ടു് ഇതിന്റെ ഓബ്ജക്റ്റ്സ് ശരിക്കും നിർവ്വഹിക്കപ്പെടുന്നില്ല. മി. പരമേശ്വരൻ പിള്ളയുടെ റിപ്പോർട്ടിൽ പറയുന്നതു ഇപ്രകാരമാണ്.

> "The fixing of basic tax for wet lands at six or eight cash per cent will adversely affect the bulk of the wet lands in the State except in Nanjinad, since the holders of wet lands of the lower tharams and of favourably assessed wet lands will then have to pay assessment in excess of what they are now paying therefor. The burden of taxation will thus be increased and the object of the new scheme frustrated."

അദ്ദേഹം വളരെ വ്യക്തമായി നിലവിലുള്ള നികുതി വർദ്ധിപ്പിക്കാൻ ഇടയാകരുതെന്നു് പ്രസ്താവിച്ചിട്ടുണ്ട്. സാധാരണയായി ഒരു നിയമമുണ്ടാകുമ്പോൾ ഏതൊരു ജനവിഭാഗങ്ങൾക്കു ഗുണം ചെയ്യുന്നതിനുവേണ്ടിയാണോ നിയമം ഉണ്ടാകുന്നതു ആ ജനവിഭാഗത്തിനു് അതിന്റെ വ്യവസ്ഥകൾ ഗുണം ചെയ്തില്ലെങ്കിലും ദോഷകരമായിത്തീരരുതെന്നുള്ള തത്വം അംഗീകരിക്കാറുണ്ട്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: ഈ ബിൽ നിയമമായാൽ കൊച്ചിക്കാർ പ്രത്യേകമായി മൂന്നു ലക്ഷം രൂപാ നികുതിയിനത്തിൽ കുറച്ചുകൊടുത്താൽ മതിയാകുമെന്നറിയാമോ?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കൊച്ചിയെ സംബന്ധിച്ചിടത്തോളം ൧൧ ലക്ഷത്തോളം രൂപ നികുതികൊടുക്കുന്നതു് ൮ ലക്ഷമായി ചുരുങ്ങുമെന്നറിയാം. അത്രത്തോളം ഇതു് കൊച്ചിയിലെ ഭൂവുടമകൾക്കു ഗുണകരമായിട്ടുണ്ടെന്നു സമ്മതിക്കുന്നു. എന്നാൽ വടക്കാഞ്ചേരി മെമ്പർ സൂചിപ്പിച്ചതുപോലെ അതിന്റെ മെച്ചം ആർക്കാണെന്നാണ് നോക്കേണ്ടതു്. ഒരേക്കർ ഭൂമിക്കു് ൮ രൂപാവരെ നികുതികൊടുക്കുന്ന ചില ഭൂവുടമകൾ കൊച്ചിയിലുണ്ടു്. പ്രത്യേകിച്ചും നിലങ്ങൾക്കും തീരപ്രദേശങ്ങളിലെ വസ്തുക്കൾക്കും അങ്ങനെയാണു നികുതി ഈടാക്കുന്നതു്. എന്നാൽ തലപ്പിള്ളി മുകുന്ദപുരം മുതലായ താലൂക്കുകളിൽ പറമ്പുകളിൽ ഏറിയ ഭാഗവും ഏക്കറിനു നാലണമുതൽ ഒരു രൂപക്കു് താഴെവരെമാത്രം നികുതി നിശ്ചയിക്കപ്പെട്ടിട്ടുള്ളവയാണ്. ഏതായാലും ഒരു നിയമം നടക്കുമ്പോൾ ഭൂരിപക്ഷത്തിനു് ഗുണമായിരിക്കുമെങ്കിൽ കുറെ ആളുകൾക്കു ചില്ലറ ദോഷം വരികയാണെങ്കിൽ തന്നെയും അതിനെ അനുകൂലിക്കണമെന്നാണു് എന്റെയും അഭിപ്രായം. പക്ഷെ ഈ നിയമം നടപ്പിൽവരുന്നതുകൊണ്ടുള്ള

[ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ.]

മെച്ചം ആർക്കാണെന്നും ദോഷം ആർക്കാണെന്നും നാം പരിശോധിക്കണം. കൊച്ചിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവിടത്തെ ഭൂമിയിൽ ഏറിയഭാഗവും ജന്മികളാണു കയ്യടക്കിവച്ചിരിക്കുന്നതു്. ഭൂമിയിൽ അദ്ധ്വാനിക്കുന്ന യഥാർത്ഥ കർഷകനു ഭൂമിയുടെ ഉടമസ്ഥാവകാശം വളരെ പരിമിതമാണു്. അങ്ങനെ ഭൂവുടമകായ്യത്തിൽ കൊച്ചിയിലെ സ്ഥിതി തിരുവിതാംകൂറിലേതിൽനിന്നു കുറെയെല്ലാം വ്യത്യസ്തമാണു് എന്നു കാണാൻ കഴിയും. ഭൂമിയുമായി യാതൊരുബന്ധവുമില്ലാത്ത കുറെ ആളുകൾക്കു് ഈ നിയമംകൊണ്ടു നികുതി കുറവുചെയ്തു കിട്ടുമെന്നൊരു മെച്ചംമാത്രമേ ഇതിനുള്ളു. അതേയവസരത്തിൽ ഏതെങ്കിലും ഭൂമിയുടെ നികുതി ഈ നിയമംമൂലം വർദ്ധിക്കുന്നുവെങ്കിൽ അതുകൊടുക്കാൻ കുടിയാൻ ബാദ്ധ്യസ്ഥനാണെന്നും വരുന്നു. ആ നിലയിൽ ഈ ബില്ലുകൊണ്ടുള്ള മെച്ചം മുഴുവൻ ജന്മിക്കും നഷ്ടംമുഴുവൻ കുടിയാനുമാണു് ഉണ്ടാകുന്നതെന്നു് സ്പഷ്ടമാണല്ലോ. കൊച്ചി വെറുംപാട്ടക്കുടിയാൻ നിയമത്തിലെ ഒരു വ്യവസ്ഥയനുസരിച്ചു ഏതെങ്കിലും ഭൂമിയുടെ നികുതിവർദ്ധിപ്പിച്ചാൽ അതുകൊടുക്കേണ്ട ഭാരം കുടിയാനാണു്. ആ വ്യവസ്ഥ ഞാനിവിടെ ഉദ്ധരിക്കാം;

"As between a verumpattomdar and his lessor, the latter shall, in the absence of any custom or contract to the contrary, be liable for the revenue, cess or tax payable to Government or to any local authority; but the former shall be liable for any enhancement subsequent to the commencement of this Act in the revenue, cess, or tax payable to Government or to any local authority."

ഇതിൽനിന്നു വ്യക്തമാകുന്നതു വെറുംപാട്ടക്കുടിയാൻ ആക്ട് നടപ്പിൽവന്നതിനുശേഷം, വെറുംപാട്ടക്കുടിയാൻ നികുതിവർദ്ധനവു കൊടുക്കാൻ ബാദ്ധ്യസ്ഥനാണെന്നാണു്. അതുകൊണ്ടു ഈ ബിൽ ജന്മികൾക്കു രക്ഷനൽകുന്ന അവസരത്തിൽ വളരെ അധികം കൃഷിക്കാക്കു് രക്ഷനൽകുന്നില്ലെന്നുമാത്രമല്ല അവക്കു ദ്രോഹകരമായിത്തീരുകയും ചെയ്യുന്നു. ബില്ലിലെ ആറാംവകുപ്പിൽ ഏതെങ്കിലും കരാറിൽ നികുതി കുടിയാൻകൊടുക്കണമെന്നു വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിൽ മേലാൽ ബേസിക് ടാക്സുമാത്രം കൊടുത്താൽമതി എന്നു വ്യവസ്ഥചെയ്തിട്ടുണ്ടു്. പക്ഷെ നിർഭാഗ്യവശാൽ കൊച്ചിയെസംബന്ധിച്ചിടത്തോളം അങ്ങനെയുള്ള വെറുംപാട്ടകരാറുകൾ വളരെ അപൂർവ്വമാണു്. അധികവും നികുതികൊടുക്കാനുള്ള അവകാശം ജന്മിമാരാണു ഏറ്റെടുത്തിട്ടുള്ളതു്. ആ നിലയിൽ നികുതിയിൽ ഇളവു ചെയ്യുന്നതുകൊണ്ടു പാട്ടത്തിൽ യാതൊരു വ്യത്യാസവും വരാൻപോകുന്നില്ല. ചിലകേസ്സുകളിൽ ഈ വ്യവസ്ഥമൂലം വർദ്ധിച്ച പാട്ടംകൊടുക്കാൻ കുടിയാൻ ബാദ്ധ്യസ്ഥനാകാനും ഇടയുണ്ടു്. ഈ കുറവുപരിഹരിക്കുന്നില്ലെങ്കിൽ വലിയ ഒരുവിഭാഗം കൃഷിക്കാക്കു് ദ്രോഹമായിരിക്കും ഇതുമൂലമുണ്ടാവുക. അതുകൊണ്ടു കൊച്ചി വെറുംപാട്ടക്കുടിയാൻ ആക്ടിൽ അമൻറമെൻറവരുത്താതെ ഈ ബിൽ പാസ്സാക്കുന്നതു ദോഷകരമാണു്. ഇതിൻെറ പരിധിയിലുൾപ്പെട്ട ഒരു വിഷയമല്ല അതെന്നാണു ഞാൻ പറഞ്ഞതു്.

മറെറാന്നു ഈ ബില്ലിന്റെ പരിധിയിൽനിന്നു കുറെയധികം ഭൂമികളെ ഒഴിവാക്കി നിറുത്തിയിട്ടുള്ളതിനെപ്പററിയാണു എനിക്കു പറയുവാനുള്ളതു്. ഏഴാം ക്ലാസ്സിൽ എ, ബി, സി, ഡി, ഇ എന്നിങ്ങനെ അഞ്ചിനം ഭൂമികളെയാണു ഒഴിവാക്കി നിറുത്തിയിട്ടുള്ളതു്. അതായതു്, ശ്രീപണ്ടാരവക, കണ്ടുകൃഷിവക, ശ്രീപാദംവക, ഇടവക, ഗവണ്മെന്റുവക കുത്തകപ്പാട്ടത്തിനും മററും കൊടുത്തിരിക്കുന്ന ഭൂമികൾ. ഈ ഭൂമികളെ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരുന്നതു ഭരണഘടനാവിരുദ്ധവും നിയമവിരുദ്ധവുമാണെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസ്താവിക്കയുണ്ടായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയല്ല ഞാൻ പറഞ്ഞതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇതിന്റെ നിയമവശങ്ങളെപ്പററി വളരെ വിശദമായ പരിജ്ഞാനമില്ലെങ്കിലും ഈ ബില്ലിന്റെ പരിധിയിൽ ഈ വിഷയങ്ങളും പെടുത്താൻ കഴിയുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഒന്നാമതായി ശ്രീപണ്ടാരവക ഭൂമിയുടെ കാര്യംതന്നെ എടുക്കാം. ശ്രീപണ്ടാരവകഭൂമി ശ്രീപത്മനാഭസ്വാമിയുടെ സ്വകാര്യസ്വത്താണെന്നാണു് വയ്പു. എന്റെ അറിവു ശരിയാണെങ്കിൽ മാർത്താണ്ഡവർമ്മ മഹാരാജാവു തിരുവിതാംകൂർ മുഴുവൻ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ പേരിൽ എഴുതിവച്ചു് ശ്രീപത്മനാഭന്റെ ദാസനായി രാജ്യം ഭരിക്കാൻ തീരുമാനിക്കുകയാണുചെയ്തതു്. അങ്ങനെ തിരുവിതാംകൂർ രാജ്യം മുഴുവൻ ശ്രീപത്മനാഭന്റേതാണെന്നു പറയാമെങ്കിലും ഈ പ്രത്യേകഭൂമികളെ ക്ഷേത്രത്തിന്റെ നടത്തിപ്പിനായി നീക്കിവയ്ക്കുകയാണു ചെയ്തതു്. ഈ ഭൂമികൾക്കു ഈ നിയമം ബാധകമാക്കാൻ പാടില്ലെന്നുള്ളതിനു് ബേസിക്ടാക്സ് സെക്ഷൻ ആഫീസർ ശ്രീ. പരമേശ്വരൻപിള്ള കാരണമായി പറയുന്നതു് ഇവിടെ പരിശോധിക്കുന്നതു പ്രയോജനകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

> "These are lands belonging to the deity Sree Padmanabhaswami, to whom the Great Maharaja Marthanda Varma, the founder of Modern Travancore, dedicated the whole State as a gift and assumed management of it as his Vassal. The above lands are managed by the State through the agency of a special establishment which though working under the Land Revenue Department i ioutside the State Budget."

അതു കഴിഞ്ഞു അദ്ദേഹം ഒഴിവാക്കുന്നതിനുള്ള കാരണം പറയുന്നതു ഇങ്ങനെയാണു്.

> "In view of the special circumstances associated with the Sreepandaravaka Lands and peculiar connection of the State with the Sripadmanabhaswami Temple, I tnink that these lands may be left as they are without being brought within the scheme of basic tax, at present."

എനിക്കു ചോദിക്കുവാനുള്ളതു് ഫ്യൂഡൽ സ്വേച്ഛാധിപത്യഭരണത്തിൻകീഴിൽ ഈ ഭൂമികളെ അടിസ്ഥാനനികുതിയിൽനിന്നു ഒഴിവാക്കി നിറുത്തുന്നതിനു് എന്തു ന്യായങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇൻഡ്യയിൽ ഒരു ഭരണഘടന നടപ്പിൽ വരികയും ഇൻഡ്യ ഒരു മതേതരരാ

[ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ]

ഷ്ഠമാണെന്നു പ്രഖ്യാപിക്കയും ചെയ്തതിനുശേഷം ഈ സ്റ്റേററിൽ രാജകുടുംബവും ക്ഷേത്രവും തമ്മിലുള്ള ബന്ധത്തിൻെറ അടിസ്ഥാനത്തിൽ ഈ ഭൂമികളെ ഇങ്ങനെ പ്രത്യേകമായി പരിഗണിക്കുന്നതിനു് എന്തെങ്കിലും ന്യായമുണ്ടോ എന്നാണു്? ശ്രീപണ്ടാരവക ഭൂമി ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൻെറ സ്വകാര്യസ്വത്തായി വയ്ക്കുന്നതിനു കാരണമായി പറയുന്നതു അതു ക്ഷേത്രത്തിൻെറ ചെലവുകൾ വഹിക്കണമെന്നതാണു്. ൧൬,൦൦൦ രൂപയാണു് മുൻകാലങ്ങളിൽ ശ്രീപണ്ടാരവകഭൂമികളിൽനിന്നു ആ ക്ഷേത്രത്തിൻെറ നടത്തിപ്പിനുവേണ്ടി പിരിച്ചിരുന്നതു് എന്നു രേഖകൾകൊണ്ടു കാണുന്നു. ഇന്നാണെങ്കിൽ അൻപതുലക്ഷം രൂപ ദേവസ്വം ഫണ്ടിലേക്കു കൊടുക്കുന്നതിൽനിന്നു് അഞ്ചുലക്ഷം രൂപയും, പൊതുറവന്യൂവിൽനിന്നു ഒരുലക്ഷം രൂപയും ഉൾപ്പെടെ ആറുലക്ഷംരൂപ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലേയ്ക്കു നീക്കിവച്ചിട്ടുണ്ടു്. ഈ രാജ്യത്തെ ക്ഷേത്രാവശ്യത്തിനു പണം വേണ്ടെന്നു് ഞങ്ങൾ പറയുന്നില്ല. തീർച്ചയായും അതിനു പണം അനുവദിക്കണം. എന്നാൽ ഒരു ക്ഷേത്രത്തിൻെറ നടത്തിപ്പിനു പ്രതിവർഷം ആറുലക്ഷം രൂപ നീക്കിവയ്ക്കുമ്പോൾ അതിനും പുറമെ ഒരു രണ്ടേമുക്കാൽ ലക്ഷം രൂപകൂടി ഈ ശ്രീപണ്ടാരവകഭൂമികളിൽനിന്നു് ഇതിലേയ്ക്കു നീക്കിവയ്ക്കേണ്ട ആവശ്യമുണ്ടോ എന്നാണു് പരിശോധിക്കേണ്ടതു്.

ശ്രീ. വാസുദേവൻപിള്ള : ആറുലക്ഷം രൂപ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനു കൊടുക്കുമ്പോൾ മററവകാശങ്ങളും ആ ക്ഷേത്രത്തിനുണ്ടായിരുന്നില്ലേ?

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ : അതു പറയാം. ൧൦൯൭-ലെ പ്രൊക്ലമേഷൻപ്രകാരം എല്ലാ ക്ഷേത്രങ്ങളുടെയും ഭരണം ഗവൺമെൻറ ഏറെറടുത്തപ്പോൾ അതിൽനിന്നുള്ള ആദായങ്ങളെല്ലാം പൊതുനികുതിയിൽ ഉൾപ്പെടുത്തുകയാണു ചെയ്തതു്. അതിനു പ്രതിഫലമെന്നോണമാണു് ഇപ്പോൾ കൊല്ലംതോറും ൫൦ ലക്ഷംരൂപ പൊതുറവന്യൂവിൽനിന്നു ക്ഷേത്രനടത്തിപ്പിലേക്കു നീക്കിവയ്ക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. അതിൻെറ ഗണ്യമായ ഒരോഹരി ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലേയ്ക്കു് നൽകുന്നുണ്ടു്. അപ്പോൾ പിന്നെ മററു ക്ഷേത്രങ്ങൾക്കൊന്നുമില്ലാത്ത ഭൂമിയിൽനിന്നു നേരിട്ടു കരംപിരിക്കാനുള്ള അവകാശം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനു കൊടുക്കുന്നതിൽ എന്തു ന്യായമാണുള്ളതു്? മനുഷ്യരുടെ ഇടയിലുള്ള ഈ വർഗ്ഗവ്യത്യാസങ്ങളും തരംതിരിവും ദൈവങ്ങളുടെ ഇടയിലും നടപ്പാക്കണമെന്നുണ്ടോ?

The house rose for lunch at 1 P. M. and re-assembled at 2 P. M. with Mr. Speaker in the Chair.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ : സർ, ഞാൻ പറഞ്ഞുകൊണ്ടിരുന്നതു് ശ്രീപണ്ടാരവക ഭൂമികളെ ഈ ബില്ലിൻെറ പരിധിയിൽനിന്നും ഒഴിവാക്കാതെ ഈ ഭൂമികൾക്കും അടിസ്ഥാനനികുതി ബാധകമാക്കണമെന്നുള്ളതിനെപ്പററിയാണു്. മണിയംകരം എന്ന പേരിൽ ഈ ഭൂമികളിൽനിന്നു പിരിച്ചുവരുന്ന കരം വളരെ അക്രമവും അന്യായവുമായ തോതിലാണു്. ഈ ഭൂമികളിൽ ഇന്നു

2 P. M.

ഏക്കറിന് ൩൦ പറനെല്ല്, പണമായിട്ടാണെങ്കിൽ ൧൭൦ രൂപ വരെയും കരം കൊടുക്കുന്ന കർഷകരുണ്ട്. ഈ മണിയംകരം നിറുത്തൽ ചെയ്യുന്നതുകൊണ്ട് ക്ഷേത്രനടത്തിപ്പിന് ഒരു കാലത്തും ഭംഗം വരുന്നതല്ല എന്ന ഞാൻ തീർച്ചയായി പറയുകയുണ്ടായി. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് ശ്രീപണ്ടാരവക ഭൂമികൾക്കും അടിസ്ഥാനനികുതി ബാധകമാക്കണമെന്നും, മണിയംകരവും അതുപോലുള്ള മററു നികുതികളും റദ്ദ ചെയ്യണമെന്നുമാണ്.

ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കി നിറുത്തിയിട്ടുള്ള മറെറാരിനം ഭൂമി കണ്ടുകൃഷി ഭൂമിയാണ്. കണ്ടുകൃഷി ഭൂമികൾ തിരുവിതാംകൂർ-കൊച്ചി സംയോജനം വരെ തിരുവിതാംകൂർ മഹാരാജാവിന്റെ സ്വകാര്യസ്വത്തുക്കളിൽപ്പെട്ടതായിരുന്നു. തിരുവിതാംകൂർ-കൊച്ചി സംയോജനത്തിന്റെ തൊട്ടു മുൻപായി ഈ ഭൂമികൾ സർക്കാരിലേയ്ക്കു വിട്ടുകൊടുക്കയും അതിന് അറുപതു ലക്ഷംരൂപ മഹാരാജാവിന് നഷ്ടപരിഹാരം നൽകാൻ തീരുമാനിക്കുകയും ചെയ്തു. ഈ സംഖ്യ, മൂന്നു ലക്ഷം രൂപയും കൊല്ലംതോറും എന്ന അടിസ്ഥാനത്തിൽ പൊതുഖജനാവിൽനിന്നും കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ കണ്ടുകൃഷി ഭൂമികൾ സർക്കാർവകയായിരിക്കുന്ന സ്ഥിതിക്ക് ഈ ഭൂമികൾ ഈ ബില്ലിന്റെ പരിധിയിൽ നിന്നൊഴിവാക്കുന്നതിനു യാതൊരു ന്യായവുമില്ല. ഭരണഘടനാപരമായി നോക്കുകയാണെങ്കിൽതന്നെ ഇതിൽ യാതൊരു ന്യായവുമില്ല. ഈവക ഭൂമികൾക്കും അടിസ്ഥാനനികുതി ബാധകമാക്കുകയും വർദ്ധിച്ച തോതിലുള്ള ഇപ്പോഴത്തെ നികുതിയേർപ്പാടു നിറുത്തലാക്കുകയും ചെയ്യേണ്ടതാണ്.

ഇനി എനിക്കു പറയുവാനുള്ളത് ശ്രീപാദംവക ഭൂമികളെപ്പററിയാണ്. ശ്രീപാദംവക ഭൂമികൾ പ്രധാനമായും കിടക്കുന്നത് ചിറയിൻകീഴ് താലൂക്കിലാണ്. ഇതിന്റെ വിസ്തീർണ്ണം പതിനയ്യായിരം ഏക്കറിൽ കൂടുതലാണെന്നാണെന്റെ ഓർമ്മ. ഈ ഭൂമികളിൽനിന്നും പിരിക്കുന്ന നികുതി രാജകുടുംബത്തിലേയ്ക്കാണു പോകുന്നതു്. അന്നു സർ സി. പി. രാമസ്വാമി അയ്യർ ഈ ഭൂമികളെ പ്രത്യേകമായി പരിഗണിക്കുകയും അവയെ അടിസ്ഥാനനികുതിയിൽനിന്നും ഒഴിവാക്കുകയും ചെയ്തതിന്റെ കാരണങ്ങൾ നമുക്കു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഒരു ജനകീയ ഗവണ്മെൻറ ആ നയം തുടരുന്നത് ഒരിക്കലും ന്യായീകരിക്കാവുന്നതല്ല. രാജപ്രമുഖനു ചെലവിലേയ്ക്കു പതിനെട്ടുലക്ഷം രൂപ പ്രിവിപഴ്സായി പൊതുഖജനാവിൽനിന്നു കൊടുക്കുന്നുണ്ട്. കൂടാതെ അറുപതുലക്ഷം രൂപ ജനങ്ങളുടെ അറിവോ സമ്മതമോ കൂടാതെ കണ്ടുകൃഷി ഭൂമിയ്ക്കു നഷ്ടപരിഹാരം കൊടുക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

Shri Panampilli Govinda Menon : The Hon. Member is not correct in his statement : കണ്ടുകൃഷി ഭൂമിയ്ക്കു നഷ്ടപരിഹാരമായി അറുപതുലക്ഷം രൂപ കൊടുത്തുവെന്നു പറയുന്നതു ശരിയല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : അതു ശരിയല്ലെങ്കിൽ ശരിയായ വിവരങ്ങൾ അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടുലക്ഷം രൂപ ആണു കൊടുക്കുന്നതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : എന്റെ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞ സംഗതികൾ പറയുകയാണു്. ഇന്നു കൊല്ലംതോറും ആറരലക്ഷം രൂപ കണ്ടുകൃഷിഭൂമികളിൽനിന്നും നികുതിയായി പിരിച്ചു വരുന്നുണ്ടു്. ഈ ഭൂമികളിൽനിന്നു ബേസിക് ടാക്സുമാത്രം ഈടാക്കുന്ന പക്ഷം ഒരു നാല്പത്തിനായിരം രൂപയ്ക്കു താഴെ മാത്രമെ ഇതിലെ കർഷകരായ ജനങ്ങൾ കൊടുക്കേണ്ടതായി വരികയുള്ളു. ആറു ലക്ഷം രൂപ ഇപ്പോൾ അവരിൽനിന്നു കൂടുതലായി ഈടാക്കി വരികയാണു്. ഇതു് ഏതു നിലയിലായാലും നിറുത്തൽ ചെയ്യേണ്ടതാണെന്നുള്ളതു് വെറും ന്യായംമാത്രമാണു്. ശ്രീപാദം ഭൂമിയുടെ കാര്യം ആണു് ഞാൻ പറഞ്ഞു വന്നതു്. ആണ്ടുതോറും ഇരുപത്തൊന്നുലക്ഷം രൂപ രാജപ്രമുഖനു് കൊടുക്കുന്നതു് അദ്ദേഹത്തിന്റെ ചെലവിനു് പോരായെന്നു് ആരും പറകയില്ലെന്നു ഞാൻ കരുതുന്നു. അതിനു പുറമെ ഈ മാതിരി നികുതി ഈടാക്കുന്നതു് നീതിക്കും ന്യായത്തിനും ചേർന്നതല്ല. അദ്ദേഹം ഒരു വ്യവസ്ഥാപിത ഭരണാധികാരിയായി തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ ഭൂമിക്കു് അടിസ്ഥാനനികുതി ബാധകമാക്കുന്നതിനും അതിന്മേൽ അദ്ദേഹത്തിനുള്ള അവകാശങ്ങൾ ഉപേക്ഷിക്കുന്നതിനും അദ്ദേഹം തയ്യാറാകണം. ഈ മന്ത്രിസഭ അദ്ദേഹത്തെ ഈ കാര്യത്തിൽ ഉപദേശിക്കണം. ഏതായാലും ഈ ഭൂമികളെ ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കരുതു് എന്നാണു് എനിക്കു ശക്തിയായി പറയാനുള്ളതു്. അടുത്തതായി ഇടവകകളെപ്പറ്റിയാണു്. അതായതു്, കിളിമാനൂർ, ഇടപ്പള്ളി, വഞ്ചിപ്പുഴ, പൂഞ്ഞാർ എന്നീ ഇടവക ഭൂമികളേയും അടിസ്ഥാനനികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണു്. ഇടപ്പള്ളി ഇടവകയുടെ കാര്യം കല്ലുപ്പുറം മെമ്പർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഈ കാര്യത്തിൽ കാൺസ്റ്റിറ്റ്യൂഷനലായി വളരെ കുഴപ്പങ്ങൾ ഉള്ളതായി ധനകാര്യവകുപ്പുമന്ത്രി പ്രസ്താവിച്ചു. എന്നാൽ ഇത്രയധികം കുഴപ്പങ്ങൾ ഇല്ലെന്നാണു് എന്റെ അഭിപ്രായം. ഏതായാലും ഈ തരത്തിലുള്ള വർദ്ധിച്ച നികുതി ഇവിടത്തെ കൃഷിക്കാരിൽനിന്നും ഈടാക്കിവരുന്നതു് അവരോടു ചെയ്യുന്ന ഒരു അനീതിയാണു്. ഈ കാര്യത്തിൽ ഗവണ്മെന്റിന്റെ നയപരിപാടികൾ എന്താണെന്നു് ഇതുവരെയും വ്യക്തമാക്കിയിട്ടില്ല. ഇന്നും പഴയ നാടുവാഴിത്തം അതേപടി വച്ചുപുലർത്തിപ്പോരുന്ന ഒരു നയം ആണു് ഈ ഗവണ്മെന്റു തുടരുന്നതെന്നാണു് ഞങ്ങൾക്കു് മനസ്സിലാക്കാൻ കഴിയുന്നതു്.

അതുപോലെതന്നെ കിളിമാനൂർ ഇടവകയിലും വർദ്ധിപ്പിച്ച തോതിൽ ഇന്നു നികുതി ഈടാക്കിവരുന്നു. ഭരണഘടനാചരിത്രരേഖകളിൽനിന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു് ൯൦൩-ലെ മറ്റൊ ധർമ്മരാജാവെന്നപേരിൽ സുപ്രസിദ്ധനായ തിരുവിതാംകൂർ മഹാരാജാവിനെ രാജ്യദ്രോഹികളിൽനിന്നും രക്ഷിച്ചതിനു് കിളിമാനൂർ കോയിലകത്തേയ്ക്കു കരം വസൂലാക്കുന്നതിനുള്ള അവകാശം മഹാരാജാവു് വിട്ടുകൊടുത്തുവെന്നാണു്. ആ അവകാശം വച്ചുകൊണ്ടാണു് ഇന്നും അവർ

കരം ഈടാക്കിവരുന്നതു്. എന്നാൽ ആ ഭൂമികളുടെ ഉടമസ്ഥാവകാശം സക്കാരിനാണു്. കിളിമാനൂർ കോവിലകത്തേയ്ക്കു് കരം വസൂലാക്കാനല്ലാതെ ഭൂമിയിൽ മററു യാതൊരു അവകാശവുമില്ല. സക്കാരിൽനിന്നും എന്തുകരം നിശ്ചയിച്ചിരിക്കുന്നോ ആ കരം വസൂലാക്കാം എന്നല്ലാതെ അതിൽ കവിഞ്ഞുള്ള ഒരു നിലനിൽപ്പു് കിളിമാനൂർ കോവിലകത്തേയ്ക്കുള്ളതായി എനിക്കു തോന്നുന്നില്ല.

ഏതായാലും ഇടവക ഭൂമികളുടെ കരത്തിന്റെ കാര്യത്തിൽ മററു സക്കാർ ഭൂമികളിൽനിന്നു വ്യത്യസ്ഥമായി പരിഗണിക്കാൻ പാടില്ലെന്നുള്ള ഒരു നില മുമ്പു തന്നെ ഗവണ്മെൻറു അംഗീകരിച്ചിട്ടുള്ളതാണു്. ഇടവക ആക്ററിൽതന്നെ ഇതു വ്യക്തമായിട്ടുണ്ടു്. ആ ഭാഗം ഞാൻ വായിക്കാം.

> "In regard to this rent what is proposed in this Bill is to fix such an amount as rent as would be equivalent to Sirkar Pandarapattom on the same kind of land; that is to say, the amount that the land holder has to pay to the chief should be exactly what the tenant would have been obliged to pay if that had been Government land and it is also proposed that the holders should be given permanent occupancy right in the same manner as holders of land under Government are given."

അപ്പോൾ അന്നുതന്നെ ഈ നയം ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതാണു്. അതുകൊണ്ടു് ആവക ഭൂമികൾക്കും സക്കാർ ഭൂമികളെ പോലെ അടിസ്ഥാനനികുതി ബാധകമാക്കണമെന്നു പറയുന്നതിൽ അസാധാരണമായി ഒന്നുംതന്നെയില്ല. ഭരണഘടനാപരമായും കുഴപ്പങ്ങളുണ്ടാകാൻ ഇടയില്ലെന്നാണു് എന്റെ വിശ്വാസം.

അടിസ്ഥാനനികുതി ബാധകമാക്കാതെ ഒഴിച്ചു നിർത്തിയിട്ടുള്ള മറെറാരിനം ഭൂമി കുത്തകപ്പാട്ടത്തിനും മററും ഏൽപ്പിച്ചുകൊടുത്തിട്ടുള്ള സക്കാർ പുറമ്പോക്കുഭൂമികളാണു്. ആ വക ഭൂമികൾക്കെല്ലാം അടിസ്ഥാനനികുതി ഉടനടി ബാധകമാക്കണമെന്നു ഞാൻ വാദിക്കുന്നില്ലെങ്കിലും ഈ കുത്തകപ്പാട്ടത്തിന്റെയും പുറമ്പോക്കുഭൂമികളുടെയും കാര്യങ്ങൾ ഒന്നു പുനഃപരിശോധനചെയ്യാൻ ഗവണ്മെൻറു സന്നദ്ധമാകണമെന്നു എനിക്കു പറയാനുണ്ടു്. ഇങ്ങനെ കൃഷിക്കാർ സ്ഥലം കുത്തകപ്പാട്ടത്തിനെടുത്തു അതിൽ അനുഭവമുണ്ടാക്കിവരുമ്പോൾ അവരെ അതിൽനിന്നും ഇറക്കിവിടുകയാണെങ്കിൽ അവക്കു വലിയ നഷ്ടം സംഭവിക്കുന്നുണ്ടു്. ഈ കാര്യത്തിൽ എനിക്കു നിർദ്ദേശിക്കാനുള്ളതു് ഇപ്പോൾ അഞ്ചേക്കർ മാത്രം കൈവശമുള്ളവരും മററു ഭൂമികൾ ഇല്ലാത്തവരുമായ കർഷകക്കു് അടിസ്ഥാനനികുതി ബാധകമാക്കി ആ ഭൂമി പതിച്ചുകൊടുക്കണമെന്നാണു്. കൂടുതൽ സ്ഥലം കൈവശം വച്ചിട്ടുള്ളവരിൽനിന്നു ആ വക ഭൂമികൾ ഒഴിവാക്കി എടുക്കുന്നതിനോടു ഞങ്ങൾ യോജിക്കാൻ തയ്യാറാണു്. ഇനി ഈ കാര്യങ്ങൾ എല്ലാംതന്നെ ഗവണ്മെൻറു ചെയ്താലും ഇവിടത്തെ ഭൂവുടമസമ്പ്രദായത്തിൽ അടിസ്ഥാനപരമായ മാററം വരുന്നതുവരെ ഇതുകൊണ്ടുമാത്രം എല്ലാം ആയിയെന്നു വിശ്വസിക്കാൻ ഞാൻ തയാറില്ല. ഇവിടത്തെ ഭൂവുടമ പരിഷ്കരിക്കുന്നതിനു ഒരു പ്രത്യേകബിൽ ഈ ഗവണ്മെൻറു കൊണ്ടുവരുന്നുണ്ടെന്നു പറയുന്നു. ആ ബില്ലിന്റെ രൂപം എന്തായിരിക്കുമെന്നു എനിക്കറിവില്ല. എതായാലും ബില്ലുകൊണ്ടുവന്നാലും ഇല്ലെങ്കിലും ഈ രാജ്യത്തെ

[ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ]

കൃഷിക്കാർക്ക് അടിയന്തിര ആശ്വാസം ലഭിക്കുന്നതിനു പാട്ടം നിലവിലുള്ളതിന്റെ ൫൦ ശതമാനം കുറച്ചുകൊണ്ടും എല്ലാവിധ ഒഴിപ്പിക്കലും നിറുത്തിവച്ചുകൊണ്ടും ഒരു ഓർഡിനൻസു ഉടനടി ഗവൺമെന്റ് പുറപ്പെടുവിക്കണമെന്നാണ് എനിക്കു ഈയവസരത്തിൽ ശക്തിയായി പറയാനുള്ളതു്. വാരക്കാരേയും മററുതരം കുടിയാന്മാരായ കർഷകരേയും ഒഴിപ്പിക്കാതിരിക്കുന്നതിനുള്ള കർശനമായ നടപടി ഗവൺമെന്റ് അടിയന്തിരമായി സ്വീകരിക്കേണ്ടതായിട്ടുണ്ട്. കൃഷിക്കാർക്ക് രക്ഷനൽകണമെന്ന കാര്യത്തിൽ ഈ ഗവൺമെന്റിനു എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ അതു് ഇത്തരം ഒരു ഓർഡിനൻസു മുഖേന അവർ വ്യക്തമാക്കട്ടെ. ഈ ബില്ലു സംബന്ധിച്ചു ഞാൻ പറഞ്ഞതായ കാര്യങ്ങൾ ഈ ബിൽ സെലക്റ്റ്കമ്മിററിയിൽ വരുമ്പോൾ പര്യാലോചിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ ബില്ലിനെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാരായ വടക്കാഞ്ചേരി മെമ്പറും കൊടുങ്ങല്ലൂർ മെമ്പറും പറഞ്ഞിട്ടുള്ള ചില അഭിപ്രായങ്ങളിൽ ഇതിന്റെ വാസ്തവങ്ങൾ മുഴുവനും ധരിച്ചിട്ടുണ്ടോ എന്നു എനിക്കു സംശയമുള്ളതുകൊണ്ടു് രണ്ടുവാക്കു പറയുകയാണ്. ഈ ബില്ലു് വളരെ പരിമിതമായിട്ടുള്ള ഒന്നാണ് എന്നു കല്ലൂപ്പാറ മെമ്പറും കൊടുങ്ങല്ലൂർ മെമ്പറും അഭിപ്രായപ്പെട്ടു എങ്കിലും ഇതു് ഭൂനയത്തെ സംബന്ധിച്ചും മററും ഒരു തീരുമാനമുണ്ടാക്കുവാനുദ്ദേശിച്ചുകൊണ്ട് കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലല്ല. തിരുവിതാംകൂറിൽ ഇന്നു നിലവിലുള്ള ബേസിക്ടാക്സ് കൊച്ചിയിൽ മുഴുവൻ വ്യാപിപ്പിക്കുന്നപക്ഷം മൂന്നുലക്ഷം രൂപായോളം ലാൻറ്റവന്യൂ ഇനത്തിൽ കൊച്ചിയിൽ കുറവുവരുന്നതാണ്. അപ്പോൾ മൊത്തത്തിൽ കൊച്ചിയിലെ ഭൂഉടമകൾക്കു തിരുവിതാംകൂറിലെപ്പോലെ ഗുണമുണ്ടാകും എന്നുള്ളതിനു സംശയമില്ല. ഈ ഒരു സംഗതി ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പറും നിഷേധിച്ചിട്ടില്ല. വടക്കുള്ളവർ തിരുവിതാംകൂറിനെ അപേക്ഷിച്ചു കൂടുതൽ നികുതി കൊടുത്തുവരുന്നു എന്നു പറയുന്നതിൽ എല്ലാ ഭാഗവും ശരിയല്ല. മുമ്പു കൊച്ചി സംസ്ഥാനത്തു് രണ്ടു വിധത്തിൽ സെററിൽമെന്റ് തരംതിരിച്ചിട്ടുണ്ടായിരുന്നു. അന്നു വെററ ലാൻറ്സ് ഒഴിച്ചുള്ള പറമ്പുകളിൽ നികുതി ഈടാക്കാവുന്ന വൃക്ഷങ്ങൾ എന്തെല്ലാമാണെന്നു വ്യവസ്ഥ ചെയ്തിരുന്നു. ചിററൂർ താലൂക്കിൽ ഒരു തരത്തിലും, ബാക്കി സ്ഥലങ്ങളിൽ മററുതരത്തിലുമായിരുന്നു. അതായതു ചിററൂർ താലൂക്കൊഴിച്ചുള്ള സ്ഥലങ്ങളിൽ തെങ്ങും, കമുങ്ങും, പ്ലാവും നികുതി ഈടാക്കാവുന്ന വൃക്ഷങ്ങളായിട്ടും ചിററൂർ താലൂക്കിൽ തെങ്ങും, കവുങ്ങും, പ്ലാവും പനയുംകൂടി നികുതി ഈടാക്കാവുന്ന വൃക്ഷങ്ങളായും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിട്ട് പട്ടയക്കാർക്കു കൊടുത്തിട്ടുള്ളതു് ആ വൃക്ഷങ്ങളുടെ നികുതികൂടി ഉൾപ്പെടുത്തിയാണ്. അക്കാലത്തു് വൃക്ഷങ്ങൾ യാതൊന്നുമില്ലാത്ത പറമ്പുകൾ ഉണ്ടായിരുന്നു. അവയ്ക്കു നികുതി ചുമത്തിയിട്ടുള്ളതു് പയററുപാട്ടമനുസരിച്ചാണ്. ഒരു പക്ഷെ പയററുപാട്ടം കൊടുത്തുവരുന്ന ഭൂമികൾക്കു് ബേസിക്ടാക്സിനെക്കാൾ കുറഞ്ഞ പാട്ടം കൊടുത്താൽ മതിയാകും. ബേസിക്ടാക്സ് ഏർപ്പെടുത്തുമ്പോൾ അതുപോലെയുള്ള പറമ്പുകൾക്കു് കൂടുതൽ പാട്ടം കൊടുക്കേണ്ടതായും വന്നേക്കാം. പക്ഷെ അതു ഒരു ചെറിയ വിഭാഗം വസ്തുക്കളെമാത്രമെ ബാധിക്കുകയുള്ളു.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ: ആ വിഭാഗം എത്രത്തോളം വരുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്റെ കയ്യിൽ ഇപ്പോൾ അതിന്റെ ഫിഗേഴ്സ് ഇല്ല. സെലക്ട് കമ്മററിയിൽ ഞാനതു ഹാജരാക്കാം.

ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെംബർ പറഞ്ഞമാതിരി പയററപാട്ടം കൊടുത്തുവരുന്ന ആളുകൾക്കു മാത്രമേ ബേസിക് ടാക്സ് ചുമത്തിയാൽ കൂടുതൽ തുക കൊടുക്കേണ്ടതായി വരികയുള്ളു. എന്നാൽ അങ്ങനെയുള്ള പയററപാട്ടപറമ്പുകൾ മിക്കവാറും ജന്മിമാരുടെ വകയാണ്. കുടിയാന്മാരുടെ കയ്യിലിരിക്കുന്ന പറമ്പുകളിൽ വൃക്ഷങ്ങൾ ഉണ്ടാകും. അവർ അതിൽ നല്ലവണ്ണം പ്രയത്നിച്ചിരിക്കും. ജന്മിമാർ യാതൊരു കൃഷിയും ചെയ്യാതെ പറമ്പുകൾ തരിശായി ഇടുക പതിവാണ്. അങ്ങനെയുള്ള പറമ്പുകൾക്കാണ് പയററപാട്ടം ചുമത്തുന്നതു്. ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെംബറും വടക്കാഞ്ചേരി മെംബറും ഒരു പക്ഷെ ഈ കാര്യ[illegible]സ്പർശിച്ചായിരിക്കാം സംസാരിച്ചതെന്നു തോന്നുന്നു. ഇതിലെ ആറാം ക്ലാസ്സുകൊണ്ടുദ്ദേശിക്കുന്നതു്, പട്ടക്കരാർ അനുസരിച്ചു് കരം കൊടുക്കുവാൻ ചുമതലപ്പെട്ട കുടിയാനവൻ ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ ബേസിക് ടാക്സ് മാത്രമേ കൊടുക്കുവാൻ ചുമതലപ്പെടുന്നുള്ളു എന്നു വരുകയാണ്. ഇന്നു ബേസിക് ടാക്സ് 8 രൂപാ കൊടുത്താൽ മതിയെന്നാണെങ്കിൽ കരാറനുസരിച്ചു പത്തുരൂപാ കൊടുക്കണമെന്നു വന്നാലും കൊടുക്കണം.

ശ്രീ. ഏ. താണുപിള്ള: ഏകദേശം എത്ര ശതമാനം ആധാരങ്ങളിൽ കുടിയാനവൻ കരംകൂടി കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി ഞാൻ പറയാം. അങ്ങനെയുള്ള കേസ്സുകളിൽ ബാധകമാകുന്നതു് കൊടുങ്ങല്ലൂർ മെംബർ വായിച്ച വ്യവസ്ഥയാണ്. വെറുംപാട്ടകുടിയാനവൻ എഴുതിക്കൊടുത്ത പാട്ടച്ചീട്ടുകളിൽ നികുതികൂടി കൊടുക്കുവാനുള്ള വ്യവസ്ഥയോടുകൂടി എഴുതിയിട്ടുള്ള ആധാരങ്ങൾ എത്ര ശതമാനം വരുമെന്നു തിരുവനന്തപുരം മെംബർ ചോദിച്ചു. എനിക്കു പരിചയമുള്ള താലൂക്കുകളിലെങ്ങും അങ്ങനെയുള്ള വ്യവസ്ഥകൾ ഞാൻ കണ്ടിട്ടില്ല. അപൂർവ്വമായി കണ്ടേക്കാൻ മതി. വടക്കാഞ്ചേരി മെംബർ അദ്ദേഹത്തിന്റെ നിയമപരിധിയിൽനിന്നും തലപ്പിള്ളി താലൂക്കിലെ സ്ഥിതിയെന്താണെന്നു പറയുമായിരിക്കാം.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ: ഇതുതന്നെയാണ് അവിടത്തെയും സ്ഥിതി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടു് ദോഷം അധികമാളുകൾക്കു് വരുന്നതല്ല. കുറച്ചാളുകൾക്കു് വരുമായിരിക്കാം. കുടിയാനവന്റെ നികുതിഭാരത്തെ കുറയ്ക്കാനോ അല്ലെങ്കിൽ ഭൂമിയുടെ ഉടമാവകാശത്തെ നിയന്ത്രിക്കാനോ ഒന്നും ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നില്ല.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ : പാട്ടവ്യവസ്ഥപ്രകാരം കൂടുതൽ നികുതി കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ ഈ ബില്ല് പാസ്സായിരുന്നാലും കൊടുക്കേണ്ടിവരികയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ന്യായസങ്കല്പം പ്രകാരം കൊടുക്കേണ്ടിവരികയില്ലെന്നാണ് എനിക്കു തോന്നുന്നതു്. അല്ല, സംശയമുണ്ടെങ്കിൽ ബില്ല് സെലക്ട് കമ്മററിയിൽ വരുമ്പോൾ അതിനെപ്പററി വ്യവസ്ഥ ചെയ്യാവുന്നതാണ്. അതുകൊണ്ടു് ഇതിൽ അത്ര വലിയ ദോഷം വരാൻ പോകുന്നില്ല. നേരെ മറിച്ചു് വടക്കാഞ്ചേരി മെമ്പർ പറഞ്ഞതുപോലെ ഇക്കാരണത്താൽ ഈ ബില്ലിന്റെ പര്യാലോചന മാററിവയ്ക്കുകയാണെങ്കിൽ അതു് കൊച്ചിയിലെ ജനങ്ങളുടെ ആഗ്രഹത്തിനെതിരായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഒരു രാജ്യത്തിന്റെ ഒരു ഭാഗത്തു കൂടുതൽ നികുതിയും മറെറാരു ഭാഗത്തു കുറഞ്ഞ നികുതിയും ആയിരിക്കുന്നതു് ശരിയല്ലെന്നും അതു ഒരുപോലെയാക്കണമെന്നും ആഗ്രഹമുള്ളവരാണ് കൊച്ചിയിലെ അധികം ജനങ്ങളും. ഈ ബില്ല് പാസ്സാകുന്നപക്ഷം അപൂർവ്വം ചിലക്കു് കൂടുതൽ നികുതി കൊടുക്കേണ്ടിവന്നേക്കാം. എന്നാൽ അതു താരതമ്യേന കുറവായിരിക്കും.

നമ്മുടെ നാട്ടിലെ ഭൂമിയിൽനിന്നും സക്കാരിലേക്കു കിട്ടേണ്ട നികുതിയെപ്പററി നിശ്ചയിക്കുന്ന ഒരു ബില്ലാണ് ഇതു്. ഇടപ്പള്ളി, ചിളിമന്നൂർ, വഞ്ചിപ്പുഴ, പൂഞ്ഞാർ എന്നീ ഇടവകകളിൽനിന്നും സക്കാരിലേക്കു നികുതിയൊന്നും കിട്ടുന്നില്ല. അതിനെപ്പററിയോ അല്ലെങ്കിൽ അതുപോലെയുള്ളതിനെപ്പററിയോ അതുമല്ലെങ്കിൽ ഭൂനയത്തെപ്പററിയോ പരാമർശിക്കുന്ന ഒരു ബില്ലല്ല ഇതു്. കുടിയാനവൻ, സക്കാരല്ലാത്ത മററുടമകൾക്കു് എന്താണ് പാട്ടം കൊടുക്കേണ്ടതു്, അവർ തമ്മിലുള്ള ബന്ധം എന്തായിരിക്കണം എന്നുള്ളതിനെപ്പററിയാണ്. വടക്കാഞ്ചേരി മെമ്പറും കൊടുങ്ങല്ലൂർ മെമ്പറും അവരുടെ പ്രസംഗങ്ങളിൽ പ്രധാനമായി ഉന്നയിച്ചതു് ഞാൻ ഈ അവസരത്തിൽ അക്കാര്യത്തിൽ പ്രവേശിക്കുന്നില്ല.

ശ്രീ. ഒ. സി. നൈനാൻ : അടിസ്ഥാനനികുതി ഏർപ്പെടുത്തുന്ന അവസരത്തിൽ ഇടപ്പള്ളി ചീഫിന്റെ വസ്തു ഉടമസ്ഥന്മാർക്കു് ബേസിക് ടാക്സിനു പുറമെ ഇടപ്പള്ളി ചീഫിനു കൊടുക്കേണ്ടുന്നതായ പാട്ടംകൂടി കൊടുക്കേണ്ടതായി വരികയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വരാതിരിക്കുവാൻ വേണ്ടിയാണ് അത്തരം ഭൂമികളെ ഈ ബില്ലിന്റെ വ്യാപ്തിയിൽനിന്നും പ്രത്യേകം ഒഴിവാക്കിയിരിക്കുന്നതു്.

ശ്രീ. ഇ. പി. വറുഗീസ് : ഇടപ്പള്ളി ചീഫിന്റെ ചില വസ്തുക്കളുടെ കരം ചീഫല്ലേ കൊടുക്കേണ്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററിയും മററും വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലല്ല ഇതു്, എന്നു് ഞാൻ പറഞ്ഞുകഴിഞ്ഞു.

ഏതായാലും ഏതെങ്കിലും പട്ടാദാരൻ നികുതിയായി അവൻ മുമ്പെന്നു തന്നെ കൊടുത്തിരുന്നാലും ഇപ്പോൾ ബേസിക് ടാക്സ് മാത്രമെ കൊടുക്കേണ്ടതായി വരികയുള്ളു. ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പറും കൊടുങ്ങല്ലൂർ മെമ്പറും പറഞ്ഞ കാര്യങ്ങൾ സാധിക്കണമെങ്കിൽ അതിന് വേറെ ബില്ലുകൾതന്നെ കൊണ്ടുവരണം.

<u>ശ്രീ. ഒ. സി. നൈനാൻ :</u> അങ്ങനെയൊരു ബില്ല കൊണ്ടുവരാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :</u> വേറെ പലതും ഉൾപ്പെടുത്തി ഒരു ബില്ല കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൊടുങ്ങല്ലൂർ മെമ്പർ പറഞ്ഞ നികുതികൾ യഥാർത്ഥത്തിൽ നികുതിയല്ല. അദ്ദേഹം ഉദ്ധരിച്ച ശ്രീ. പരമേശ്വരൻപിള്ളയുടെ റിപ്പോർട്ടിലെ ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാം.

> "There are at present four Edavagai Chiefs owning absolute free holds and partial free holds in the State. The Edavagais of Kilimanoor and Edapalli were surveyed and settled during the last Settlement along with the other lands of the State and assessment for the lands has been fixed on the lines of the Pandaravaka Lands. The Vanjipuzha Edavagai was only surveyed but no Settlement was conducted formerly in regard to this. In regard to the Edavagai of Poonjar, its boundaries were alone demarcated during the general Settlement.
>
> The Estate Rent Recovery Act conferred full proprietory rights over the lands to the occupants concerned in the estates of Kilimanoor and Edapalli and the arrears of rent payable to the Chiefs are made recoverable as arrears of land revenue, while till the passing of the Edavagai Act III of 1109 the arrears of rent due to the Chiefs of Vanjipuzha and Poonjar were recovered by them by filing suits against the defaulters in Civil Courts, since the Rent Recovery Act was not applicable to these two Edavagais."

ഇതിൽനിന്നും ഊഹിക്കുന്നത് ഈ എസ്റ്റേററ് റെൻറ് റെക്കവറി ആക്ററ് വരുന്നതുവരെ മുമ്പു പറഞ്ഞ പാട്ടം സാധാരണയായി അവർ പിരിക്കുന്നത് സിവിൾകോർട്ടു മുഖേന കേസു കൊടുത്താണെന്നാണ്. ൧൧൦൯-ലെ ഇടവക ആക്ററ് വരുന്നതുവരെ വഞ്ചിപ്പുഴ, പൂഞ്ഞാർ എന്നീ രണ്ടു ഇടവകകൾക്കും കോടതിയിൽ കേസുകൊടുത്തു അവൎക്കു കിട്ടാനുള്ള പാട്ടം പിരിക്കേണ്ടിയിരുന്നു. കോടതിയിൽ കേസുകൊടുത്തു പിരിക്കേണ്ടിയിരുന്ന പിരിവ് ഒരിക്കലും കരമല്ല. ൧൦൯൬-ലെ നാലാം ആക്ററ് വരുന്നതുവരെ occupants' recovery ഉണ്ടായിരുന്നില്ല.

<u>ശ്രീ. ഒ. സി. നൈനാൻ :</u> ആ ആക്ററ് വരുന്നതിനുമുമ്പ് ഒരു ഡ്രാഫ്ററ് ആക്ററ് കൊണ്ടുവന്നിരുന്നു. അതിൽ ടാക്സ് എന്നാണു പറഞ്ഞിരുന്നത്.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :</u> ഞാൻ അതിനെ നിഷേധിക്കുന്നില്ല. ൧൧൦൯ വരെ വഞ്ചിപ്പുഴയും പൂഞ്ഞാറും ഇടവകകൾ കോടതിയിൽ കേസുകൊടുത്താണ് പാട്ടം പിരിച്ചുവന്നിരുന്നത്.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇടവകയെ സംബന്ധിച്ചിടത്തോളം എനിക്കു പറയുവാനുള്ളതു്, ഇതു് കല്ലൂപ്പാറയെ സംബന്ധിച്ചു മാത്രമായിട്ടുള്ള ഒരു പ്രശ്നമായിട്ടല്ലാ കാണേണ്ടതു്; അതിനേക്കാൾ ഉയർന്ന നമ്മുടെ നാട്ടിലുള്ള പൊതുജനങ്ങളുടെ ഒരു പ്രശ്നമായി നാം ഇതിനെ രൂപാന്തരപ്പെടുത്തണമെന്നാണു്. ഇടപ്പള്ളിയുടെ കീഴിലോ അല്ലെങ്കിൽ കിളിമാനൂരിന്റെ കീഴിലോ ഉള്ള കുടിയാന്മാരെ മാത്രം ബാധിക്കുന്ന ഒരു പ്രശ്നമായിട്ടും കരുതേണ്ട. പലവിധത്തിലുള്ള വ്യൂസ് പൊതുജനങ്ങളിൽനിന്നും ഉണ്ടാകേണ്ടതുണ്ടു്. അക്കൂട്ടത്തിൽ പൂന്തേർളുണ്ടു്, വഞ്ചിപ്പുഴയുണ്ടു്, പാലിയമുണ്ടു്, ഞാനുണ്ടു്, മി. നൈനാനുണ്ടു്, ഇങ്ങനെയിരിക്കെ ഭൂമി കൈവശക്കാർ അവയുടെ പ്രൊപ്രൈറ്റേഴ്സ് എന്നു പറയുമ്പോൾ അവർക്കു് വഹിക്കാവുന്ന വിധത്തിലുള്ള ഒരു മര്യാദപ്പാട്ട വ്യവസ്ഥയായിരിക്കണം ഉണ്ടായിരിക്കേണ്ടതു്. അതിലേയ്ക്കു ഒരു ഭൂനയം തന്നെ ഈ സഭ ഉണ്ടാക്കേണ്ടതുണ്ടു്. എന്റെ വാദഗതികൾ കല്ലൂപ്പാറയ്ക്കു് എതിരായോ അല്ലെങ്കിൽ മററു കുടിയാന്മാർക്കു് എതിരായോ അല്ലെന്നു ചിന്തിച്ചാൽ മനസ്സിലാകുന്നതാണു്. ഈ ബില്ലുകൊണ്ടുവന്നിരിക്കുന്നതു് സർക്കാരിലേയ്ക്കു് പിരിച്ചെടുക്കുന്ന ലാൻഡ് റവന്യൂ തിരുവിതാംകൂറിലും കൊച്ചിയിലും വ്യത്യസ്ഥ രീതിയിൽ പാടില്ലെന്നുള്ള ഉദ്ദേശം കൊണ്ടാണു്. ഇടപ്പള്ളി ചീഫിന്റെ കുടിയാന്മാർ ഇന്നു കൊടുക്കുന്ന കരം കൂടുതലായതുകൊണ്ടു് ബേസിക് ടാക്സ് ഏർപ്പെടുത്തണമെന്നു് ആഗ്രഹിക്കുന്നു. അതുപോലെ മററുള്ള സ്ഥലങ്ങളിലെ കുടിയാന്മാരും കൊടുക്കുന്ന കരം കൂടുതലാണെന്നും ബേസിക് ടാക്സ് ഏർപ്പെടുത്തണമെന്നും പറയുന്നു. എന്നാൽ ഈ പ്രശ്നം പൊതുവെ തിരുവിതാംകൂർ കൊച്ചിയിലുള്ള ഭൂഉടമകളുടെ ഒരു പ്രശ്നമായിട്ടേ കണക്കാക്കാൻ സാധിക്കയുള്ളൂ. ശ്രീപാദം, കണ്ടുകൃഷി, ശ്രീപണ്ടാരവക, മണിയംകരം ഇങ്ങനെ പല വകുപ്പുകളും ഉണ്ടു്. ഈ ബില്ലു് സർക്കാരിന്റെ കീഴിൽ കുടിയാന്മാരായിരിക്കുന്നവരെ സംബന്ധിച്ചുള്ളതാണു്. ഇതുകൂടാതെ കുടിയാന്മാരുടെ കൈവശത്തിരിക്കുന്ന ഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള ഒക്കുപ്പൻസി റൈറ്റിനെ സംബന്ധിച്ചും ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. കൈവശക്കാരന്റെ ഒക്കുപ്പൻസി റൈറ്റു് അനുവദിച്ചാൽതന്നെയും ജന്മിയുടെ കാര്യം കൂടി നോക്കേണ്ടതായിട്ടുണ്ടു്. അതായതു്, ൧ ൦ ൦ ൦ ഏക്കർ ഒരു കുടിയാൻ കൈവശംവച്ചു കൃഷിചെയ്യുന്നു എന്നിരിക്കട്ടെ. ആ വസ്തുവിന്റെ ജന്മിക്കു്, ഒരു സെന്റു ഭൂമിപോലും കൈവശമില്ലെങ്കിൽ കുടിയാൻ ഒക്കുപ്പൻസി റൈറ്റു് അനുവദിക്കാൻ പാടില്ലാത്തതാണു്. പക്ഷെ, നമ്മുടെ അടിയന്തിരപ്രശ്നമായ ഭക്ഷ്യോൽപ്പാദനത്തെ സംബന്ധിച്ചിടത്തോളം വേണമെങ്കിൽ ചില വ്യത്യസ്ഥ രീതി വന്നുപോയേക്കാം. അതു വേറൊരു കാര്യമാണു്. ഈ ബില്ലിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പറും കൊടുങ്ങല്ലൂർ മെമ്പറും എതിർക്കുകയാണെങ്കിൽ കൊച്ചിയിലെ റയട്സ് പാട്ടക്കാർ കുറച്ചുകൂടുതൽ നികുതികൊടുക്കേണ്ടിവരുമെന്നുള്ളതാണു്. സംയോജനം കഴിഞ്ഞു രണ്ടുമൂന്നു വർഷമായിട്ടും കൂടുതൽ നികുതിഭാരം അവരുടെ തലയിൽ കയററുന്നതു ശരിയല്ല. ഈ ബില്ല് ഇപ്പോൾ പാസാക്കാൻ തടസ്സപ്പെടുത്തുകയാണെങ്കിൽ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ ഈ സഭയിൽ നടത്തിയ വാഗ്ദത്തിയുടെ

ഫലം ദ്രോഹമായിരിക്കും, അതായത്, അനേകായിരം ജനങ്ങൾക്കുണ്ടാകാൻ പോകുന്ന നന്മയെ തടുക്കുകയായിരിക്കും ചെയ്യുന്നത്. ഈ ബില്ല് പാസാക്കുകയാണെങ്കിൽ അവിടെയുള്ള വയലുകളും തോട്ടങ്ങളും കൈവശം വച്ചു കൃഷിചെയ്യുന്ന പാട്ടദാരന്മാർക്ക് ഒരനുഗ്രഹമായിരിക്കും. ജന്മിമാരെ സംബന്ധിച്ചിടത്തോളം അവരുടെ ഭൂമിയിൽ ൯൯ ശതമാനവും കാണപ്പാട്ടക്കാരന്റെയും പണയപ്പാട്ടക്കാരന്റെയും കയ്യിലാണ് ഇരിക്കുന്നത്.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ : ൯൯ ശതമാനം ഭൂമി ഇവരുടെ കയ്യിലല്ല, അതോ, വെറും പാട്ടക്കാരുടെ കയ്യിലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കുറെയൊക്കെ അവരുടെ കയ്യിലും ഉണ്ട്. സർ, കുടിയാന്മാരെ സംബന്ധിച്ചിടത്തോളം ൧൧൦൯-ൽ ഒരു നിയമം കൊച്ചിയിൽ പാസ്സാക്കിയിട്ടുണ്ട്. ആ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഇനിയും കുടിയാന്മാർക്ക് കൈവശം ഇരിക്കുന്ന ഭൂമിയുടെ പട്ടയം വാങ്ങിക്കാനുള്ള അവകാശമുണ്ട്. അതായത് സർവ്വപട്ടയം. എനിക്ക് അവസാനമായി പറയാനുള്ളത് ഭൂമി കൈവശക്കാർക്ക് ഈ ബിൽ മുഖാന്തിരം വളരെ നന്മയും ആശ്വാസവുമാണ് ഉണ്ടാകാൻ പോകുന്നതെന്നും അതിനെ ഇല്ലാതാക്കാൻ ശ്രമിക്കരുതെന്നും ആണ്. ഈ ബില്ലിലെ ആറാമത്തെ ക്ലാസ്സ് അനുസരിച്ചോ അല്ലെങ്കിൽ മററു ഏതെങ്കിലും വിധത്തിലോ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പറും കൊടുങ്ങല്ലൂർ മെമ്പറും ഉന്നയിച്ച വാദഗതികൾ അടിസ്ഥാനരഹിതമാണെന്നു പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു.

Shri E. P. Varghese: Sir, I agree with the main principle involved in this Bill for the extension of basic land tax to the former Cochin area. I object to the tax now in force in that area. I think it was in 1121, the basic land tax was introduced in the Travancore area. That was brought about to relieve the tax inequalities prevalent then in the system of land tax. At that time we were living under a Government which respected a feudal landlordism. Under the present system of Government the Republic I cannot reconcile the tax freeholds, that is to say, large acreages enjoying immunity from taxation.

Section 7 of the proposed Land Tax Bill enumerates a number of lands which are to be exempted, from the basic tax. One of my friends was saying that if basic tax is introduced in respect of them, perhaps it would further burden the occupants of lands. It is not so. Unless there is a covenant in the lease deed to that effect the occupants need not pay the land tax. As far as I understand, regarding the four Edavagas of Edapally, Kilimanur, Vanjipuzha and Punjar, I am sure most of the lands are not held by people under any particular deed. Those tenants have been enjoying those lands from time immemorial and paying the rent to the Chiefs. Ordinarily it is the proprietors of lands who should pay the basic tax. On the other hand if it is argued that proprietorship had been conferred by the Chiefs on the tenants of these Edavagais, then of course the tenants may have to pay basic tax over and above the rent payable by them

[Shri E. P. Varghese]

to the Chiefs. As far as I understand, the basic tax is one which the owner of land will have to pay. Therefore, the tenants will not be actually burdened. The apprehension raised by the hon'ble Member for Cranganore need not be entertained.

Shri Panampilli Govinda Menon: The hon. Member was thinking that by the imposition of basic tax, the result will be that the tenants will be further burdened.

Shri E. P. Varghese: I cannot understand what he wants. A portion of Edapalli belongs to my constituency and as such I am interested in that Pakuthy. I am here to see that the tenants in those Edavagais are not made to pay anything more than the land tax or the one equivalent to it, the basic tax. Now they are paying rent to the Chiefs. They should not be made to pay rent and basic tax. That is what they want. Only one tax they should be made to pay. What I would suggest for the consideration of the Select Committee will be that they should consider the question whether the Chiefs should continue to get exemption from tax or pay basic tax at least to Government. Either that question should be considered by the Select Committee. or Government will have to decide it before legislation comes into force. If this Act is passed Edavagais should not be left tax free. If Edavagais are to be abolished we will have to bring the land of these Edavagais under basic tax. Now that we are at the question of land tax, this is the time to consider whether Edavagais as such should be abolished. There shall be no land holder in this land who does not pay at least basic tax.

My contention is that there should be no land-holder who would be free from paying basic tax. Of course, there are certain difficulties in regard to Sripandaravaka, Kandukrishi and Sreepadom lands. I think that they are covered by the Covenant. If it is so, we may not be able to legislate for those lands. Then as the hon' Member for Cranganore said, it is a question for the Rajapramukh to decide. But if public opinion is in favour of bringing these lands too under the system of basic tax, I don't think that the Rajapramukh will hesitate to fall in line with that view. But, as it is, I do not think that we are competent to legislate for these lands. As regards free-holds we can decide. We can legislate on freeholds and decide under Article 31 A of the Constitution against the payment of compensation. The only thing is that we have to get the assent of the President of the Indian Union before that law can be enforced.

Now, as regards the four Edavagai, Kilimanoor stands on a different footing. The other three are owned by Chiefs. Kilimanoor Edavagai comprises two pakuthies, Kilimanoor and Pazhayakunnumel. The particular feature with regard to this Edavagai is that the rent due to the sovereign of the State was asked to be paid to the Kilimanoor Chief. This came into force

somewhere about 903 M. E. This was in return for the services rendered by the Chief to the sovereign, The rent was asked to be collected by Proverthicars and given to the Chief as far as I have been able to understand from records. Whereas. in the case of the other three Chiefs, they were exempted from taxation by His Highness Marthanda Varma who happened to annex those estates to Travancore. A big political question is involved in the case of these three estates. We will have to consider several questions when we begin to deal with their tenures. What is the result of their annexation? Whether, by annexation, the proprietory rights were taken away from the chiefs and vested in the Travancore Maharaja? Are the tenants entitled to hold their lands as Pandaravaka lands? All these questions would arise. The Edappalli Edavagai comprises of 5 pakuthies. In any case, as far as my view goes, I do not think that there is any justification in continuing this system. There is no reason that a Chief should enjoy 5 pakuthies without paying anything to Government. In fact, the Estates Rent Recovery Act says that the tenants of these Chiefs have all the rights of the citizens of Travancore. The only thing is that they must pay rent to the Edapally Chief. Government are collecting rent for the Chief. Whether these Edavagais should exist and whether they should be given compensation if abolished, is the question. If they are entitled to compensation they will have to be paid. The amended Article 31—A of the Constitution enables us not to pay compensation to Estates. That is not the case with regard to ordinary land-holders. Article 31 A says that Estates may be exempted from getting compensation while the ordinary land-holder is entitled to compensation under Article 31 with regard to Estates, under Article 31 A we will have to get the permission of the President before the relevant legislation is enforced. I would submit, Sir, that the Select Committee should go into this question and study it in all its aspects and make a historical survey of the whole problem and then decide whether these Edavagais should pay or should not pay the basic tax and whether they should be abolished with compensation or without compensation. When the discussion on the forthcoming land bill takes place before this House their study on this question must be available to us also. This question of Estates has become a vexed question ever since India became independent. People were expecting that all vestiges of feudalism will be abolished. There is a hue and cry among the people that the party in power has not implemented their promises regarding this land problem. Now that the Land Bill is also coming is imminent we have to decide whether we should exempt any kind of holding from paying basic tax.

I do not want to go into all the details of the Bill: but, one main fact is that, if we exempt this type of holdings from taxation we become, strictly speaking reactionaries, and will be responsible for giving room for discontent and thereby creating more trouble. Before that it would be better to fall into line

[Shri E. P. Varghese]

with public opinion. As far as I understand, I think, Sir, there is a land policy framed for the whole of India by the Planning Commission. Legislation regarding land is allowed to be made according to the circumstances and conditions obtaining in a particular State. But these laws will have to follow some basic principles applicable to the whole of India. These principles are against such Estates being perpetuated. I think, Sir, it is time to decide whether these Edavagais should be exempted from paying even basic tax or not.

ശ്രീ. ജോസഫ് വാഴപ്പിള്ളി: സർ, തിരുവിതാംകൂറിലും കൊച്ചിയിലും നിലവിലുള്ള നികുതിനിരക്ക് ഒരു തരത്തിൽ ആക്കണം എന്നുള്ളതാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനു മുൻപുതന്നെ ഭൂനയത്തെ സംബന്ധിച്ച് ഇവിടെ അത്യാവശ്യമായി ഒരു ബിൽ അവതരിപ്പിക്കണമെന്ന് ഉദ്ദേശിക്കുന്നതായി ഗവണ്മെൻറ് പല പ്രാവശ്യവും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആ തത്വത്തെ ആസ്പദമാക്കി ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ളതായി കാണുന്നില്ല. ആ തത്വംകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമായ ഒരു കാര്യമാണ്. ഇന്ന് തിരുവിതാംകൂറിൽ നിലവിലുള്ള അടിസ്ഥാനഭൂനികുതി പറമ്പുകൾ മാത്രം കൈവശംവച്ചു സൂക്ഷിക്കുന്ന ചെറിയ ചെറിയ ഭൂവുടമകൾക്കു വലുതായ നികുതിഭാരം വന്നുചേരത്തക്കവിധത്തിലാണ് നില്ക്കുന്നത്. പ്രത്യേകിച്ച് കൊച്ചിയിലുള്ള പയറവപാട്ടം പറമ്പുകൾ കൈവശംവച്ചുകൊണ്ടിരിക്കുന്ന ചെറിയ ഭൂഉടമകൾക്ക് അതായത് രണ്ടണയോ മറ്റോ നികുതി കൊടുത്തുവരുന്ന പറമ്പുടമസ്ഥന്മാർക്ക് പെട്ടെന്ന് വലുതായ ഒരു ഭാരം വന്നുചേരത്തക്ക വിധത്തിലുമാണ് ഈ ബില്ല് പാസാകുന്നതുകൊണ്ട് ഉണ്ടാകുന്നത്. ആ നിലയിൽ നോക്കുമ്പോൾ സെൻറിനു മൂന്നു പൈ എന്നുള്ള രീതിയിൽനിന്ന് ഒരു പൈ ആക്കിക്കുറച്ചാൽ തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള എല്ലാപേർക്കും ഒന്നുപോലെ ഒരു കുറവ് ആയിരിക്കും ഗവണ്മെൻറ് ചെയ്യുക എന്നും അതുമൂലം ഗവണ്മെൻറിനു നഷ്ടം വരാതിരിക്കുവാൻ കൂടുതൽ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകൾക്ക്, ഒരു സ്ലാബ് സിസ്റ്റം വച്ചു നികുതി കൂട്ടാവുന്നതാണെന്നും ആണ് എൻെറ അഭിപ്രായം. വസ്തുവിൻെറ വിസ്തീർണ്ണമനുസരിച്ച് നികുതിയുടെ തോതും കൂട്ടിയാൽ ഗവണ്മെൻറിൻെറ നികുതി ഇനത്തിൽനിന്നുള്ള വരുമാനത്തിൽ യാതൊരു വിധത്തിലുള്ള നഷ്ടവും സംഭവിക്കുന്നതല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പാലിയം എസ്റ്റേറ്റിലുള്ള ഒരു ജന്മിക്ക് ൫൦ സെൻറ് ഭൂമിയുണ്ടെങ്കിൽ ആ ൫൦ സെൻറ ഭൂമിക്കുള്ള നികുതി ഈടാക്കണ്ടേ?

ശ്രീ. ജോസഫ് വാഴപ്പിള്ളി: നികുതി കൂട്ടുന്നത് ആൾക്കല്ല, ഭൂമിക്കാണെന്ന് എനിക്കറിയാം. ഭൂമിക്ക് കാണപ്പാട്ടാവകാശം കൊടുത്താൽ ആ കാണപ്പാട്ടം കൈവശം വച്ചിരിക്കുന്ന ആളിൽനിന്നോ വെറുംപാട്ടക്കാരനു ഭൂമി സ്ഥിരാവകാശം കൊടുത്താൽ ആയാളിൽനിന്നോ ആണ് നികുതി ഈടാക്കേണ്ടത്. ആരു ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നുവോ

അവരിൽനിന്ന് അവരുടെ ഉപജീവനമാർഗ്ഗതോതനുസരിച്ച് നികുതി ചുമത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. അതിനാൽ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഉന്നയിച്ചിട്ടുള്ള വാദം ശരിയല്ലായെന്നാണ് എനിക്കു പറയുവാനുള്ളതു്: കൈവശം ഉള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ തോതനുസരിച്ച് കൂടുതൽ കൂടുതൽ നികുതി ഈടാക്കുകയും, എല്ലാ ഭൂമിക്കും ഒരു ചെറിയ ബേസിക്നികുതി ഈടാക്കുകയും ചെയ്താൽ ഗവണ്മെന്റിന്റെ വരവിൽ കുറവുവരാതിരിക്കുകയും നാം എന്തു ഉദ്ദേശത്തോടുകൂടിയാണോ ഇന്ന് നിലകൊള്ളുന്നതു് ആ ഉദ്ദേശം അങ്ങനെയുള്ള ടാക്സ് പിരിക്കുന്നതുകൊണ്ട് നടപ്പിലാക്കുവാൻ സാധിക്കുകയുംചെയ്യുന്നതാണ്.

ഭൂമിയുടെ പരിധി നിർണ്ണയിക്കണമെന്ന് ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും സംസാരിക്കുകയുണ്ടായി. പ്രധാനമായി ഭൂമിയുടെ പരിധി നിർണ്ണയിക്കുന്നതിന് രണ്ടുഭാഗങ്ങളുണ്ട്. ഒന്നാമത്തേത് ഭാവിയിൽ ഓരോരുത്തർ വാങ്ങിക്കുവാൻ പോകുന്ന ഭൂമിയുടെ പരിധിയെ നിർണ്ണയിക്കുന്നതും മറ്റേതു ആളുകളുടെ ഇപ്പോഴും കൈവശമുള്ള ഭൂമിയുടെ പരിധിയെ നിർണ്ണയിക്കയെന്നതുമാണ്. ഭാവിയിലുള്ള ഭൂമിനിർണ്ണയിക്കുന്ന കാര്യത്തിൽ ഇൻഡ്യയുടെ പ്ലാനിംഗ്കമ്മീഷൻ വ്യക്തമായി ഒരു നയം പ്രഖ്യാപിച്ചിട്ടുണ്ട്. ആ നിലയിൽ ഭൂമി കൈവശം വെക്കേണ്ടുള്ള പരിധി നിർണ്ണയിക്കുന്നതനുസരിച്ച് ആളുകൾക്ക് ലാൻഡ് ടാക്സ് ചുമത്തുന്നപക്ഷം ഭൂമി കൂടുതലായി കൈവശം വച്ചുകൊണ്ടിരിക്കുന്നതിനുള്ള ആഗ്രഹംതന്നെ വളരെ ചുരുങ്ങുന്നതാണ്. അതുകൊണ്ട് ഭൂമിയിൽ ഏറ്റവും ചുരുങ്ങിയ തോതിലുള്ള ഒരു ബേസിക് ടാക്സ് ചെയ്യുന്നതു് നന്നായിരിക്കും. ഭൂമിയുടെ വിസ്തീർണ്ണമനുസരിച്ച് ടാക്സ് ചുമത്തുകയാണെങ്കിൽ വാസ്തവത്തിൽ നാം ഉദ്ദേശിക്കുന്ന ഫലങ്ങൾ ഉണ്ടാകുകയും, ജനങ്ങളുടെ കൈവശം വയ്ക്കുന്നതിനുള്ള ഭൂമിയുടെ പരിധി ക്രമപ്പെടുകയും കൂടുതൽ ഭൂമി കൈവശം വയ്ക്കുവാനുള്ള ആഗ്രഹം കുറയുകയും ഭൂമിയില്ലാത്തവർക്ക് കൂടുതൽ ഭൂമി കിട്ടുകയും ചെയ്യും.

മറ്റൊരുകാര്യം എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളതു് ഇതാണ്. ഇന്നു കൊച്ചിയിലും തിരുവിതാംകൂറിലും ഒരേവിധത്തിലുള്ള നികുതിതോതു് ഏർപ്പെടുത്തണമെന്നാണ് ഈ ബില്ലിൽപറഞ്ഞിട്ടുള്ളതു്.

3 P.M.

കൊച്ചിയിലുള്ള വസ്തുക്കൾ നാലുതരത്തിലാണ് ഇന്നു നിൽക്കുന്നതു്. അതായതു് പണ്ടാരവക വെറുംപാട്ടം, പണ്ടാരവക കാണം, പുറവക, ഇനാം. യാതൊരു തരത്തിലുള്ള നികുതിയും ഇല്ലാത്തവസ്തുക്കൾ അതായതു് ഇനാം ഇന്നു കൊച്ചിയിൽ ഉണ്ട്. ആ കവസ്തുക്കൾക്കും നികുതി ചുമത്തുന്നതിനുള്ള വ്യവസ്ഥകളാണ് ഈ ബില്ലിലുള്ളതു്. തിരുവിതാംകൂറിൽ ഈ തരത്തിലുള്ള കുറെ ഭൂമിയെ ഈ ബില്ലിന്റെ പരിധിയിൽപെടുത്താതെ വിട്ടുകളയുന്നതു് യുക്തമാണെന്നു എനിക്കു തോന്നുന്നില്ല. സെക്ഷൻ ൭-ൽ പറയുന്നതായ കുറെ ഭൂമികൾക്ക് ഈ ബേസിക് ടാക്സ് ചുമത്തുവാൻ പാടില്ല എന്നു പറയുന്ന വാദം നിലനിൽക്കുമെന്നു എനിക്കു തോന്നുന്നില്ല. കുടിയാന്മാർക്കു യാതൊരു ബുദ്ധിമുട്ടും ഇതുകൊണ്ടു വന്നുചേരുന്നതല്ല. അവർ ഇന്നു ഇടവകക്കാർക്കു കൊടുക്കേണ്ട ഭോഗങ്ങൾ എല്ലാം കൊടുത്തുകൊണ്ടിരിക്കുകയാണ് ചെയ്യുന്നതു്. അവർക്കു കിട്ടുന്ന ഭോഗത്തിൽനിന്നു ഒരു വീതം എടുത്തുകൊണ്ടു കുറെ ഭാഗത്തിനു ടാക്സ് ഇല്ലാതിരിക്കുകയും കുറെ ഭാഗത്തിനു ടാക്സ് ചുമത്തുകയും ചെയ്യുന്നതു്

[ശ്രീ. ജോസഫ് വാഴപ്പിള്ളി]

ശരിയല്ല. ഈ ബില്ലിൽ തിരുവിതാംകൂർ കൊച്ചിയിലുള്ള സകലഭൂമിക്കും ഒരേ വിധത്തിൽ നികുതി ചുമത്തേണ്ട നിയമം ഉണ്ടാക്കണം. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. കെ. സദാനന്ദൻ: സർ, ഈ ബിൽ ഏററവും വേഗത്തിൽ പാസ്സാക്കി എടുക്കേണ്ടതു് അത്യാവശ്യമാണെന്നു ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ പറഞ്ഞു. കൊച്ചിൻ പ്രദേശത്തെ ആളുകൾ ഈ ബിൽ ഉടനെ നിയമമാക്കിത്തീർക്കുന്നതിനുവേണ്ടി ചാതകങ്ങളെപ്പോലെ കാത്തുകിടക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. ഇതൊരു ചെറിയ പ്രശ്നമായി അദ്ദേഹം കാണുന്നുണ്ടു്. ഇതു് ഉടനെ പാസ്സാക്കി എടുക്കണമെന്നുള്ള ഉദ്ദേശമാണു് അദ്ദേഹം പ്രകടമാക്കിയതു്. ഇതൊരു ചെറിയ പ്രശ്നമല്ല ഇതൊരു വലിയ പ്രശ്നമാണു്. ഇതു വേഗത്തിൽ നിയമമാക്കുവാൻ പാടില്ലെന്നും ഈ ബിൽ സെലക്ററുകമ്മിററിക്കു് അയച്ചു് ആവശ്യമായ ഭേദഗതികൾ വരുത്തിയതിനുശേഷമേ നിയമമാക്കുവാൻ പാടുള്ളു എന്നും ആണു് എന്റെ അഭിപ്രായം. ൧൧൨൧-ാമാണ്ടിലാണു് ഇവിടെ അടിസ്ഥാനനികുതി സമ്പ്രദായം ഏർപ്പെടുത്തിയതു്. ഇവിടെ ഒരു അടിസ്ഥാനനികുതി ചുമത്തുവാനുണ്ടായ പ്രത്യേകത എന്തായിരുന്നു എന്നു നാം ഒന്നു ആലോചിക്കണം. ഇവിടെ വളരെ ഏക്കർ ഭൂമി കൈവശംവച്ചുകൊണ്ടിരുന്നവരുടെ പക്കൽനിന്നു ഏക്കറിനു് ൫ അണ ൬ പൈസ മാത്രമാണു് വസൂൽ ചെയ്തിരുന്നതു്. അതേ സമയത്തു് ഏററവും കുറഞ്ഞ ഭൂമി കൈവശമുള്ള ആളുകളുടെ പക്കൽനിന്നും ഏക്കറിനു് ൫ അണ ൬ പൈസ നികുതി വസൂലാക്കിക്കൊണ്ടിരുന്നു. ൧൧൨൧-ലെ ഈ അടിസ്ഥാനനികുതി സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അവർക്കു ആശ്വാസം നൽകുകയും അതേസമയത്തു് ഇവിടത്തെ വൻകിട മുതലാളിമാരേയും ജന്മിമാരേയും സംബന്ധിച്ചിടത്തോളം അവർക്കു കൂടുതൽ നികുതി ചുമത്തുകയും ആയിരുന്നു. സർ സി. പി. രാമസ്വാമി അയ്യരാണു് ഈ നികുതി ഏർപ്പെടുത്തിയതു്. അദ്ദേഹം ഒരു രാജ്യതന്ത്രവിചക്ഷണനാണെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. ഈ നികുതി ഏർപ്പെടുത്തിയതുകൊണ്ടു് ഇവിടത്തെ ഖജനാവിലേക്കു് കിട്ടേണ്ട സംഖ്യയിൽ യാതൊരു കുറവും സംഭവിച്ചിരുന്നില്ല. എന്നാൽ ഈ പുതിയ നികുതി കൊച്ചിപ്രദേശത്തേക്കു കൂടി വ്യാപിപ്പിക്കുന്നതുകൊണ്ടു് ഖജനാവിൽ മൂന്നുലക്ഷത്തിൽ ചില്വാനം രൂപ കുറവുവരുന്നുണ്ടു് എന്ന വസ്തുത നമുക്കു് വിസ്മരിക്കുവാൻ പാടില്ല. അതുകൊണ്ടു അവിടത്തെ സാധാരണക്കാരുടെ പക്കൽനിന്നു കൂടുതൽ നികുതി പിരിക്കണമെന്നല്ല ഞാൻ പറയുന്നതു്. ഇവിടെ ഒരു രാഷ്ട്രീയ പ്രക്ഷോഭണം രാജ്യത്തിന്റെ അങ്ങോളമിങ്ങോളം നടന്നുകൊണ്ടിരുന്ന ഒരവസരത്തിലാണു് സർ സി. പി. രാമസ്വാമി അയ്യർ ഈ ബിൽ ഇവിടെ നടപ്പിലാക്കിയതു്. അങ്ങിനെയുള്ള ഒരു സന്ദർഭമായിരുന്നില്ലെങ്കിൽ അദ്ദേഹം തീർച്ചയായും ഈ രാജ്യത്തെ തോട്ടമുടമകളായ വൻകിട കർഷകമുതലാളിമാരിൽനിന്നു വളരെ അധികം സംഖ്യ നികുതിയായി ഈടാക്കുമായിരുന്നു എന്നാണു് എനിക്കു തോന്നുന്നതു്. ഏക്കറിനു് ൪ അണയും ൫ അണയും മാത്രം നികുതി കൊടുത്തുകൊണ്ടിരുന്ന വൻകിട മുതലാളിമാരിൽനിന്നു അടിസ്ഥാന

നികുതിയിൽ കൂടുതൽ ആവശ്യപ്പെട്ടിരുന്നെങ്കിൽ അതുനിമിത്തം അതിനുമുമ്പുതന്നെ അദ്ദേഹം ഈ രാജ്യം വിടേണ്ടിവരുമായിരുന്നു. തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഒരു സെൻറും പത്തു സെൻറും ഇരുപത്തു സെൻറും ഇരുപത്തഞ്ചു സെൻറും ഭൂമി കൈവശക്കാരാണ് അധികവും എന്ന വസ്തുത ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർക്ക് അറിഞ്ഞുകൂടെങ്കിൽ ഞാൻ അദ്ദേഹത്തെ ഓർമ്മപ്പെടുത്തുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ അല്ലായെന്നു ഞാൻ പറഞ്ഞില്ലല്ലോ.

ശ്രീ. കെ. സദാനന്ദൻ: ഈ ബിൽ വേഗം പാസ്സാക്കി എടുക്കണമെന്നു അദ്ദേഹം പറഞ്ഞു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വേഗം പാസ്സാക്കി എടുക്കുന്നതുകൊണ്ട് പത്തു സെൻറിനും ഇരുപതു സെൻറിനും എന്താണ് ദോഷമുള്ളതു്?

ശ്രീ. കെ. സദാനന്ദൻ: അവർക്ക് ഇതുകൊണ്ട് ദോഷമുണ്ട്. വളരെ കുറച്ചു ഭൂമി കൈവശമുള്ള ഒരാൾ സെൻറിനു ഒരു പൈ നികുതി കൊടുത്താൽ മതിയായിരുന്നു. സെൻറിനു നാലുകാശു ആയിരുന്നതു് കോൺഗ്രസ്സ് സർക്കാർ ഇപ്പോൾ അതു മൂന്നുപൈ ആക്കിയിട്ടുണ്ട്. അടിസ്ഥാനനികുതി ഏർപ്പെടുത്തിയ അവസരത്തിൽ ഏക്കറിനു ൪ അണയും ൮ അണയും കൊടുത്തുകൊണ്ടിരുന്ന വൻകിട ഭൂവുടമകളിൽനിന്നും കൂടുതൽ നികുതി പിരിച്ചിരുന്നു. അതുകൊണ്ട് അന്നു ഭൂനികുതി ഇനത്തിൽ കിട്ടിവന്നിരുന്ന തുകയിൽ കുറവു വന്നില്ല. അതുമാത്രമല്ല, കൂടുതൽ ലഭിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ തിരുവിതാംകൂറിലെ അടിസ്ഥാനനികുതി കൊച്ചിപ്രദേശത്തേയ്ക്കു് വ്യാപിപ്പിക്കുമ്പോൾ ലക്ഷത്തിൽ ചില്വാനം രൂപ ഖജനാവിൽ കുറവു വരുന്നുണ്ട്. ഈ കുറവു സ്വീകരിക്കാൻ പാടില്ല. തിരുവിതാംകൂർ പ്രദേശത്തേക്കാൾ കൂടുതൽ ജന്മിത്വം ഉള്ളതു കൊച്ചിൻപ്രദേശത്താണ്. സർ, എനിക്കു നേരിട്ടു അറിയാവുന്നതാണ്; ചിററൂർ താലൂക്കിൽ നല്ലേപ്പിള്ളി എന്ന ദേശത്തു് ൧൦൯൫-ൽ ൧൫൦ പറ നെല്ല് പാട്ടം അനുസരിച്ച് ഭൂമി വാങ്ങിച്ചിട്ടുള്ള ഒരു പാട്ടക്കാരനിൽനിന്നു ഇന്നു അതിനു ൩൦൦ പറ നെല്ലും ൪൦൦ രൂപ മുൻപാട്ടമായിട്ടും എടുത്തുവരുന്നുണ്ട്. ഇങ്ങനെയുള്ള വൻകിട ഭൂവുടമകൾക്ക് ആശ്വാസമായിട്ടുള്ള ഒരു നിയമം ഇവിടെ സൃഷ്ടിക്കേണ്ട ആവശ്യമില്ല. സർ സി. പി. രാമസ്വാമി അയ്യർ ൧൧൧൬-ൽ ഇവിടെ ഉണ്ടാക്കിയ ഒരു നിയമം ൧൧൨൫-ൽ അതേപടി ഇവിടെ പകർത്തുന്നതിൽ യാതൊരു ബുദ്ധിസാമർത്ഥ്യവും ആവശ്യമില്ല. അതൊരു ക്ലാർക്കിന്റെ ജോലിമാത്രമേ ആവുകയുള്ളു. നാളെ കൊച്ചിൻ തുറമുഖവും അതിന്റെ പരിസരങ്ങളും കേന്ദ്രസർക്കാർ എടുത്തിട്ടു് പകരം ഏതെങ്കിലും ഒരു താലൂക്കുവിട്ടു തരികയാണെങ്കിൽ അവിടെയും ഈ നികുതിസമ്പ്രദായം ഏർപ്പെടുത്താൻ ഒരു ബിൽ കൊണ്ടുവരുന്നതിൽ എന്തു വൈദഗ്ദ്ധ്യമാണുള്ളതു്.

ഈ അവസരത്തിൽ ബഹുമാനപ്പെട്ട പൂമംഗലം മെമ്പർ പറഞ്ഞ കാര്യങ്ങളും ഇവിടെ ഓർമ്മിക്കവാനുള്ളതു്. അദ്ദേഹം പറഞ്ഞ പ്രോഗ്രസ്സീവ് ടാക്സേഷൻ സമ്പ്രദായം നാം സ്വീകരിക്കുന്നതു് ആദരണീയമാണു്.

[ശ്രീ. കെ. സദാനന്ദൻ.]

ഒരേക്കർ വരെയുള്ള ഭൂമിക്കു ഒരു പൈപോലും നികുതി ഈടാക്കുവാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. അതുകഴിഞ്ഞിട്ടുള്ള ഓരോ ഏക്കർ ഭൂമിക്കും വർദ്ധമാനമായ നികുതി ഈടാക്കണം. ഇങ്ങനെ ചെയ്യുകയാണെങ്കിൽ ൩ ലക്ഷം രൂപായുടെ കുറവ് സഹിക്കേണ്ടിവരികയില്ല. ജന്മിയുടെ കയ്യിൽനിന്നു കൂടുതൽ നികുതികിട്ടുകയും ഇവിടത്തെ സാമാന്യജനങ്ങൾക്കു ഒരു ആശ്വാസം കിട്ടുകയും ചെയ്യും. ഇടപ്പള്ളി, പൂഞ്ഞാർ, കിളിമാനൂർ, വഞ്ചിപ്പുഴ എന്നീ ഇടവകഭൂമികൾക്കും ഇതു ബാധകമാക്കേണ്ടതാണ്. വളരെ വ്യക്തമായി ബഹുമാനപ്പെട്ട പൂമംഗലം മെമ്പർ പറഞ്ഞതുപോലെ ഗവണ്മെന്റു ഒരു ഭൂനയം കൊണ്ടുവരേണ്ടതായിരുന്നു. ഗവണ്മെന്റിന്റെ ഭൂനയം ഇന്നതാണെന്നു വ്യക്തമാക്കുന്നതിനു മുമ്പ് ഈ ബിൽ ഇവിടെ പാസ്സാക്കേണ്ട ആവശ്യമില്ല. ഇടപ്പള്ളി, പൂഞ്ഞാർ തുടങ്ങിയ ഇടവകകളിലെ ആശ്രിതന്മാരുടെയും കൂട്ടുകാരുടെയും പണം പിരിക്കുന്ന സമ്പ്രദായം മാറേണം. ഈ രാജ്യത്ത് ഏറ്റവും അധികം ഭൂമി കൈവശംവച്ചിരിക്കുന്നതു് ശ്രീപത്മനാഭൻ എന്ന ഒരു ജന്മിയാണ്. ശ്രീപത്മനാഭൻ ഒരു നിർജ്ജീവവസ്തുവാണ്. ആ നിർജ്ജീവനായ ജന്മിയുടെ പേരിൽ ഇന്നു വളരെ അധികം കൊള്ള ഇവിടെ നടക്കുന്നുണ്ട്. ഈ നിലയിൽ ഈ ബില്ലിനെ സ്വാഗതം ചെയ്യുവാൻ സാദ്ധ്യമല്ല. ഗവണ്മെന്റിന്റെ ഭൂനയം സംബന്ധിച്ചു ഒരു ബിൽ കൊണ്ടുവന്നതിനുശേഷം ഇങ്ങനെയുള്ള ഒരു ബിൽ അവതരിപ്പിക്കേണ്ടതായിരുന്നു. സർ സി. പി. രാമസ്വാമി അയ്യർ അന്നു ഇവിടെ ഒരു പ്രത്യേകപരിതഃസ്ഥിതിയിൽ ഈ നിയമം കൊണ്ടുവന്നതുകൊണ്ടാണ് വൻകിട ജന്മികളിൽ നിന്നും കൂടുതൽ നികുതി ഈടാക്കാതിരുന്നതു്. വൻകിട ജന്മികൾക്കാണ് ഈ ബിൽകൊണ്ടു ഗുണമുണ്ടാകുന്നതു്. സാമാന്യജനങ്ങൾക്കു് സഹായത്തിനാണ് ഈ ബിൽ അവതരിപ്പിക്കുന്നതെങ്കിൽ ഒരേക്കർ ഭൂമിക്കു നികുതി ഇല്ലാതാക്കുകയും ഒരേക്കർ കഴിഞ്ഞുള്ള ഓരോ ഏക്കറിനും കൂടുതൽ നികുതി ചുമത്തുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ദൈവത്തെ നിർജ്ജീവൻ എന്നു പറയാമോ?

Mr. Speaker: So far as I am concerned I am not in a position to say whether God has life or not. It is a matter which requires more effort at understanding.

ശ്രീ. എം. ഗോപാലൻനായർ: സർ, ഈ ബില്ലിന്റെ അടിസ്ഥാനതത്വത്തോടു യോജിക്കുന്നു. തിരുവിതാംകൂറിൽ ൧൦൮൦-ാമാണ്ടാണ് സെറ്റിൽമെന്റ നടത്തി വസ്തുക്കൾക്കു് കരം നിശ്ചയിച്ചതു്. അതുകഴിഞ്ഞു് മുപ്പതുവർഷത്തിനുശേഷമെ റീസെറ്റിൽമെന്റുണ്ടാവുകയുള്ളു. അതായതു് ൧൧൧൦-ൽ വേണം റീസെറ്റിൽമെന്റ നടത്താൻ. എന്നാൽ ലാൻഡ് ടാക്സ് നടപ്പിൽ വരുത്തുന്നതിനുമുമ്പ് ഒരു കമ്മറ്റിയെ നിയമിച്ചു.

നിലവിലുള്ള നിയമം കൊച്ചിയിൽകൂടി വ്യാപിക്കാനാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നു ബഹുമാനപ്പെട്ട മന്ത്രി

ഇവിടെ പ്രസ്താവിച്ചു. കൊച്ചിയിലുള്ള ആളുകൾ ഇതിനെ പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. പക്ഷെ ഡ്രൈ ലാൻറ്സ് വെററ് ലാൻറ്സിനേക്കാൾ കൂടുതലാകയാൽ ഭൂരിപക്ഷം ആളുകൾക്ക് ഈ ബില്ല് വരണമെന്നാഗ്രഹമില്ല. ഈ ബിൽ ഇത്ര പെട്ടെന്നു പാസ്സാക്കിയേതീരു എന്നില്ല. ഏതെല്ലാം ഇനത്തിലുള്ള ഭൂമികൾ ഇതിൽനിന്നും ഒഴിവാക്കണമെന്നും മററും ശരിയായ വിധത്തിൽ ഒരന്വേഷണം നടത്തിയശേഷം പാസ്സാക്കണമെന്നാണ എൻെറ അഭിപ്രായം. തിരുവിതാംകൂർ വിഭാഗത്തു ചില ഭൂമികളെ ബേസിക് ടാക്സ് ഭാരത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. സർ സി. പി. രാമസ്വാമി അയ്യർ രാജകുടുംബത്തോടുള്ള ബഹുമാനംകൊണ്ടു ചിലയിനം വസ്തുക്കളേയും ബേസിക് ടാക്സിൽനിന്നും ഒഴിവാക്കി. തിരുവിതാംകൂറിലെ ഫ്രീ ഹോൾഡ്സ് ഇനം ഭൂമികളിൽ ബേസിക്ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുള്ളതു് ൬ ഇനം വസ്തുക്കളെയാണ്. ബാക്കി ൮ ഇനം വസ്തുക്കളേയും ബേസിക് ടാക്സിൻെറ പരിധിയിൽ ഉൾപ്പെടുത്തി. ൬ ഇനം ഫ്റീ ഹോൾഡ്സ് ബേസിക് ടാക്സിൻെറ പരിധിയിൽ കൊണ്ടുവരണം.

ഇടവക വസ്തുക്കളെ സംബന്ധിച്ചിടത്തോളം അവയേയും അടിസ്ഥാനനികുതി കൊടുക്കുന്നതിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. അതു ശരിയായ ഒരു നടപടിയല്ല. ഇടവക വസ്തുക്കളേയും ഈ ബില്ലിൻെറ പരിധിയിൽ ഉൾപ്പെടുത്തണം. ഇപ്പോൾ ചില വസ്തുക്കൾ കരമൊഴിവാക്കിയിട്ടുള്ളവയേയും ഈ ബില്ലിൻെറ പരിധിയിൽ കൊണ്ടുവരണം. ശ്രീപാദം, ശ്രീപണ്ടാരവക, കണ്ടുകൃഷി ഇവയെല്ലാം ഈ ബില്ലിൻെറ പരിധിയിലുൾപ്പെടുത്തി അടിസ്ഥാനനികുതി ചുമത്തണം.

നിയമം പാസ്സാക്കണമെന്നും മററുമുള്ള ചില പ്രത്യേകതകൾ നമ്മുടെ ഗവണ്മെൻറിനുണ്ട്. ആവശ്യമുള്ള കാര്യങ്ങൾ പിന്നീടു ചെയ്തുകൊള്ളാമെന്നുള്ള വാഗ്ദാനങ്ങൾ ഞങ്ങൾ വിശ്വസിക്കുകയില്ല. ഹൈക്കോടതി ബിൽ അവതരിപ്പിക്കാമെന്നുള്ള വാഗ്ദാനം അതിനൊരുദാഹരണമാണ്.

ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നതു ജന്മിക്കരം കൊടുക്കുന്നതിനു പുറമെ കുടിയാന്മാർ ബേസിക്ടാക്സും കൊടുക്കണമെന്നാണ്. ജന്മികുടിയാൻ ആക്ററിൽ അടുത്ത സെററിൽമെൻറകാലത്തു ജന്മിക്കരം റിവൈസ് ചെയ്യാമെന്ന വ്യവസ്ഥയുണ്ട്. ബേസിക്ടാക്സ് ചുമത്തുന്ന ഭൂമികളിൽ അതിനുപുറമെ മറെറാരു കരംകൂടി ചുമത്തുന്നതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല.

തിരിപ്പുവാരത്തെ സംബന്ധിച്ചും എനിക്കു ചിലതു പറയുവാനുണ്ട്. തിരിപ്പുവാരം മുഴുവൻ കരത്തിൽനിന്നും വേർതിരിച്ചു നിർത്തിയിട്ടുള്ളതാണ്. തിരിപ്പുവാരം ഉൾപ്പെടെയുള്ള കരം ആണ് ഗവണ്മെൻറ് ഡിമാൻറ്. തിരിപ്പുവാരം കുടിയാൻ കമ്മ്യൂട്ടേഷൻ റേററിൽ കൊടുത്താൽ മതിയെന്നും തിരിപ്പുവാരം കിട്ടേണ്ടയാളിനു ഗവണ്മെൻറേററിൽ നെല്ലുവില കൊടുക്കണമെന്നും ഹൈക്കോടതി വിധിയുണ്ട്. അതുകൊണ്ടു തിരിപ്പുവാരത്തിനുപുറമെ ബേസിക്ടാക്സ് കൊടുക്കണമെന്നുള്ള വ്യവസ്ഥ ന്യായമല്ല. ബിൽ സെലക്ട് കമ്മിററിക്ക് അയയ്ക്കുമ്പോൾ വേണ്ടതെല്ലാം ചർച്ചചെയ്യണമെന്നാണ് എൻെറ അഭി[illegible]ായം.

ஸ்ரீ. கணபதி: ஸர், திருவிதாங்கூர்–கொச்சி என்ற இரண்டு பிரதேசங்களும் ஒன்றாகச் சேர்ந்த பிறகு இந்த இரண்டு சமஸ்தானங்களிலும் சட்டம் போன்ற எல்லாப் பழக்கவழக்கங்களும் ஒரே ரீதியாக இருக்கவேண்டுமென்று பலரும் பலதடவைகள் இந்த சபையில் பேசினதுண்டு. ஆனால் இன்று திருவிதாங்கூர்–கொச்சி சமஸ்தானத்தில் மட்டுமல்ல, இந்திய தேசம் முழுவதிலுமே ஒரே சட்டம், ஒரே பழக்கவழக்கங்கள் வரவேண்டுமென்று, எல்லா சட்டதிட்டங்களும் எல்லா பழக்கவழக்கங்களும் ஒரே ரீதியில் விளங்கவேண்டுமென்று இருக்கும் போது நமது திருவிதாங்கூர்–கொச்சியில் மட்டும், ஒரு பாகத்தில் மட்டும் ஜமீன்தாரி சிஸ்டத்தைப் போல் ஒரு சிஸ்டத்தை ஏற்படுத்துவதும், ஒரு சிலரிடமிருந்து மட்டும் டாக்ஸ் வசூலிக்க வேண்டாமென்று திட்டமிருப்பதும் சரியல்லவென்பதை நான் எடுத்துச் சொல்ல ஆசைப்படுகிறேன். இன்று மத்திய மாகாணம், பீகார், ஒரிஸா போன்ற மாகாணங்களில் ஜமீன்தாரி முறையை ஒழிக்கவேண்டிய நடவடிக்கைகள் எடுக்கப்பட்டுவருகிறது. அங்கும், ஜமீன்தார்கள் அவர்களுடைய குடி ஜனங்களுக்கு மிகவும் தொந்தரவளித்து, அன்று அவர்கள் வெள்ளை அரசாங்கம் இருந்த காலத்திலுள்ளதைப் போன்று இன்றும் ஜமீன்தார்களாக இருந்துகொண்டு குடிமக்களை வஞ்சித்து பணமூட்டைகளாக இருந்துகொண்டிருக்கிறார்கள். இன்று மதராஸ் மாகாணத்தை எடுத்துக்கொண்டால் அங்கு ஜமீன் ஒழிப்பு வந்து விட்டது. இருந்தாலும் கூட அவர்கள் ஜமீன்தார்களாக இருந்த காலத்தில் அவர்கள் பொது ஜனங்களுக்கும், சர்க்காருக்கும் செய்த தீங்குகள் இன்னும் தீரவில்லை. இரண்டு வருஷங்களுக்கு முன்பு மதராஸ் மாகாணத்தில் ஜமீன் முறை ஒழிக்கப்பட்டது. அன்று மதராஸ் மாகாணத்தில உள்ள எல்லோரும், அன்று ஸ்ரீகிருஷ்ண பகவான் நரகாசுரனை வதை செய்த போது எப்படி அன்று மக்கள் தீபாவளி கொண்டாடினார்களோ அதே போன்று ஜமீன் ஒழிப்பு முறை சட்ட ரீதியாக வந்துவிட்டது என்று அறிந்ததும் மக்கள் பல கொண்டாட்டங்கள் நடத்தினார்கள். மேலும் கிராமங்களிலுள்ள குடியானவர்களும், விவசாயிகளும் இதில் முக்கிய பங்கு கொண்டார்கள். அன்று இந்த ஜமீன்தார்கள் செய்த அக்கிரமங்கள் இன்னும் தீர்ந்தபாடில்லை. ஜமீன் ஒழிப்பு முறை வரப்போகிறது என்று அறிந்ததும் அவர்கள், சர்க்காரை கவிழ்ப்பதற்குக் கூட திட்டமிட்டார்கள். இது இப்படியிருக்க, பூஞ்ஞாரை எடுத்துக்கொண்டால், திருவிதாங்கூர் Law journal என்ற புத்தகத்தை எடுத்துப் பார்த்தால் தெரியும். கண்ணன்தேவன் கம்பெனியுடைய பிரதிநிதிகள் தேவிகுளம் தாலுகாவை தேயிலை விவசாயத்திற்குத் தேர்ந்தெடுத்தார்கள். தேவிகுளம் தாலுகாவில் உத்தேசம் 200 சதுர மைல்களைத் தேர்ந்தெடுத்தார்கள். அந்தக் காலத்தில் தேவிகுளம் பீரிமேடு போன்ற மலைப்பிரதேசங்கள் பூஞ்ஞார் ராஜாவின் கையிலிருந்தது. பூஞ்ஞார் ராஜாவிற்கும் கண்ணன்தேவன் கம்பெனிப் பிரதிநிதி டானியல் துரைக்கும் ஒரு ஒப்பந்தம் ஏற்பட்டு 99 வருடத்திற்கு, உத்தேசம் 500000 ஏக்கர் குத்தகைக்கு விடப்

பட்டது என்று கூறப்பட்டிருக்கிறது. அப்படிப்பட்ட ஜமீன்களை இப்பொழுது இந்தச் சட்டத்திலிருந்து, இந்த டாக்ஸிலிருந்து விதி விலக்கு செய்வது சிறிதேனும் நியாயமில்லை என்று சொல்லிக் கொள்ள நான் ஆசைப்படுகிறேன். அப்படியானால் முதலாளிகளும், அதுபோன்ற சலுகைகள் கிடைப்பதற்கு சர்க்காரிடம் சட்டரீதியாக, கோர்ட் மூலமாக ஏதாவது நடவடிக்கைகள் எடுத்து சில திருத்தங்கள் செய்து அவர்களும் சலுகைகள் பெறப் பார்ப்பார்கள். அடுத்தபடியாக, ஜமீன் ஸிஸ்டம் இந்த தேசத்தில், நமது சுதந்திர இந்தியாவில் அவசியமில்லை என்றுதான் நான் சொல்வேன். ஏனென்று கேட்டால் சர்க்காருக்கும் சாதாரண மக்களுக்கும் இடையே, கங்காணிமார்களைப் போன்று, இரண்டு பக்கங்களிலிருந்தும் கமிஷன் வாங்கும் தரகர் போன்று, சர்க்காருக்கும் பொதுஜனங்களுக்கும் இடையேயுள்ள இந்த ஜமீந்தார்களின், ஆவசியமேயில்லை. இடப்பள்ளி, கிளிமானூர், வஞ்சிப்புழை, பூஞ்ஞார் போன்ற சில உடமஸ்தர்களுக்கும் அங்கு விவசாயம் செய்யக்கூடியவர்களுக்கும் நேரடியாக தொடர்பு இல்லாத முறையிலிருக்கிறது. ஆகவே, நமது திருவிதாங்கூர்—கொச்சி சர்க்கார் எப்போதுமே ஒரே ரீதியாக ஒரே சட்டதிட்டம் கொண்டுவரவேண்டும் அதுவுமின்றி ஒரு வகுப்பாரை மட்டும், ஒரு பகுதியாரை மட்டும் இந்த டாக்ஸிலிருந்து விடுதலை செய்யக்கூடாது. ஆகவே இந்த பில்லை ஒரு செலக்ட் கமிட்டிக்கு அனுப்பி, இதற்கு வேண்டிய திருத்தங்களைக் கொண்டு வந்து இந்த ஏழாவது கிளாஸை மாற்ற வேண்டுமென்று முதலாவதாகக் கேட்டுக் கொள்கிறேன். அடுத்தபடியாக ஒரு மெம்பர் அவர்கள் சொன்னது போல் இந்த 11—வது கிளாஸ் பிரகாரம் இங்கே ஏதாவது நடந்தால் Suit போட்டு சர்க்கார் மேல் கேஸ் கொடுக்கக் கூடாது என்று கிளாஸ் இருக்கிறது. அந்தக்கிளாஸைப் பொறுத்தவரையிலும் நான் அதை வரவேற்கத் தயாராக இருக்கிறேன் ஏனென்று கேட்டால் நமது தற்போதைய ரெவன்யூ மந்திரி அவர்கள் இதற்கு முன் ஒரு தடவை இந்த அசெம்பிளியில் வைத்துச் சொன்னார்கள்; ஏழையானாலும் சரி, பணக்காரனானாலும் சரி, சட்டம் ஒன்றேதான். பணக்காரனாயிருந்தாலும் சரி, பாவப்பட்டவனாயிருந்தாலும் சரி, பயோனியர் குமாரசுவாமியாயிருந்தாலும் சரி, டி. எஸ். ராமஸ்வாமி பிள்ளையானாலும் சரி, யாரானாலும் சரி, ஒரே ரீதியில் தான் நடவடிக்கைகள் எடுப்போமென்று சொன்னார்கள். அதே ரீதியில் நடவடிக்கைகள் எடுக்க வேண்டுமென்றால் இந்த சர்க்காரின் மேல் கேஸ் எடுக்கக் கூடாதென்று சட்டம் இருக்க வேண்டியது மிகமிக அவசியமாகும். இன்றைய நிலையில் ஒரு 25—ம், 50—ம் எக்கர் நிலங்களிருக்கக் கூடிய ஒரு முதலாளியின் பேரில் ஏதாவது நடவடிக்கை எடுத்து, அந்நிலங்களிலிருந்து காலி செய்யவேண்டுமென்று கவர்ன்மெண்ட் நினைத்தால் அது நடைமுறையில் நடப்பதில்லை. உதாரணமாக, சர்க்கார் நிலங்களில் அல்லது சர்க்கார் புறம்போக்குகளில் பலாத்காரமாக ஏறி ஒரு வருடமாகவோ இல்லை இரண்டு வருடங்களாகவோ வசித்து கட்டிடம் கட்டி அதில் குடியிருந்தால் நமது சர்க்காரால் அவனை அங்கிருந்து குடியேற்ற முடியவில்லை. உதாரணமாக பல கேஸ்கள்

[ஸ்ரீ. கணபதி.]

இருக்கின்றன. அங்ஙனம் அவர்களை அங்கிருந்து மாற்ற நினைத்தால் முதலாளிக்கு ஏராளம் பணம் இருக்கிறது; உடனே அவர் ஹைக்கோர்ட்க்கு அப்பீல் கொடுத்து ஸ்டே ஆர்டர் வாங்க முடியும். நேர்மாறாக இரண்டும் ஐந்தும் ஏக்கர் நிலமுடைய சாதாரண விவசாயிகள் ஹைக்கோர்ட் படியைக் கூட எட்டிப்பார்க்க முடியாத நிலையில் தான் அவர்கள் இருக்கிறார்கள். சர்க்கார் புறம்போக்கு நிலங்களில், சர்க்காரின் அனுமதியின்றி அந்த பூமிகளில் ஏறிய சில ஏழைகளை மாத்திரம் உடனே இங்கிருந்து வெளியேறி விடு, என்று உத்தரவு கொடுத்தார்கள். குறிப்பாக வண்டன்மேட்டில் பல பணக்காரர்களும் பல ஏழைகளும் குடியேறினார்கள். ஆனால் அங்கு உள்ள நிலைமையைப் பார்த்தால் ஏழைகள் தான் மிகவும் கஷ்டத்திற்கு ஆளானார்கள். உதாரணமாக, ஒரு ஏழை பெண்மணி ரோடில் பிரசவித்ததாக நான் கேள்விப்பட்டேன்; சில பேப்பர்களிலும் வந்தது. ஆனால் ஒரு பணக்காரன் இடமில்லாமல் தவிக்கும் நிலை ஏற்பட்டதாகக் கனவில் கூட நினைக்கமுடியாது. பணக்காரர்களும் ஏழைகளும், அன்று ரெவன்யூ மந்திரி அவர்கள் சொன்னதுபோல் ஒரே ரீதியில் நடத்தப்படவேண்டும், ஒரே மாதிரி சட்டரீதியாக நடவடிக்கைகள் எடுக்கவேண்டுமென்று இருந்தாலும் கூட, அது நடக்காது. ஏனெனில் பணக்காரர்கள் கோர்ட் மூலமாக ஏராளம் பணம் செலவழித்து தங்களது நலன்களைப் பாதுகாத்துக் கொள்வார்கள். சர்க்காரின் உத்தரவுக்கு எதிராக ஹைக்கோர்ட் பல உத்தரவுகள் கொடுத்தது, நாம் நேரில் கண்ட உண்மையாகும். பணக்காரர்களுக்கு ஸ்டே ஆர்டர்கள் போன்றவைகள் எளிதில் கிடைத்துவிடும். ஆனால் ஏழை மக்களுக்கு அது கிடைக்காது. ஆக நான் சொல்வதென்னவெனில் இந்த 14-வது கிளாஸ்படி நடவடிக்கைகள் எடுக்க சர்க்காருக்கு இந்த அதிகாரம் இருப்பது மிக மிக அவசியமாகும். ஆக நான் மீண்டும் ஒரு முறை எடுத்துச் சொல்ல ஆசைப்படுகிறேன், இந்த லாண்ட் டாக்ஸ் பில்லில் உள்ள ஏழாவது கிளாஸை செலக்ட் கமிட்டி பிரத்தியேகமாக பரிசீலனை செய்யவேண்டுமென்று சொல்லிக்கொண்டு எனது சொற்பொழிவை முடித்துக்கொள்கிறேன்.

Shri P. S. Nataraja Pillai: I agree with the Finance Minister that this is a Bill to settle the dues realisable by Sirkar from land in the country. In 1121 when the basic tax Proclamation was enacted a fundamental change in the taxation policy on land was adopted by Government. Till that time it was the policy of Government to assess land tax on the basis of the productivity of the land and share a portion with the tenant. But that system was abrogated and Government decided that land tax need not be based on assessment based on productivity of land but simply a uniform low seignorage tax. That position is evident from the Preamble of the Proclamation itself:

"Whereas it is deemed necessary and expedient in supersession and modification of the existing statutes relating to assessment of land revenue to enact that a low and uniform rate of basic tax shall be charged and levied on all lands, and to declare that the arrangement herein contemplated and enacted shall *inter alia* and subject to the provisions hereinafter contained be deemed to be a general revenue settlement of the State".

Sir, that fundamental declaration is very often forgotten by the Treasury Benches. Under the Settlement Proclamation the Government absolutely had no right to bring in a settlement or to revise the settlement within a period of 30 years.

Shri Panampilli Govinda Menon: From where did you get the figure 30 years?

Shri P. S. Nataraja Pillai: In the Settlement Act of 1060. I would request my hon. friend to read that.

Shri Panampilli Govinda Menon: I have read that. In the Proclamation of 1060 it is stated that the Settlement will be for 30 years. Does it mean that it would be for every 30 years?

Shri P. S. Nataraja Pillai: Under the natural presumption of the case it is so. That is the principle that was taken and adopted in official records and there was a right to have a resettlement every 30 years. That right was given in 1060 Proclamation. By the Proclamation of 1120 that right was given up by Government and in the place of that, Government declared by law that a basic uniform tax in the place of the settlement is enacted and enforced. I take it Sir, that the basis for periodic settlement and revision was under the old conception of the land tax law. The old conception of land tax law was itself based upon that procedure. Thirty years is sufficiently a long period. The old conception that land is owned by the sovereign of the State and the holder is holding the land under the sovereign an archaic conception which nobody is going to accept now. Just before the Proclamation the head of the administration very definitely announced that the proposal of Government in introducing the basic tax was to give up the right of reassessing land. So Sir, it was clearly declared that the Proclamation was intended to introduce a general revenue settlement of the State. Now in the introduced bill we find that the Preamble of the Proclamation is taken as clause 3.

'Notwithstanding anything in any statute, grant, deed or other transaction, the arrangement herein made for the levy of the basic tax shall be deemed *inter alia* to be a general revenue settlement of the State'.

But even though the Preamble of the Proclamation is repeated in this Bill, it does not carry the spirit.

[Shri P. S. Nataraja Pillai]

As you know Sir, some two years ago when the Congress Ministry was administering the country they revised the basic tax from four cash to three pies which according to me is even now illegal. To put it in another way, it is a breach of faith on the part of Government to have revised it. Sir, the introduction of the basic tax system was really not so favourable in the case of wet lands. The rate was fixed at four cash. The matter was discussed and the Special Officer too went into the question and came to the conclusion that any tax above four cash per cent of land would be high and could not be justified under the conditions existing in the country. But the then Ministry revised the basic tax which was fixed by the previous Proclamation.

Now, they have again introduced this Bill, evidently as is announced in the preamble and in the Statement of Objects and Reasons, to extend it to Cochin area. Whether that should have been done under this Bill, I do not know, but having become an integrated territory, there may be a necessity to extend the provisions of the land law to the other area as well, but it is a serious matter for consideration, Sir, even now, whether we should not revert to the original Proclamation which is the law on the subject and which this Government had no right to retract. This House did an injustice in agreeing to revise the rate fixed......

Shri Panampilli Govinda Menon: Is it the hon. Member's contention that this opportunity should be availed of to fix the rate at 4 cash per cent ?

Shri P. S. Nataraja Pillai: Certainly. But it is a matter within the right of the Select Committee. It is a matter within the right of the Select Committee and within the purview of this House. That was a revision which, according to me, was unauthorized or was not well considered. So, that is the first finding I would make regarding this Bill.

Then, the rate fixed must itself be a subject matter for consideration by the Select Committee. Then, basic tax is leviable on all lands. It is the only tax which the Government is entitled to collect. It is the only source of revenue for the Government straight from land. In the bill, clause 4, it is said, " in all lands." Clause 4 says : " Subject to the provisions of this Act, there shall be charged and levied in respect of all lands in the State, whether wet, dry or garden or under whatever tenure held, a uniform rate of tax to be called the basic tax." Then, by another clause, they have made certain exceptions. If it had been left there, the right of the Government would have been only to charge a basic tax. The conception underlying the whole legislation or the Proclamation was to charge only a uniform basic tax on all lands in this country. The Government took to itself the right of collecting only the basic tax. That is the only tax that could be charged on land. That is the only tax to which the landowner is liable.

He is not liable to pay any other tax. That being so, Sir, by a subsequent clause, exceptions are being provided. Before going into the exceptions provided in clause 6, I would just refer to clause 9. Clause 9 says:

> "Thiruppuvaram or Melvaram charged on and payable in respect of any land shall continue to be paid to those entitled to it as heretofore in addition to the basic tax thereon payable to the Government."

That is in variation of the declared policy of the preamble to the Bill and the proclamation. Let us see what this thiruppuvaram is. Thiruppuvaram is an assignment of tax in favour of a third party or a portion of the revenue payable to Government by the holders of the land. Thiruppuvaram is an assignment of a specific portion of the tax imposed on specific land. That, Sir, in para 314 of the Settlement Report. Thiruppuvaram is a deduction not from the standard assessment or *kanapattom*, but from the net demand, *iruppukaram*. This is found in Revenue Manual, Vol. I.

(*b*) whether the Manager has agreed to fulfil the condition laid down by the Government and whether the Government will be pleased to consider favourably their application?

Answer.

(*a*) Yes.

(*b*) This will be considered along with the other applications at the time when the question of opening of new schools in 1953-54 is taken up.

മല്ലപ്പുഴശ്ശേരി പകുതി.

൩൭൪. [൨൦] ശ്രീ. പരീതു റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിലുള്ള മല്ലപ്പുഴശ്ശേരി പകുതി, പത്തനംതിട്ട സ്റ്റേഷനറി ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയുടെ പരിധിയിൽനിന്നും നീക്കംചെയ്യുന്നതു് പൊതുജനങ്ങൾക്ക് പലവിധ ബുദ്ധിമുട്ടുകൾക്കും അസൌകര്യത്തിനും ഇടയാകുമെന്നുള്ള പരമാർത്ഥം ഗവണ്മെന്റിനറിയാമോ;

(ബി) മല്ലപ്പുഴശ്ശേരി പകുതിയുടെ രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി, മുൻസിഫ് കോടതി, താലൂക്കുകച്ചേരി ആദിയായവ എല്ലാം പത്തനംതിട്ടയായിരിക്കെ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയുടെ അധികാരാതിർത്തിയിൽനിന്നും മാത്രം പ്രസ്തുതപകുതി ഒഴിവാക്കുവാൻ ഉദ്ദേശിച്ചതിന്റെ കാരണമെന്തു്;

(സി) ഇപ്രകാരം ഒരു ഭേദഗതി വരുത്തരുതെന്നു കാണിച്ചു് പൊതുജനങ്ങളുടെ വകയായി ഒന്നെങ്കിലും നിവേദനം ഗവണ്മെന്റിലേക്ക് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം.

(എ) യാതൊരു വിധമായ ബുദ്ധിമുട്ടുകൾക്കോ അസൗകര്യത്തിനോ ഇടയുള്ളതായി കാണുന്നില്ല.

(ബി) പത്തനംതിട്ടയിലും, ചെങ്ങന്നൂരിലും ഉള്ള ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതികളുടെ അതിർത്തികളുടെ ശരിയായിട്ടുള്ള വിഭജനത്തെ ഉദ്ദേശിച്ചുമാത്രം.

(സി) ഇല്ല.

(ഡി) സി-യുടെ ഉത്തരംകൊണ്ടു് ഉദിക്കുന്നില്ല.

റേഷൻകട.

ന: ൧൫. [൨൫] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിക്കു സമീപം ൪൧൨-ാംനമ്പർ പരസ്പരസഹായ സംഘംവകയായി അട്ടതോടിനു് അടുത്തായി നടത്തിയിരുന്ന റേഷൻ പീടിക നിറുത്തലാക്കാൻ കാരണമെന്തു്;

(ബി) ടി ഷാപ്പു് നിറുത്തൽ ചെയ്യുവാൻ ആലോചിച്ചുകൊണ്ടിരുന്ന അവസരത്തിൽ ടി ഷാപ്പു് മോതിരക്കണ്ണിയിലേയ്ക്കു് മാററണമെന്നു വല്ല കോവാപ്പറേററീവു് സംഘത്തിൽനിന്നും അപേക്ഷ ലഭിക്കുകയുണ്ടായോ;

(സി) ൧൦൦ റേഷൻ കാർഡുകാർ ഒപ്പിട്ടു് തങ്ങളുടെ കാർഡു അട്ടതോട്ട് ഷാപ്പിലേയ്ക്കു് മാററണമെന്നു് പറഞ്ഞു് ഹർജി തന്നിട്ടുണ്ടോ;

(ഡി) പി. കെ. കോയ എന്നൊരു വ്യക്തിയ്ക്കു് തൽസ്ഥാനത്തു് റേഷൻഷാപ്പു് അനുവദിക്കുകയുണ്ടായോ?

ഉത്തരം.

(എ) ൪൧൨-ാംനമ്പർ പരസ്പരസഹായസംഘത്തിലേയ്ക്കു് ചാലക്കുടി Irrigation Scheme-ൽ ജോലി ചെയ്തിരുന്ന ൩൦൦ കൂലിക്കാർക്ക് ഉള്ള ഒരു റേഷൻകാർഡു് മാത്രമേ ഉണ്ടായിരുന്നുള്ളു. അവിടത്തെ അസിസ്റ്റൻറു് എൻജിനീയർ—ആ ദിക്കിലെ ജോലി കഴിഞ്ഞുവെന്നും കൂലിക്കാരുടെ റേഷൻകാർഡു് മതിരമുററത്തുള്ള പരസ്പരസഹായസംഘം ഷാപ്പിലേയ്ക്കു മാററിക്കൊടുക്കേണ്ടതാണെന്നും അറിയിച്ചു. അതുപ്രകാരം കാർഡു് മാററിക്കൊടുക്കുകയും അങ്ങിനെ ൪൧൨-ാംനമ്പർ പരസ്പരസഹായസംഘം നടത്തിവന്ന ഷാപ്പിന്റെ പ്രവർത്തനം ആവശ്യമില്ലാതാവുകയും ചെയ്തു.

(ബി) ൪൧൨-ാംനമ്പർ പരസ്പരസഹായസംഘത്തിൽനിന്നും ടി ഷാപ്പു് മോതിരക്കണ്ണിയിലേയ്ക്കു് മാററിക്കിട്ടുവാൻ ഒരു അപേക്ഷ ലഭിച്ചിട്ടുണ്ടു്.

(സി) ഇല്ല.

(ഡി) ഇല്ല.

പോലീസിന്റെ കുടിയിറക്ക്.

൩൧൬. [൨൨] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

തൃശ്ശിവപേരൂർ താലൂക്ക് കുറിച്ചിക്കര, പൊങ്ങണംകാട്ട്, കോട്ടാംകുന്നത്തു ശങ്കരൻ മകൻ അയ്യപ്പനെ ൧൧൨൮ സെപ്റ്റംബർ ൧൧-ാംനു കുടിയിറക്കിയെന്നു വല്ല ആക്ഷേപവും ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ?

ഉത്തരം.

ഇല്ല.

തേയില.

൩൧൭. [൨൩] ശ്രീ. ഗണപതി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ലേബർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് ഒരു കൊല്ലത്തിൽ എത്ര റാത്തൽ തേയില ഉൽപ്പാദിപ്പിക്കുന്നു; റബ്ബർ എത്ര റാത്തൽ;

(ബി) അവയിൽനിന്ന് പ്രത്യേകം പ്രത്യേകം ഗവണ്മെന്റിനു എന്തു വരുമാനമുണ്ട്;

(സി) തോട്ടത്തൊഴിലാളികൾക്ക് ഗവണ്മെന്റ് എന്തെങ്കിലും നന്മ ചെയ്തിട്ടുണ്ടോ?

(ഡി) അങ്ങനെയാണെങ്കിൽ എന്തു് ചെയ്തിട്ടുണ്ട്; ഇനി വല്ലതും ചെയ്യാൻ ഗവണ്മെന്റിനു് പദ്ധതിയുണ്ടോ?

ഉത്തരം.

(എ) തേയില ൧൯൫൦-ൽ ൫,൧൮,൭൭,൭൭൮ പൌണ്ട്.

റബ്ബർ ൧൯൫൦-ൽ ൩,൨൫,൭൩,൦൮൦ പൌണ്ട്.

(ബി) ഉത്തരം തയാറായിട്ടില്ല. വിവരം ശേഖരിച്ചു കൊണ്ടിരിക്കുന്നു.

(സി) ഉണ്ട്.

(ഡി) ഇൻഡസ്ട്രിയൽ എംപ്ലായ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡേഴ്സ് ആക്റ്റ്) വർക്ക്മെൻസ് കാമ്പൻസേഷൻ ആക്റ്റ്, ട്രെയിഡ് യൂണിയൻസ് ആക്റ്റ്, മുതലായ നിയമങ്ങൾ തോട്ടങ്ങളെ സംബന്ധിച്ച് മുമ്പുതന്നെ നടപ്പിലുണ്ട്. ഇതിനു പുറമേ, പേമെന്റ് ആഫ് വേജസ് ആക്റ്റും, മിനിമം വേജസ് ആക്റ്റും, അടുത്തകാലത്ത് തോട്ടങ്ങളിൽ നടപ്പാക്കി തോട്ടം തൊഴിലാളികളുടെ കുറഞ്ഞകൂലി നിശ്ചയിക്കുകയും ചെയ്തു. സ്ത്രീ തൊഴിലാളികൾക്ക് പ്രസവവേതനം നൽകുന്നതിനുള്ള ബിൽ കഴിഞ്ഞ നിയമസഭയിൽ പാസ്സാക്കി. തോട്ടം തൊഴിലാളികളുടെ സാമാന്യക്ഷേമത്തെ സംബന്ധിക്കുന്ന പല നിബന്ധനകളും അടങ്ങിയിട്ടുള്ള പ്ലാന്റേഷൻസ് 'ലേബർ ആക്റ്റ് ഉടനെ നടപ്പിലാക്കുമെന്നു് പ്രതീക്ഷിക്കുന്നു. തൊഴിലാളികൾക്ക് പാർപ്പിടസൌകര്യം നൽകുന്നതിനുള്ള ഒരു പദ്ധതി അസോസിയേഷൻ ആഫ് പ്ലാന്റേഷൻസ്

ഓഫ് ട്രാവൻകൂർ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം എത്രയും വേഗത്തിൽ നടത്തുന്നതിന് ഗവണ്മെന്റ് എസ്റ്റേറ്റ് ഉടമസ്ഥന്മാരെ പ്രേരിപ്പിച്ചു. തൊഴിലാളികൾക്ക് വൈദ്യസഹായം നൽകുന്നതിനുള്ള ഒരു പദ്ധതിയും നടപ്പിൽ വരുത്തുന്നുണ്ട്. തോട്ടം തൊഴിലാളികളുടെ പരാതികൾ അന്വേഷിക്കുന്നതിനും മററുമായി ഒരു പ്രത്യേക അസിസ്റ്റന്റ് ലേബർ കമ്മീഷണരെ നിയമിച്ചിട്ടുണ്ട്. തൊഴിലാളികളുടെ നന്മയ്ക്ക് എല്ലാ നടപടികളും ഗവണ്മെന്റ് കാലോചിതമായി എടുത്തുവരുന്നു.

QUESTIOUS POSTED FOR ANSWER ON 29-10-52.

Electricity to Karinilams.

379 [4] **Shri P. V. Avira Tharakan:** Will the Minister for Works and Transport be pleased to state:

(*a*) whether the Government intend to supply electricity to the Karinilams of Shertalai taluk for the purpose of pumping; and

(*b*) if so, when do the Government propose to start the work?

Answer.

(*a*) Yes.

(*b*) It will be considered next year.

കായംകുളം—കാർത്തികപ്പള്ളി റോഡ്.

൩൭൯. [൮] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കാർത്തികപ്പള്ളി റോഡിന്റെ പണി ൧൧൨൮-൨൯-ൽ പൂർത്തിയാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഇപ്പോൾ എത്ര മൈൽ പൂർത്തിയായിട്ടുണ്ട്?

ഉത്തരം.

ഇല്ല. നാലുമൈൽ പൂർത്തിയായിട്ടുണ്ട്.

പാലം പണി.

൩൮൦. [൯] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

കായംകുളം-പുതുപ്പള്ളി റോഡിൽ, ചിറക്കടവു എന്ന സ്ഥലത്തു ഒരു പാലം പണിയുന്നതിനു ഗവണ്മെന്റിനോട് നാട്ടുകാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ഉത്തരം.

ഉണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

കൃഷ്ണൻകോട്ട പുല്ലുറവബണ്ട്.

൩൪൧. [൧൩] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷ്ണൻകോട്ട പുല്ലുറവബണ്ടിന്റെ പണി പൂർത്തിയാകാത്തതു മൂലം ആ ഭാഗങ്ങളിലെ കൃഷിക്കു വൻപിച്ച നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതായി ഗവണ്മെന്റിനറിയാമോ;

(ബി) ഈ ബണ്ടിന്റെ പണി പൂർത്തിയാക്കുകയോ, അല്ലെങ്കിൽ ബണ്ട് പൊളിച്ചു കളയുകയോ, ചെയ്യണമെന്നു കാണിച്ചുകൊണ്ടുള്ള നിവേദനങ്ങൾ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ഗവണ്മെന്റ എന്തു നടപടികൾ എടുത്തു?

ഉത്തരം.

(എ) അറിവില്ല.

(ബി) പൂർത്തിയാക്കണമെന്നും, ബാക്കി പണി തൽക്കാലം നിറുത്തിവയ്ക്കണമെന്നും ബണ്ടിന്റെ ആവശ്യംതന്നെ ഇല്ലെന്നും വിഭിന്നങ്ങളായ നിവേദനങ്ങൾ ലഭിക്കുന്നുണ്ട്.

(സി) എല്ലാ താൽപ്പര്യങ്ങളേയുംപറ്റി അന്വേഷണം നടത്തിവരികയാണ്.

ചങ്ങാടം.

൩൪൨. [൧൪] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല തണ്ണീർമുക്കം റോഡിൽ കട്ടച്ചിറപ്പാലം നശിച്ചിട്ട് എത്ര കാലമായി;

(ബി) അവിടെ ഒരു ചങ്ങാടം ഇട്ടിരുന്നുവോ; ആ ചങ്ങാടം അവിടെനിന്നും മാറ്റിയിട്ട് എത്രനാളായി;

(സി) ആ ചങ്ങാടം അവിടെ ഇട്ടിരുന്ന അത്രയും കാലത്തെ ശമ്പളം കൊടുത്തു തീർക്കാതെ അതിലെ തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്;

ഉത്തരം.

(എ) പാലം നശിച്ചിട്ടില്ല, അത് വാഹനഗതാഗതത്തിന് യോഗ്യമല്ല എന്നു മാത്രം.

(ബി) ഉണ്ട്. അതു മാറ്റിയിട്ട് ഉദ്ദേശം രണ്ടുമാസത്തോളമായി.

(സി) ഉണ്ട്. ശമ്പളം കൊടുക്കുവാൻ ബഡ്ജറ്റനുവാദം ഇല്ലാതിരുന്നതിനാൽ പ്രത്യേകം അനുവാദം വാങ്ങുവാൻ കാലതാമസം നേരിട്ടതുകൊണ്ട് തൽക്കാലം അവരെ വേലയിൽനിന്നും പിരിച്ചുവിട്ടു.

Rural Midwives

383 [22] **Shri M. M. Abdul Khader:** Will the Minister for Medicine and Public Health be pleased to state:

(*a*) if rural midwives have been appointed in all the pakuthies of Kunnathunad taluk; and

(*b*) if so, the number in each pakuthy with reference to the population?

Answer.

(*a*) No.

(*b*) Does not arise.

Rural Electrification in Kunnathunad.

384 [24] **Shri M. M. Abdul Khader:** Will the Minister for works and Transport be pleased to state:

(*a*) if there is any scheme for the extension of the rural electrification to Kunnathunadu Taluk; and

(*b*) if so, when the same would be put into operation?

Answer.

(*a*) Yes.

(*b*) The scheme has already been put into operation.

Kothamangalam, Pallom stations.

385 [26] **Shri K. M. Chandy:** Will the Minister for works and Transport be pleased to state:

(*a*) whether the Government have a scheme of connecting Kothamangalam and Pallam electric stations; if so, how far have they progressed in that line; and

(*b*) whether it will be possible for them to consider supply of electricity to Monipalli and Puthuvely as part of the scheme?

Answer.

(*a*) Yes, but this year's programme does not provide for the linking of these two places by electric lines.

(*b*) This will be considered next year if the load prospects of the two places improve.

നിവേദനം.

൩൮൬. [൨൮] ശ്രീ. എം. സി. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കോട്ടയം താലൂക്കിൽപെട്ട അകലക്കുന്നം പകുതിയിൽ എത്ര സ്ഥലത്തേക്ക ഇലക്ട്രിസിററി നീട്ടണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര സ്ഥലത്തേക്ക് ഈ വർഷം ഇലക്ട്രിസിററി നീട്ടുന്നതിന് ഉദ്ദേശിക്കുന്നു;

(സി) ബാക്കി സ്ഥലങ്ങളിൽ വേണ്ട എന്നു പറയുവാൻ കാരണമെന്ത്?

ഉത്തരം.

(എ) ഏഴക്കുളം, പള്ളിക്കൽതോട്ട്, ആനിക്കാട്ട് എന്നീ സ്ഥലങ്ങളിലേക്ക ഇലക്ട്രിസിററി നീട്ടണമെന്നു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഡിപ്പാർട്ടുമെൻറിലേക്ക് ഇതുമൂലം നഷ്ടമില്ലാത്തപക്ഷം, ഗവണ്മെൻറിന്റെ സാമ്പത്തികനിലയും സാധനസാമഗ്രികളുടെ ലഭ്യതയും അനുസരിച്ച് ഈ സ്ഥലങ്ങളിലെല്ലാം ഈ കൊല്ലംതന്നെ ഇലക്ട്രിസിററി നീട്ടാവുന്നതാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ക്ഷയരോഗാശുപത്രിയിലെ റോഡുകൾ.

൩൨൧. [൩൨] ശ്രീ. കെ. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മുളംകുന്നത്തുകാവ് ക്ഷയരോഗാശുപത്രിയിലെ റോഡുകൾ ടാറിടായ്കയാൽ പൊടിയുടെ ശല്യം വളരെയുണ്ടെന്ന് ഗവണ്മെൻറിന് അറിയാമോ;

(ബി) കഴിയുന്നതും വേഗം പ്രസ്തുത റോഡുകൾ ടാറിടുവാൻ വേണ്ട ഏർപ്പാട് ചെയ്യുമോ?

ഉത്തരം.

(എ) ഈ റോഡുകളിൽ പൊടിയുടെ ശല്യം ഉണ്ടാകത്തക്കവിധം വാഹനഗതാഗതം ഇല്ല.

(ബി) ആലോചിക്കാം.

കോഴഞ്ചേരി-കുമ്പഴറോഡ്.

൩൨൨. [൪൦] ശ്രീ. പരീതുറാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണയിൽ വളരെ കൂടുതൽ ട്രാഫിക്കുള്ള കോഴഞ്ചേരി-കുമ്പഴറോഡ് കാൺക്രീററൊ അഥവാ ടെൽക്രീററാ ചെയ്യുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആയതിലേക്ക് വല്ല നിവേദനവും ഗവണ്മെൻറിലേക്ക് പൊതുജനങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ട്;

(ഡി) പ്രസ്തുത സംഗതി വളരെ ആവശ്യമുള്ളതാണെന്ന് ഗവണ്മെൻറിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഈ റോഡിൽ നാലു മൈൽ ഉടനെ സ്പെഷ്യൽ സർഫേസിംഗ് ചെയ്യാൻ വേണ്ട പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

വെട്ടിപ്പുറം—മാഹാണിമലറോഡ്.

൩൮൯. [൪൧] ശ്രീ. പരീതുറാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടതാലൂക്കിൽ വെട്ടിപ്പുറം—മാഹാണിമലറോഡ് ഗവണ്മെന്റ് ഏറ്റെടുത്ത് അററകുററപ്പണികൾ തീർക്കണമെന്നുകാണിച്ചു ഗവണ്മെന്റിലേക്ക് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു് നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ റോഡ് വളരെ പഴക്കമുള്ളതും വളരെ പ്രാധാന്യമേറിയതും മൂന്നുനാലു പകുതികളിലെ ജനങ്ങൾക്കുള്ള ഏകയാത്രാമാർഗ്ഗവുമാണെന്നുള്ളവിവരം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗവണ്മെന്റ് ഏറ്റെടുക്കുന്നതിലേക്ക് ഉടൻതന്നെ വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) എസ്റ്റിമേററ് തയാറാക്കി കഴിഞ്ഞു. സബ്ഡിവിഷൻ കമ്മററി നിശ്ചയിക്കുന്ന വർഷത്തിൽ ജോലി തുടങ്ങാം.

(സി) പ്രാദേശികപ്രാധാന്യമുള്ള റോഡാണെന്ന് അറിയാം.

(ഡി) വർക്ക്സ് കമ്മററിയുടെ നിശ്ചയപ്രകാരം മേൽ നടപടികൾ നടക്കുന്നതാണ്.

ഇലക്ട്രിക്ക്ലൈൻ.

൩൯൦. [൪൨] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്കിൽ കല്ലൂർ തെക്കുമുറി വില്ലേജിൽ വാളൂർ പാടത്തേക്ക് ഇലക്ട്രിക്ക്ലൈൻ നീട്ടിക്കിട്ടാൻവേണ്ടി എത്ര ഹർജികൾ ഗവണ്മെന്റിലേക്ക് കിട്ടിയിട്ടുണ്ട്;

(ബി) ടി പാടത്ത് ഒരു പമ്പിംഗ് സ്റ്റേഷൻ പ്രവർത്തനം തുടങ്ങുവാനാണ് ലൈൻ നീട്ടിത്തരേണ്ടത് എന്ന് ഹർജികളിൽ പ്രത്യേകം കാണിച്ചിട്ടുണ്ടോ;

(സി) ഈ പാടത്തിൽനിന്നും എത്രദൂരംവരെ ഇലക്ട്രിക്ക്ലൈൻ കൊണ്ടുവന്നിട്ടുണ്ട്?

ഉത്തരം.

(എ) ഒന്ന്.

(ബി) ഉണ്ട്.

(സി) ആവശ്യപ്പെട്ടിരിക്കുന്നതായ പ്രൊമിനേഡ് ലൈൻ വന്നിട്ടുണ്ട്.

എഴുന്നള്ളത്തുറോഡ്.

നമ്പർ 2. [൪൩] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി—തൃശ്ശൂർ റോഡിൽ 2-ാംമൈൽകുററിയിൽ നിന്നും മാള—ആളൂർ റോഡിൽ ചെന്നെത്തത്തക്കവിധം സംവിധാനംചെയ്ത എഴുന്നള്ളത്തുറോഡ് എതെല്ലാം വില്ലേജുകളിൽകൂടി കടന്നുപോകുവാനായിരുന്നു ആദ്യമായി നിശ്ചയിച്ചിരുന്നത്;

(ബി) ഇപ്പോഴും ആദ്യത്തെ പ്ലാൻ മാററിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇപ്പോഴത്തെ പ്ലാൻപ്രകാരം എതെല്ലാം വില്ലേജുകളിൽക്കൂടിയാണ് ഈ റോഡു കടന്നുപോകുന്നത്;

(ഡി) പ്ലാൻമാററാൻ കാരണമെന്ത്?

ഉത്തരം.

(എ) ആളൂർ, താഴെക്കാട്, പൊരാമ്പ്ര എന്നീ വില്ലേജുകളിൽകൂടി

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

റെയിൽവേ ഔട്ട് ഏജൻസി.

നമ്പർ. [൪൪] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം, പഴഞ്ഞി മുതലായ സ്ഥലങ്ങളിൽ ഓരോ റയിൽവെ ഔട്ട് ഏജൻസി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഗവണ്മെന്റു മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(സി) ഇല്ലെങ്കിൽ ഇതേപ്പററി ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇതേപ്പററി റയിൽവേ അധികൃതർക്ക് എഴുതിച്ചോദിച്ചതിൽ കുന്നംകുളത്ത് ഔട്ട് ഏജൻസി സ്ഥാപിക്കുന്നകാര്യം അവരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി അറിയുന്നു. പഴഞ്ഞിയിൽ ഔട്ട്ഏജൻസി സ്ഥാപിക്കുന്ന കാര്യത്തെപ്പററി അവർക്ക് യാതൊരു നിവേദനവും ലഭിച്ചിട്ടില്ലെന്നും അറിവായിരിക്കുന്നു.

പാലം പണി.

൧൯൩. [൪൬] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ടാണശ്ശേരി വില്ലേജിൽ (തലപ്പിള്ളി) ചൊവ്വല്ലൂർപ്പടി പാലം കെട്ടണമെന്ന് ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം.

ഇല്ല.

പെരുമ്പീടിപാലം.

൧൯൪. [൪൭] ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ സബ്ഡിവിഷനിൽപ്പെട്ട പെരുമ്പീടി പാലത്തിന്റെ പണിക്ക് വളരെ കാലതാമസമുണ്ടാകുന്നതായി അറിയാമോ;

(ബി) ഈ സാമ്പത്തിക വർഷത്തിൽതന്നെ പണിതീർക്കുന്നതിനായി ആവശ്യമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുമോ?

ഉത്തരം.

(എ)) ഇല്ല.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ജലവാഹനസൗകര്യം.

൧൯൫. [൪൮] ശ്രീ. പി. കെ. രാമചന്ദ്രദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ശാസ്താംപുറത്തു പബ്ലിക്ക് ചന്തയ്ക്കു വടക്കുവശമുള്ള പെരുങ്കുളം എന്ന കുളത്തിലേയ്ക്ക് പമ്പാനദിയിൽ കോലാമുക്കിൽനിന്നും പുറപ്പെടുന്ന തോട്ട് ബോട്ട്, വള്ളം മുതലായ ജലവാഹനസൗകര്യമുണ്ടാക്കിക്കിട്ടുന്നതിന് തദ്ദേശവാസികളിൽനിന്നും വല്ല നിവേദനവും ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ;

(ബി) പ്രസ്തുത പെരുങ്കുളം ഒരു ചന്തക്കടവാക്കുന്നതിനുവേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ജനപ്രതിനിധികൾ ഈ വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഡി) അതിന്മേൽ ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചു;

(ഇ) ഇപ്പോഴെങ്കിലും ആയത്തു സാധിതപ്രായമാക്കുവാൻ ഗവണ്മെന്റിന് ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) വേണ്ട അന്വേഷണം നടത്തി വർക്ക്സ് കമ്മിററിയുടെ അഭിപ്രായം അറിയുവാൻ നിശ്ചയിച്ചിരിക്കുന്നു.

(ഇ) വർക്ക്സ് കമ്മിററിയുടെ ശുപാർശക്കുശേഷം ഈ കാര്യത്തിൽ മേൽ നടപടി നടത്തുന്നതാണ്.

Maternity Wards.

396 [49] **Shri Ganapathi**: Will the Minister for Medicine answer the following questions:

(*a*) what has been done by the Government re: the non-availability of the required number of Maternity wards in Estates for the Labourers; and

(*b*) will the Government take necessary action for the consideration and removal of such grivences at least in the year 1953?.

Answer.

(*a*) No specific complaint has been received by Government that hospitals provided in the Estates do not have sufficient number of maternity wards.

(*b*) In the light of the above answer the question does not arise.

Welfare centre for Hill Tribes.

397 [50]. **Shri Ganapathi**: Will the Minister for Local Self Government answer the following questions:

(*a*) what amount has been allotted to our State by the India Government for the benefit of the Hill Tribes; What amount has been allotted by our Government for the year 1952;

(*b*) by what way is it being spent;

(*c*) has any welfare centre been started for them; and

(*d*) in which Taluk are the Hill Tribes living in large numbers?

Answer.

(*a*) Government of India have sanctioned a grant of Rs. 25,000 and there is an allotment of Rs. 25,000 in the State budget.

(*b*) The amount is earmarked for starting welfare centres provision of medical aid and for payment of grants.

(*c*) A welfare centre has been sanctioned at Chittampara Kani settlement.

(*d*) Nedumangad, Changanacherry, Peermade, Devicolam and Chittur Taluks.

റോഡു്.

൩൯൮. [൬൩] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ താലൂക്ക പുളൂർവില്ലേജിൽനിന്നും ആലപ്പാട്ടു് കടത്തിറങ്ങുന്ന സ്ഥലത്തേയ്ക്കു് ഒരു റോഡു് വേണമെന്നു് ആ നാട്ടുകാരിൽനിന്നും സക്കാരിലേയ്ക്കു് എന്തെങ്കിലും അപേക്ഷകളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറു് ഇതുവരെ എന്തുനടപടി എടുത്തു?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഈ റോഡുനിർമ്മാണം തൽക്കാലം ആലോചിക്കേണ്ടതില്ലെന്നു താലൂക്കകമ്മിററി തീർച്ചപ്പെടുത്തി.

വിദ്യുച്ഛക്തി വിതരണം.

൩൯൯. [൬൬] ശ്രീ. ഗണപതി: താഴെ പറയുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ലാറിലെയും അവിടെനിന്നും ൨-ാം മൈലിലേയും താമസക്കാർ പല പ്രാവശ്യം ഗവണ്മെൻറിനപേക്ഷകൾ അയച്ചിട്ടും ഇതുവരെ അവിടെ വൈദ്യുതവിളക്കിനു് ഏർപ്പാടു ചെയ്യാത്തതെന്തുകൊണ്ടു്?

ഉത്തരം.

കല്ലാർ നിവാസികളിൽനിന്നും യാതൊരു അപേക്ഷയും ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ പള്ളിവാസൽ മൂന്നാം മൈൽവരെ വൈദ്യുതവിളക്കുകൾ നീട്ടാൻ ഇയ്യിടെ ഗവണ്മെൻറു് അനുവദിച്ചിട്ടുണ്ടു്. താൽപ്പര്യപ്പെട്ട കക്ഷികൾ മിനിമം ഗാറൻറി ഉടമ്പടി ചെയ്താൽ ആവശ്യമുള്ള സാധനങ്ങൾ കിട്ടിയാലുടൻതന്നെ പ്രസ്തുത ജോലി ആരംഭിക്കുന്നതാണു്.

Unstarred Questions posted for Answer on 30-10-1952.

ഭൂമികളുടെ വിസ്തീർണ്ണം.

൪൦൦. [൩] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ശ്രീപാദം, ശ്രീപണ്ടാരം ദേവസ്വങ്ങൾ, ജന്മിവക, ഇടവക ഈ വസ്തുക്കളുടെ ഓരോന്നിൻെറയും വിസ്തീർണ്ണം എന്താണു്?

ഉത്തരം.

	ഏക്കർ	സെൻറു്
ശ്രീപാദം	൯൮൯൨	൯൩·൫൨൫
ശ്രീപണ്ടാരവക	൨൩,൫൮൮	൬൩·൦൬൯

ദേവസ്വം ;	൧,൫൮,൯൩൪	൦൫·൩൫൮
ജന്മം	൧,൬൧,൭൫൩	൧൧·൪൩൩
ഇടവക	൧,൧൬,൩൦൭	൫൬·൭൬൦

കൊച്ചി വിഭാഗത്തു് ദേവസ്വംവസ്തുക്കൾക്കും ജന്മിവക വസ്തുക്കൾക്കും പ്രത്യേകം റിക്കാർട്ടുകൾ ഇല്ലാത്തതുകൊണ്ടു് അവയുടെ വിസ്തീർണ്ണം മേൽപ്പറഞ്ഞ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

കൊഴിഞ്ഞാമ്പാറ പ്രൈമറിസ്കൂൾ.

൪൦൧. [൧൨] ശ്രീ. സി. അച്യുതമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊഴിഞ്ഞാമ്പാറ പ്രൈമറിസ്കൂളിൽ അദ്ധ്യാപകന്മാരില്ലെന്നും ശരിയായ സ്കൂൾ കെട്ടിടം ഇല്ലെന്നും ആ നാട്ടുകാരിൽനിന്നും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) അതിനെപ്പററി ഗവണ്മെൻറു് എന്തു നടപടി നടത്തി ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ആവശ്യമുള്ള അദ്ധ്യാപകന്മാരെ നിയമിക്കുവാൻവേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു്. സ്കൂളിൻവേണ്ടി സ്ഥലം പൊന്നുംവിലയ്ക്കെടുത്തു് കെട്ടിടം പണിയുന്ന കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണു്.

Vadakode English Middle School.

402 [13] **Shri M. M. Abdul Khader :** Will the Chief Minister be pleased to state :

(*a*) if the Government received representations to take over the Vadakode English Middle School, Thrikkakara; and

(*b*) the result ?

Answer.

(*a*) Yes.

(*b*) The request was rejected.

സ്ഥലം പതിവു്.

൪൦൩. [൧൪] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

ആനമം റോഡിനടുത്തുള്ള എച്ചിപ്പാറ, കോർമല എന്നീ പ്രദേശങ്ങളിൽ സ്ഥലം പതിച്ചുകൊടുക്കപ്പെട്ടവരുടെ ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം.

ഫോറസ്ററ ഡിപ്പാർട്ടുമെൻറിൽ നിന്നും പ്രസ്തുത പ്രദേശങ്ങളിൽ ആർക്കും വനം പതിച്ചു കൊടുത്തിട്ടില്ല.

കാർഷിക കോളനിക്കുള്ള സ്ഥലം.

൪൦൪. [൨൩] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്ക് ആനമലറോഡിൽ ചിക്ലായി എന്ന സ്ഥലത്ത് എത്ര ഏക്കർ കാർഷികകോളനിക്കായി നീക്കിവച്ചിട്ടുണ്ട്;

(ബി) ഇതു നീക്കിവയ്ക്കാനുള്ള തീരുമാനമെടുത്തിട്ട് എത്ര കൊല്ലമായി;

(സി) കാടുവെട്ടിമാററാൻ വല്ലവക്കും കരാറുകൊടുക്കുകയോ ലേലം വിളിക്കുകയോ ചെയ്തിട്ടുണ്ടോ;

(ഡി) കരാറുകൊടുക്കുകയോ ലേലംവിളിക്കുകയോ ചെയ്യുമ്പോൾ എത്ര മാസത്തിനുള്ളിൽ വെട്ടിമാററാമെന്നായിരുന്നു വ്യവസ്ഥ;

(ഇ) വെട്ടിമാററുന്ന ഓരോ ടൺ തടിക്കും ഓരോ ടൺ വിറകിനും ഗവമ്മെൻറിലേക്ക് എന്തു ലഭിക്കുന്നു;

(എഫ്) ലേലം വിളിച്ചവർ വെട്ടിയെടുക്കുന്ന തടിക്കും വിറകിനും ശരിയായി പ്രതിഫലം കൊടുക്കുന്നില്ലേ?

ഉത്തരം.

(എ) ൨൫൦ ഏക്കർ.
(ബി) രണ്ടുകൊല്ലം.
(സി) ഉണ്ട്.
(ഡി) ൧൧൨൫ മകരം അവസാനത്തിനകം.
(ഇ) വെള്ളമരം ടണ്ണിന് ൫൦ c. ft.) ക. ൩൦
൨. ഘനമരം ടണ്ണിന് (൫൦ c. ft.) ക. ൫൫
൩. വിറക് ടണ്ണിന് (൩൮ c. ft.) ക. ൩-൮൦
(എഫ്) ഇല്ല.

ജലസേചനപദ്ധതി.

൪൦൫. [൩൧] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴപ്പിള്ളിക്കര, താന്ന്യം വില്ലേജുകളിലെ കൃഷിക്കാരിൽ നിന്നും കൂടുതൽ ഭക്ഷ്യോൽപ്പാദനത്തിനുവേണ്ടി ഏതാനും ചെറിയ ജലസേചനപദ്ധതികൾ നടപ്പാക്കിക്കൊടുക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം ഗവമ്മെൻറിലേക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പണി നടപ്പാക്കുന്നതിലേക്കായി ഗവമ്മെൻറ് എന്തു ചെയ്യും?

ഉത്തരം.

(എ) തൃശ്ശിവപേരൂർ താലൂക്ക് താന്ന്യംപഞ്ചായത്തിൽപ്പെട്ട വടക്കുംമുറി കിഴക്കുംമുറി വില്ലേജുനിവാസികളുടെ പക്കൽ നിന്നും ഒരു നിവേദനം ഫുഡ്പ്രൊഡക്ഷൻ ബോർഡിന് ലഭിച്ചിട്ടുണ്ട്.

(ബി) നിവേദനത്തിൽ പ്രസ്താവിച്ച ചില, പണികൾ നടത്തേണ്ടതിനെപ്പററി ആലോചിച്ചുവരുന്നു.

House for Teachers.

406 [33] Shri S. G. Deviappan: Will the Minister be pleased to state:

(*a*) are the teachers of the Middle School in Devicolam provided with houses for living;

(*b*) what is the view of the Government in respect of the provision of houses to them;

(*c*) when will these houses be provided; and

(*d*) is house rent also being given to them along with their pay?

Answer.

(*a, b, c* and *d*) The information is being collected.

Questions posted for answer on 31-10-52.

കൃഷ്ണപുരം—കാപ്പിൽ റോഡ്.

൪൦൧. [൨] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

കൃഷ്ണപുരം കാപ്പിൽറോഡ് കല്ലിട്ട് ഗതാഗതയോഗ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു പണിതീരും?

ഉത്തരം.

ബഹുമാനപ്പെട്ട മെംബർ ഏതു റോഡാണ് ഉദ്ദേശിക്കുന്നതെന്നു മനസ്സിലാകുന്നില്ല.

ഓച്ചിറ-താമരക്കുളം റോഡ്.

൪൦൨. [൩] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഓച്ചിറ താമരക്കുളം റോഡ് എത്ര മൈൽ പണി പൂർത്തിയായി; ഇനി എത്ര മൈൽ പൂർത്തിയാകാനുണ്ട്; അവ എന്നത്തേയ്ക്കു് പൂർത്തിയാകും?

ഉത്തരം.

ആദ്യത്തെ ഒരു മൈൽ;

ആറുമൈൽ പൂർത്തിയാകാനുണ്ട്.

ബഡ്ജററിൽ തുക അനുവദിക്കുന്നതനുസരിച്ച് ശേഷംഭാഗത്തുള്ള പണികൾ തീർക്കുന്നതാണ്.

ഗതാഗതത്തിനു് കടത്തു്.

൪൦൯. [൧൩] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ മേത്തലവില്ലേജിൽപ്പെട്ട വലിയപണിക്കൻതുരുത്തിൽ നിന്നു് കരിയാപ്പിള്ളിക്കു് ഗതാഗതത്തിനു് ഗവണ്മെൻറിൽ നിന്നു് കടത്തു് ഏർപ്പാടു് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണു്;

(സി) വലിയപണിക്കൻ തുരുത്തിനും കരിയപ്പിള്ളിക്കും മദ്ധ്യേ ഒരു ധർമ്മക്കടത്തു് ഏർപ്പാടു് ചെയ്യണമെന്നു് കാണിച്ചുകൊണ്ടു് എന്തെങ്കിലും നിവേദനം ഗവണ്മെൻറിലേക്കു് കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ഉത്തരം.

(എ) ഇല്ല.

(ബി) അതിൻെറ ആവശ്യകത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടാതിരുന്നതുകൊണ്ടു്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

റോഡുചുങ്കം.

൪൧൦. [൧൪] ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) നെല്ലിയാംപതിയിൽ ഒരു റോഡുചുങ്കം സ്ഥാപിച്ചതെന്നാണു്;

(ബി) ചുങ്കം ഇപ്പോൾ എത്ര സംഖ്യക്കാണു് ലേലംവിളിച്ചിരിക്കുന്നതു്;

(സി) ഈ ചുങ്കം എടുത്തുകളയണമെന്നു് നാട്ടുകാർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) ൧൯൨൮ ഏപ്രിൽ ൧൯നു.

(ബി) ൧൦൪൧ രൂപയ്ക്കു്.

(സി) ഇല്ല. നെല്ലിയാംപതി പ്ലാൻേറഴ്സ് ആവശ്യപ്പെട്ടിട്ടുണ്ടു്.

പാലംപണി.

൪൧൧. [൧൯] ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) നെന്മാറ—നെല്ലിയാമ്പതി റോഡിൽ ഒരു പ്രധാനപാലം തകർന്നുവീണതുമൂലം ഗതാഗതത്തിന് ഭംഗം നേരിട്ടിരിക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗതാഗതതടസ്സം താൽക്കാലികമായി തീർക്കുവാൻ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) പാലംപണി ഉടനെ നടത്തുവാൻ ഗവണ്മെന്റ് നടപടി എടുക്കുമോ?

ഉത്തരം.

(എ) ഉണ്ട്.
(ബി) (diversion) ഡൈവർഷൻ റോഡ് ഉണ്ടാക്കിയിട്ടുണ്ട്.
(സി) പാലം പുതുക്കിപ്പണിയുന്നതിനുവേണ്ട നടപടികൾ എടുത്തുവരുന്നു.

കള്ളുചെത്തുലൈസൻസ്.

൪൧൨. [൩൦] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൮—൨൯-ലെ ആദ്യത്തെ ക്വാർട്ടറിൽ കള്ളുചെത്തുന്നതിന് ലൈസൻസ് എടുത്ത തെങ്ങുകളുടേയും പനകളുടേയും താലൂക്കുതിരിച്ചുള്ള എണ്ണം എത്ര;

(ബി) ൧൧൨൮—൨൯—ലെ കള്ളുഷാപ്പുലേലത്തിന്റെ തുക ഓരോ താലൂക്കിലും എത്ര?

ഉത്തരം.

(എ-യും, ബി-യും) ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ രണ്ടു സ്റ്റേറ്റുമെന്റുകൾ മേശപ്പുറത്തുവച്ചിട്ടുണ്ട്.*

Sinking Well at Pacode.

413 [31] **Shri M. William**: Will the Minister for Works be pleased to state:

(*a*) whether the sinking of a well for public use in S. No. 3380 of Pacode Pakuthy in Vilavancode Taluk was sanctioned by Government;

(*b*) what is the amount sanctioned for that;

(*c*) whether construction has been begun;

(*d*) what is the amount already spent towards construction;

(*e*) is the work completed; if not what is the reason for the immediate delay?

Answer.

(*a*) Yes.

(*b*) Rs. 2,400.

---

*Please See Appendix V.

(*c*) Yes.
(*d*) Rs. 1,574.
(*e*) No. Delay in completion is due to difficulties met with during execution.

തുമ്പമൺ-കോഴഞ്ചേരി റോഡ്.

൪൧൪. [ന ൪] ശ്രീ. പരീതു റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിലുള്ള തുമ്പമൺ-കോഴഞ്ചേരി റോഡ് ബഹുമാനപ്പെട്ട മന്ത്രി സന്ദർശിച്ച അവസരത്തിൽ അവിടത്തെ പൊതുജനങ്ങളുടെ വകയായി സമർപ്പിച്ച മെമ്മോറാണ്ടത്തിലെ താൽപ്പര്യമനുസരിച്ച് എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പ്രസ്തുത റോഡ് വളരെ പ്രാധാന്യമേറിയതും ഉദ്ദേശം പതിനഞ്ച് കരകളിലെ അൻപതിനായിരത്തിൽപരം ആളുകളുടെ ഏകയാത്രാമാർഗ്ഗവുമാണെന്നു് ഗവണ്മെൻറിനു് ബോദ്ധ്യമായിട്ടുണ്ടോ;

(സി) സുപ്രധാനമായ ഈ റോഡ് നന്നാക്കുന്നതിനു് ഇത്രമാത്രം കാലവിളംബം വരുത്തുന്നതിനു് പ്രത്യേകകാരണമുണ്ടോ;

(ഡി) ഏറ്റവുംവേഗം ഇതു നന്നാക്കുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) ചെറിയ കലുങ്കുകൾ മുതലായി ഇനി വേണ്ടജോലികൾകൂടി ഇയ്യാണ്ടിൽതന്നെ, മെയിൻറനൻസ് ഗ്രാൻറിൽനിന്നും ചെയ്തുതീർക്കുവാൻ ഏർപ്പാടുചെയ്തു.

(ബി) പ്രാദേശികപ്രാധാന്യമുള്ള ഒരു റോഡാണെന്നറിയാം.

(സി) ജോലികൾ നടന്നുവരുന്നു.

(ഡി) സബ്ഡിവിഷൻ കമ്മററിയുടെ ശുപാർശയും അനുവദിക്കുന്ന തുകയും അനുസരിച്ചു് കൂടുതൽ ജോലികൾ ചെയ്യുന്നതാണു്.

നെല്ലിക്കാലാ-നാരങ്ങാനം റോഡ്.

൪൧൫. [ന ൫] ശ്രീ. പരീതു റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽ തിരുവല്ലാ പി. ആർ. ഡി. സെക്‌ഷനിൽപ്പെട്ട നെല്ലിക്കാലാ-നാരങ്ങാനം റോഡ് ഗവണ്മെൻറ് ഏറെറടുത്തു നന്നാക്കുന്നതിലേക്കു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടു്;

(സി) വളരെ പഴക്കമുള്ളതും കോഴഞ്ചേരി പത്തനംതിട്ടറോഡിൽനിന്നും കോഴഞ്ചേരി മണ്ണാറക്കുളഞ്ഞിറോഡിലേക്കു് ഇലന്തൂർനിന്നും വളരെ എളുപ്പമുള്ളതുമായ മാർഗ്ഗമാണു് പ്രസ്തുത റോഡെന്നു് ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ;

(ഡി) ഏററവുംവേഗം ഈ റോഡ് നന്നാക്കുന്നതിന് നടപടി എടുക്കുമോ;

(ഇ) പ്രസ്തുത റോഡ് നന്നാക്കുന്നതിന് വി. ആർ. ഡി. യുടെ എസ്റ്റിമേററ് അനുസരിച്ച് എന്തു തുകയാകും?

ഉത്തരം.

(എ) ഉണ്ട്.

(ബി) രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ ഈ റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) തുക അനുവദിക്കുന്നതനുസരിച്ച് നടപടികൾ സ്വീകരിക്കും.

(ഇ) ഉദ്ദേശം മുപ്പതിനായിരം ഉറുപ്പികയാകും.

Pumping water from Punja fields.

416 [37] Shri E. P. Varghese: Will the Chief Minister be pleased to state:

(*a*) whether there has been an application for pumping out water from the Punja fields in Kuttikattukara, Eloor so as to enable the cultivators to raise a second crop;

(*b*) whether there is any arrangement for such works being carried out by the Irrigation Sub-Division Officer at Alwaye.

Answer.

(*a*) Yes.

(*b*) The matter is being investigated.

ഓച്ചിറ ആയിരംതെങ്ങു റോഡ്

൪൧൭. [൩൮] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഓച്ചിറ ആയിരംതെങ്ങു റോഡിൽ ഇടിഞ്ഞിട്ടുള്ള ഭാഗങ്ങൾ ശരിയായി ഗ്രാവലിട്ട് ഉറപ്പിക്കുന്നതിന് ഈ വർഷം എത്ര രൂപ നീക്കിവച്ചിട്ടുണ്ട്;

(ബി) ഈ സാമ്പത്തിക വർഷത്തിൽതന്നെ പ്രസ്തുതറോഡിന്റെ അററകുററപ്പണികൾ പൂർത്തിയാകുമോ?

ഉത്തരം.

(എ) ഈയാണ്ടത്തെ ബഡ്ജററിൽ തുക കൊള്ളിച്ചിട്ടില്ല.

(ബി) പതിവുപോലുള്ള മെയിൻറനൻസ് വേലകൾ ചെയ്യുന്നതാണ്.

തുമ്പമൺ—കോഴഞ്ചേരി റോഡ്.

൪൧൮. [൩൯] ശ്രീ. പി. കെ. രാമചന്ദ്രദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുമ്പമൺ-കോഴഞ്ചേരി റോഡ് ഇന്നും ഗതാഗതയോഗ്യമല്ലാത്തതാണെന്ന് ഗവണ്മെന്റിനറിയാമോ;

(ബി) ഈ റോഡരുകിൽ സ്ഥിതിചെയ്യുന്ന ഇലവുന്തിട്ട പബ്ലിക്ക് ചന്തയിലേക്ക് വാഹനങ്ങൾ പോകുന്നതിനും മററും ഈ റോഡിന്റെ ശോചനീയാവസ്ഥനിമിത്തം സാധിക്കുന്നില്ലെന്നുള്ളവിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് മെററൽചെയ്യുന്നതിനും കലുങ്കുകൾ പണിയുന്നതിനും എസ്റ്റിമേററ് ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ഡി) അതിന്മേൽ എന്തു നടപടി എടുത്തു?

ഉത്തരം.

(എ) ഇല്ല.

(ബി) വലിയ വാഹനങ്ങൾ പോകാൻ സാധിക്കുന്നില്ലെന്നുള്ള വിവരം അറിയാം.

(സി) മെററൽചെയ്യുന്നതൊഴിച്ച് എല്ലാ പണികളും ഈയാണ്ടിൽ തന്നെ ചെയ്യുതീർക്കുവാൻ ഉദ്ദേശിക്കുന്നു.

(ഡി) ഉത്തരം ആവശ്യമില്ല.

Bridge.

419 [41] Shri A. K. Chelliah : Will the Minister for Works and Transport be pleased to state :

(*a*) whether the Government know that money was budgeted in 1116 M. E. for constructing a bridge over Neyyoor Vaikal on the Neyyoor-Chembanvila road in Colachel Pakuthy, and

(*b*) what is the reason for the long delay in the commencement of the work ?

Answer.

(*a*) Yes.

(*b*) On account of the prohibitive cost prevailing during war years.

മസ്റ്റർറോൾ വർക്കിന് അനുവദിച്ചിട്ടുള്ള തുക.

൪൨൦. [൪൨] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

മസ്റ്റർറോൾ വർക്കിന് അനുവദിച്ചിട്ടുള്ള തുകയിൽ, കണ്ടപ്പമായ ഒരു തുകവീതം പ്രതിമാസം മേസ്ത്രിമാർവഴി ചില പി. ഡബ്ളിയു. ഡി. സെക്ഷനാഫീസരന്മാർ വസൂലാക്കിവരുന്നതായി ഗവണ്മെന്റിന് അറിയാമോ?

ഉത്തരം.

അറിവില്ല.

<u>பஸ் சர்வீசுக்கு பெர்மிட்</u>

421. [45] <u>ஸ்ரீ. கண்பதி.</u>: கீழ் காணும் வினாக்களுக்கு மராமத்து இலாகா மந்திரி அவர்கள் பதில் அளிப்பார்களா :

(a) தேவிகுளம் குமிழிரோடு பூர்த்தியாகியும் பலமாதங்களுக்கு முன்பாகவே மராமத்து இலாகா மந்திரி ஆரம்பவிழா நடத்தியும் இது வரை ஏன் பஸ் சர்வீசுக்கு பெர்மிட் கொடுக்கவில்லை;

(b) பெர்மிட் கொடுத்திருந்தால் யாருக்கு;

(c) அப்படி கொடுக்காவிட்டால் டி. வி. எஸ். கம்பெனிக்கு பெர்மிட் கொடுக்கலாமா?

<u>விடை</u>

(a) அந்த ரோடு பஸ் போக்கு வரத்திற்கு தகுதி உடையது என P. W. D. யாரால் தெரிவிக்கப்படவில்லை.

(b) ஒருவருக்கும் ஒரு பெர்மிட்டும் கொடுக்கவில்லை.

(c) அந்த வழி பஸ் போக்கு வரத்திற்கு தகுதி உடையது என தெரிவிக்கப்பட்டு, டி. வி. எஸ். கம்பெனி நிர்ணயிக்கப்பட்ட நமூனாவில் விண்ணப்பிக்கும்போது மட்டுமே அதைப் பற்றி ஆலோசிக்கப்படும்.

<u>വിദ്യുച്ഛക്തി വിതരണം.</u>

൪൨൨. [൪൧] <u>ശ്രീ. വാസുദേവൻപിള്ള</u> : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തിവിതരണം കോന്നിയിൽ നടപ്പാക്കുന്നതിനു് ഈ ബഡ്ജററുവർഷത്തിൽ എന്തു തുക അനുവദിച്ചിട്ടുണ്ടു്;

(ബി) ഇതു സംബന്ധിച്ചു് പ്രവൃത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നാരംഭിക്കും ?

<u>ഉത്തരം.</u>

(എ) ൫൦൦൦൦ രൂപാ.

(ബി) ഉണ്ടു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

<u>വൈപ്പിൻ—പള്ളിപ്പുറം റോഡു്.</u>

൪൨൩. [൪൬] <u>ശ്രീ. കെ. കെ. രാമകൃഷ്ണൻ</u> : താഴെകാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈപ്പിൻ—പള്ളിപ്പുറം റോഡിന് ൧൧൨൭-ലെ ബഡ്ജററിൽ ചേർത്തിട്ടുള്ള തുകയിൽ നിന്നും എത്ര ചിലവാക്കി? ബാക്കിതുക ലാപ്സായിപോകാതിരിക്കുവാൻ ശ്രമിക്കുമോ?

ഉത്തരം.

കഴിഞ്ഞ പണികൾക്കുള്ള ബില്ലുകൾ തയ്യാറായിട്ടില്ല. ശ്രദ്ധിക്കാം.

പാലത്തിനും റോഡിനും വേണ്ടിയുള്ള സർവ്വേ.

൪൨൪. [൫൨] ശ്രീ. കെ. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വൈപ്പിൻകരയെ പറവൂർ നഗരവുമായി കൂട്ടിച്ചേർക്കുന്ന പാലത്തിനും റോഡിനും വേണ്ടിയുള്ള സർവ്വേ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഗവണ്മെൻറ് അംഗീകരിച്ചിട്ടുള്ള റൂട്ട് ഉപേക്ഷിക്കുവാൻ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) പറവൂർനിന്നും ആരംഭിക്കുന്ന റോഡ് വളവും ചെരിവും കൂടാതെ വൈപ്പിൻ—പള്ളിപ്പുറം റോഡിൽ എത്തിക്കുന്നതിന് ഗവണ്മെൻറ് ശ്രമിക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ശ്രമിക്കാം.

Hospital.

425 [53] **Shri S. G. Deviappan**: Will the Minister for Medicine answer the following questions:

(*a*) is there a Government Hospital in Munnar Town, Devicolam Taluk;

(*b*) why; and

(*c*) are the Government aware that thousands of people living there are suffering much due to the absence of a Hospital?

Answer.

(*a*) No.

(*b*) & (*c*) In the Munnar Town there is a grant-in-aid dispensary and also a Hospital owned by Messrs. K. D. H. P. Company. So there is no immediate necessity for another Government Hospital.

Questions Posted for Answer on 1-11-1952.

മലയാളം ഓണേഴ്സ് കോഴ്സ്.

൪൨൬. [വ്യ] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടിപറയുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിൽ മലയാളം ഓണേഴ്സ്കോഴ്സ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ; പിന്നീട് വേണ്ടെന്നു വച്ചോ ; അതെന്തുകൊണ്ടാണ് ;

(ബി) അങ്ങിനെയൊരു കോഴ്സ് തുടങ്ങാൻ ഗവണ്മെൻറ് ഇനി എങ്കിലും സന്നദ്ധമാകുമോ ?

ഉത്തരം.

(എ) ൧൯൫൦-ൽ മലയാളം ഓണേഴ്സ്കോഴ്സ് തുടങ്ങുന്നതിന്നു തീരുമാനിച്ചിരുന്നു. എന്നാൽ അതിനുവേണ്ടിയുള്ള യൂനിവേഴ്സിററി കമ്മിഷൻെറ വ്യവസ്ഥകൾ സ്വീകാര്യമല്ലാതിരുന്നതിനാൽ അന്നു വേണ്ടെന്നു വയ്ക്കുകയാണു് ചെയ്തിട്ടുള്ളതു്.

(ബി) അതിനെപ്പററി ആലോചിക്കാവുന്നതാണ്.

പൊതുശ്മശാനം.

൪൨൧. [൨൨] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വില്ലേജുകളിൽ പലതിലും പൊതുശ്മശാനമില്ലായ്കയാൽ ഹരിജനസമുദായാംഗങ്ങൾ വിഷമിക്കുന്നതായി ഗവണ്മെൻറിനറിയാമോ ;

(ബി) ശ്മശാനങ്ങൾ ഏർപ്പെടുത്തിക്കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് വല്ല നിവേദനവും ആ നിയോജകമണ്ഡലത്തിൽനിന്നും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

ഉത്തരം.

(എ) അറിവില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പൈക ചന്ത.

൪൨൨. [൨൩] ശ്രീ. എം. സി. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൈകചന്തയിൽ വർഷകാലത്തു് വെള്ളംകെട്ടിനിൽക്കുന്നതുമൂലം അവിടെ കച്ചവടത്തിന് വളരെ ബുദ്ധിമുട്ടുണ്ടെന്നു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചന്തയ്ക്കു പുറത്തുനിന്നും ഒഴുകിവരുന്ന വെള്ളം പോകത്തക്കവണ്ണം ഒരു ഓടകെട്ടണമെന്നു് അധികാരികളോടു് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഓടകെട്ടുന്ന കാര്യം ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ഇല്ല.

(സി) ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടാൽ അതിനെ സംബന്ധിച്ച് വേണ്ട നടപടി നടത്തുന്നതാണ്.

Schools taken over by Government.

429 [26] Shri P. S. Nataraja Pillai: Will the Chief Minister be pleased to state:

(*a*) the number of middle schools and high schools under private management that were taken over by Government and conducted by the Department during the school year 1951-52;

(*b*) the names of the schools with the names of the respective management;

(*c*) the dates on which each of the schools were taken over and the reasons for it; and

(*d*) are there schools still conducted by Government, if not the reasons for it?

Answer.

(*a*) Private Middle Schools and High Schools taken over by Government in 1951-52.

Middle School—One.
High School —One.

(*b*) Hodgson Middle School Valiathura, Manager Shri L. A. Netto. S. K. V. High School, Pirappancode, Manager Shri K. N. Pandarathil.

(*c*) The dates from which the schools were taken over:— *Middle School, Valiathura,* arrangements were first made from 19-3-52 for the conduct of the school in a neighbouring Government School building. The management of the school was formally taken over by Government for one year from 1-6-52.

High School, Pirappancode. The management was assumed from 3-3-52. Subsequently it was handed over to the management on 6-9-52 and thereafter the management offered the surrender of the school with effect from the date 13-10-1952. The reason for taking over the institutions: the managers could not run the institutions satisfactorily.

(*d*) Yes. These schools are now under Government management.

വളംഡിപ്പോ.

൪൩൦. [൩൦] ശ്രീ. ഒ. സി. നൈനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലുപ്പാറപകുതിയിൽ ഇപ്പോൾ ആകെ എത്ര വളംഡിപ്പോകൾ അനുവദിച്ചിട്ടുണ്ട്;

(ബി) കോവാപ്പറേററീവ് സൊസൈററിക്ക് എത്രയെണ്ണം അനുവദിച്ചിട്ടുണ്ട്;

(സി) കോവാപ്പറേററീവ് സൊസൈററിക്ക് അനുവദിച്ചതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തനത്തിൽ ഇരിക്കുന്നു;

(ഡി) പ്രവർത്തനം നടക്കാത്ത എത്ര ഡിപ്പോകൾ സംഘക്കാരുടേതുണ്ട്;

(ഇ) പ്രവർത്തനങ്ങൾ നടക്കാത്തതിൻെറ കാരണമെന്തു്;

(എഫ്) കൂടുതൽ ഡിപ്പോകൾ ഈ പരിതഃസ്ഥിതിയിൽ മററുള്ളവക്ക് അനുവദിക്കുന്നതിനു തയ്യാറുണ്ടോ;

(ജി) കല്ലുപ്പാറപകുതിയുടെ വിസ്തീർണ്ണവും ജനസംഖ്യയും എത്രയാണ്;

(എച്ച്) എത്ര ജനസംഖ്യയുള്ളിടത്താണ് ഡിപ്പോകൾ അനുവദിക്കുന്നതു്?

ഉത്തരം.

(എ) മൂന്ന്.

(ബി) ഒന്ന്.

(സി) ഒരു ഡിപ്പോ മാത്രമേ അനുവദിച്ചിട്ടുള്ളു. അതു് ഇപ്പോഴും പ്രവർത്തനത്തിൽ ആണ്.

(ഡി, ഇ, എഫ്) ഉദിക്കുന്നില്ല.

(ജി) വിസ്തീർണം ൨൨൦൦൫ ഏക്കർ.
ജനസംഖ്യ ൩൦൨൯.

(എച്ച്) വിളംഡിപ്പോകൾ അനുവദിക്കുന്നതു് ജനസംഖ്യാടിസ്ഥാനത്തിലല്ല.

Harijans.

431 [31] Shri Ganapathi: Will the Minister for Backward Classes answer the following questions:—

(*a*) though 90% of the workers in the Kannan Devan Company are Harijans, no Harijan is represented as the Welfare Officer of the Company. Why is it that no useful purpose is served even after many complaints were lodged to Government;

(*b*) will the Government take any action for the appointment of a Welfare Officer from the Harijans according to the percentage of the workers of the Company?

Answer.

(*a*) Government cannot interfere in the appointment of Welfare Officers by private employers and insist that communal considerations should be shown in such appointments.

(*b*) No.

Land for Harijans.

432 [33] Shri Ganapathi: Will the Minister for Revenue answer the following questions:

(*a*) Since the Tamil Harijans of Devicolam-Peermade Taluk are land-less, will the Government pay due attention regarding the grant of lands to them;

(*b*) if so, can arrangements be made to grant the same this year itself;

(*c*) if not, why?

Answer.

If special requests pointing out the lands required are made, they will be considered.

കോൾകൃഷി

൪൩൩. [൩൪] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോൾകൃഷിക്കായി പുഴക്കൽ മുതലായ സ്റ്റോറേജുകളിൽ വെള്ളംകയററുന്ന ജോലി ഗവൺമെൻറിന് വേണ്ടി കഴിഞ്ഞ കൊല്ലം നടത്തിയതാര്;

(ബി) എസ്റ്റിമേററ് റേററ വിട്ട് എത്ര കൂടുതൽ റേററവച്ചാണ് പ്രസ്തുത പണികൾ ഏൽപ്പിച്ചത്;

(സി) മുൻകൊല്ലങ്ങളിൽ പ്രസ്തുത പണി നടത്തിവന്നതാരാണ്; അവക്ക് കൊടുത്ത റേററും എസ്റ്റിമേററ റേററും തമ്മിലുള്ള അന്തരമെന്ത്?

ഉത്തരം.

(എ) തൃശ്ശിവപേരൂർ കോൾ കോഓപ്പറേററീവ് സൊസൈററി നമ്പ്ര ൧൩൧.

(ബി) എസ്റ്റിമേററ് റേററിനാണ് പണികൾ ഏൽപ്പിച്ചത്.

(സി) അതാത് പടവുകളുടെ തല്പരകക്ഷികളെയാണ് ഏല്പിച്ചിരുന്നത്. എസ്റ്റിമേററ് റേററിനാണ് അവക്ക് പണി കൊടുത്തത്.

ഭവനനിർമ്മാണം.

൪൩൪. [൩൫] ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൌസിംഗ് സ്കീം അനുസരിച്ച് കോതകുളങ്ങര, മഞ്ഞപ്ര, മലയാററൂർ, വെള്ളാരപ്പിള്ളി ഈ പ്രദേശങ്ങളിൽ വീടുകൾ കെട്ടികൊടുത്തിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിൽ അനവധി ഭവനരഹിതർ ഉണ്ടെന്നുള്ളകാര്യം ഗവൺമെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോളനൈസേഷൻപദ്ധതിയനുസരിച്ച് ടി പ്രദേശങ്ങളിലെ കിടപ്പിടമില്ലാത്തവക്ക് പുറംപോക്കിൽനിന്നും പത്തുസെൻറ ഭൂമി വീതവും വീടുകെട്ടുന്നതിന് മുള, മുതലായ അത്യാവശ്യ ഉപകരണങ്ങളും കൊടുത്തു വീടുണ്ടാക്കികൊടുക്കമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പത്തു സെൻറ് ഭൂമിയും മുളമുതലായ ഉപകരണങ്ങളും നൽകുന്നതു് ഗവണ്മെൻറിൻെറ സെററിൽമെൻറ പദ്ധതിയനുസരിച്ചാണ്. ടി പ്രദേശങ്ങളിൽ സെററിൽമെൻറപദ്ധതി നടപ്പിൽവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂമിപതിവ്

൪൩൭. [൩൭] ശ്രീ. എ. സി. ചാക്കൊ: താഴെ പറയുന്ന ചോദ്യങ്ങൾക്കു റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൪-ലെ ഉരുൾപൊട്ടൽമൂലം ഭവനരഹിതരായവക്കു പുരവെച്ചു് താമസിക്കുവാൻ തൊടുപുഴ റിസർവ്വിൽ തൊമ്മൻകുത്തു ഭാഗത്തിൽനിന്നും ൨൦൦ ഏക്കർ സ്ഥലം പതിച്ചുകൊടുക്കുവാൻ ഉത്തരവുണ്ടായിട്ടില്ലേ;

(ബി) ഉത്തരവനുസരിച്ച് അവക്കു സ്ഥലം കൈവശംകൊടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) അടുത്തകാലത്തു് ടി സ്ഥലത്തു് ആക്കെങ്കിലും ഭൂമി കൊടുത്തിട്ടുണ്ടോ; അവക്ക് സ്ഥലം കൈവശംകൊടുത്തിട്ടില്ലേ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പ്രസ്തുത സ്ഥലത്തുള്ള വനവിഭവങ്ങൾ നീക്കംചെയ്യ തീരാത്തതിനാൽ ഇതുവരെ കൈവശം കൊടുക്കുന്നതിന് സാധിച്ചിട്ടില്ല.

(ഡി) ഉണ്ട്. ആക്കുംതന്നെ ഇതുവരെ കൈവശം കൊടുത്തിട്ടില്ല.

തൊടിയൂർ-ആറാട്ടുകടവുതോട്.

൪൩൮. [൧] ശ്രീ. എം. എൻ. ഗോവിന്ദൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകദേശം ൨൫൦൦൦ പറ തരിശുനിലം കൃഷിയോഗ്യമാക്കിത്തീക്കുന്നതിനു സഹായിക്കുന്നതും മാവേലിക്കര കരുനാഗപ്പള്ളി

താലൂക്കുകളിലുള്ള ഒരുലക്ഷത്തിൽപരം പറ നിലത്തിന് ഉപയോഗമാകുന്നതുമായ തൊടിയൂർ—ആറാട്ടുകടവു തോട് വെട്ടുന്നതിന് ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ തോട്ട വെട്ടിത്തീക്കുന്നതോടുകൂടി എത്രപറ നെല്ല് കൂടുതൽ ഉൽപാദിപ്പിക്കുവാൻ കഴിയുമെന്നു ഗവണ്മെൻറ കണക്കാക്കിയിട്ടുണ്ടോ;

(സി) ഈ തോട്ട പൂർത്തിയാക്കുന്നതിന് എന്തു തുക വേണ്ടിവരുമെന്നു ഗവണ്മെൻറ കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം.

(എ) നന്നാക്കണമെന്നു ഉദ്ദേശമുണ്ട്.

(ബി) ശരിയായി കണക്കാക്കിയിട്ടില്ല. ഏകദേശം ൪൯,൦൦൦ പറ നെല്ലോളം കൂടുതൽ ഉല്പാദിപ്പിക്കാമെന്നു ഉദ്ദേശിക്കുന്നു.

(സി) ഈ ജോലി പൂർത്തിയാക്കുന്നതിന് ൧൯൦൦൦൦ രൂപ ചെലവുവരും. വർഷംതോറം മെയിൻറനൻസിന് ൨൦൦൦ രൂപയും വേണ്ടിവരുന്നതാണ്.

ചേർത്തല പി. ഡബ്ളിയു. ഡി. വർക്സ്.

൪൩൧. [൧൧] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ചേർത്തല P. W. D. Work Establishment-ൽ നിന്നും രണ്ടുപേരെ പിരിച്ചുവിട്ടിട്ടുണ്ടോ; കാരണമെന്ത്?

ഉത്തരം

ഇല്ല. ഉദിക്കുന്നില്ല.

വൈദ്യുത ദീപങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി.

൪൩൨. [൩൯] ശ്രീ. കെ. കെ. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലേയ്ക്കുള്ള വൈദ്യുത ദീപങ്ങൾ (എലക്ട്രിക്ക് ലൈററ്) ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് അപേക്ഷകൾ കിട്ടിയിട്ടുള്ളത്?

ഉത്തരം.

(എ) എല്ലാം മുനിസിപ്പൽ ടൗണുകളും ഉൾപ്പെടെ ൫൩ കേന്ദ്രങ്ങളിൽ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാകുമെങ്കിൽ ൨൩ കേന്ദ്രങ്ങളിൽക്കൂടി ഈ സാമ്പ

ത്തിക വർഷത്തിൽ വൈദ്യുതീകരണം നടപ്പിലാക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇതു സംബന്ധിച്ചുള്ള പണികൾ ത്വരിതപക്ഷവും നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) അനവധി സ്ഥലങ്ങളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

ശുദ്ധജല വിതരണം.

൪൩൯. [൩൬] ശ്രീ. കെ. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിയ്യൂർ, ചേറൂർ, വിൽപട്ടം തുടങ്ങിയ സ്ഥലങ്ങളിൽ വേനൽകാലത്തു കുടിക്കാൻ വെള്ളമില്ലെന്നുള്ള പരാതി ഗവണ്മെൻറിലേക്കു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവിടങ്ങളിൽ പൈപ്പുവെള്ളം കിട്ടുവാനുള്ള ഏർപ്പാടു് ഉടൻ ചെയ്യുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) നിലവിലുള്ള രാമവർമ്മപുരം ഇൻസ്റ്റലേഷൻകൊണ്ട് കൂടുതൽ വെള്ളം ഫിൽറ്റർ ചെയ്യാൻ സാധിക്കാത്തതുകൊണ്ട് ഇപ്പോഴുള്ള ജലവിതരണത്തേക്കാൾ കൂടുതലായി ഒന്നും ചെയ്യുവാൻ തൽക്കാലം സാദ്ധ്യമല്ല.

എലക്ട്രിക്‌ലൈൻ നീട്ടൽ.

൪൪൦. [൩൯] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ നിന്നും ആയിരംതെങ്ങിലേക്ക് ഇലക്ട്രിക്ക് ലൈൻ നീട്ടുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക്;

(സി) ഇല്ലെങ്കിൽ അതിനുള്ള പ്രതിബന്ധങ്ങൾ എന്ത്?

ഉത്തരം.

(എ) ഓച്ചിറ ആയിരംതെങ്ങു റോഡിൽ ൧ ൧.മൈൽ ദൂരം ലൈൻ നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ആവശ്യമുള്ള സാധനങ്ങൾ കിട്ടിയാൽ ഉടൻതന്നെ.

(സി) ചോദ്യം ഉദിക്കുന്നില്ല.

റോഡ്.

൪൪൧. [൪൦] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ വള്ളിക്കാവിൽ നിന്നു് തഴവാ യ്ക്കുള്ള റോഡ് ഡിപ്പാർട്ടുമെൻറിൽ നിന്നു് കല്ലിടുന്നതിനു് ൧൧൨൬– ൨൮ എന്നീ വർഷങ്ങളിൽ എന്തെങ്കിലും തുക ബഡ്ജററിൽ കൊള്ളി ച്ചിരുന്നോ ;

(ബി) കൊള്ളിച്ചിരുന്നുവെങ്കിൽ, അതനുസരിച്ചുള്ള പണി എന്തെങ്കിലും നടക്കുകയുണ്ടായോ;

(സി) പ്രസ്തുത റോഡു് കല്ലിടുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്കു്?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സബ്ഡിവിഷൻ കമ്മിററിയുടെ ശുപാർശയും ബഡ്ജററിൽ അനുവദിക്കുന്ന തുകയും അനുസരിച്ചു വേണ്ട ജോലികൾ ചെയ്യുന്നതാണു്.

കോട്ടയം കല്ലുങ്കത്ര റോഡ്.

൪൪൨. [൪൨] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം കല്ലുങ്കത്ര റോഡുപണി മുഴുവൻ തീരാതെ ഇപ്പോൾ പുലിക്കുട്ടിശ്ശേരിവരെ മാത്രം എത്തി നിലച്ചിരിക്കയാണെന്നറി യാമോ;

(ബി) ഈ റോഡും അതിന്മദ്ധ്യേയുള്ള പാലവും നിർമ്മിക്കുന്ന തിനുള്ള പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിൽ അയ്മനം-പുലിക്കുട്ടിശ്ശേരി ഭാഗത്തു് കുണ്ടും കുഴിയുമായി മഴപെയ്താൽ വെള്ളം കെട്ടിനിന്നു് ചെളിനിറഞ്ഞു് ആകെ താറുമാറായി കിടക്കുകയാണെന്നു് ഗവൺമെൻറു് ശ്രദ്ധയിൽ പെട്ടി ട്ടുണ്ടോ?

ഉത്തരം.

(എ) അറിയാം.

(ബി) ഇല്ല.

(സി) ഉണ്ടു്.

Permit.

443 [48] Shri Ganapathi: Will the Minister for Labour answer the following questions:

(*a*) it is understood that a permit has been issued to a merchant of Perumbavoor to supply 25,000 bags of wheat at a low rate for the use of Devicolam Estate workers. Is it true?

(*b*) are the Government aware that the merchant has secured orders from the Kannandevan company for the supply at a rate which is double the rate given by the Government?

Answer.

(*a*) No permit has been issued to a merchant at Perumbavoor for the supply of 25,000 bags of wheat. But a quantity of 2,500 bags of wheat was ordered to be sold to a merchant at Perumbavoor.

(*b*) Government are aware that the merchant had secured an order from the Company for the supply of wheat at a high rate. But in view of the reduction made in the issue price of wheat sold from Government stocks, the merchant also reduced his original rate quoted to the Company consistent with the reduced issue price of wheat. The authorities of the Company were also informed of the reduced price of wheat.

Yield of paddy.

444 [49] **Shri Ganapathi:** Will the Minister for Food answer the following questions:

(*a*) what quantity of paddy is procured for Government from Vattavadai, Kanthalur, Maragur and other places;

(*b*) will the Government render help here also as it is being done in other places?

Answer.

(*a*) The quantity of paddy procured from Devicolam Taluk from the Kanni crop of this year till 18-10-1952 is 4478 paras.

(*b*) If the nature of the help required is specified Government will certainly consider the question.

Cochin Harbour.

445 [50] **Shri Ganapathi:** Will the Minister for Public Works be pleased to answer the following questions:

(*a*) what is the total amount of capital invested for the Cochin Harbour;

(*b*) of that, what is the amount reimbursed by the Central Government to our Government;

(*c*) what is the yearly income to our Government;

(*d*) what is the reason for the Government's non-participation in the management of the Harbour even though they have invested capital;

(*e*) if our Government have thus invested a large amount as capital, is there not a possibility of appointing a representative of our Government there?

Answer.

(*a*) The erstwhile Cochin Government had spent Rs. 15,92,644 towards the construction of the Cochin Harbour: Rs. 15,00,000 by way of reclamation charges and Rs. 92,644 for the First Stage Works. The erstwhile Travancore Government had spent Rs. 76,000 towards the First Stage Works. The Cochin and Travancore Governments had also advanced loans to the Cochin

Port Authorities amounting in all to Rs. 1,22,85,760 for the Second and Fourth Stage Works for the purchase of dredging plant and for the construction of warehouse.

(*b*) Of the loans advanced, Rs. 23,15,482 have been repaid by the Harbour authorities.

(*c*) This Government have ceased to have any share in the income from the Cochin Port since 1-4-1950 consequent on the Federal Financial Integration.

(*d*) Cochin Port is a major port and "Major ports" is a Union subject.

(*e*) This Government have now four representatives on the Cochin Harbour Advisory Committee.

Ration.

446 [51] **Shri Ganapathi:** Will the Minister for Labour answer the following questions:

(*a*) what is the reason for the difference found in the quality of rice supplied to the Estate workers and other people, in the ration system of our State;

(*b*) if there is difference, will the Government take steps to provide for a single system;

(*c*) does the system of allowing more ration for the labourer prevail in our State;

(*d*) if not, will the Government take action for allowing more ration hereafter;

(*e*) if it prevails, why is it not found in force among the Estate workers?

Answer.

(*a*) There is no difference in the quality of rice supplied to the Estate workers and other people.

(*b*) This question does not arise in view of answer to part (a).

(*c*) Heavy manual workers are allowed a supplementary ration of four ounces of wheat per adult per diem.

